# പാരിജാതം

പുസ്തകം 2. | 1124 ചിങ്ങം | ലക്കം 1



“സ്വാതന്ത്ര്യൈകമാനായ-നമസ്സാന്തായ തേജസേ”

# വിഷയവിവരം.

—[]—


1. പ്രസ്താവന ... ... 1
2. കഷ്ടം ദുർഭഗമേ? (പദ്യം) വള്ളത്തോൾ 3
3. കേരളവർമ്മമാഹാത്മ്യം (ഗദ്യം) 4
ശ്രീ. എം. രാജരാജവർമ്മത്തമ്പുരാൻ, എം. ഏ., ബി. എൽ.
4. മേഘം (പദ്യം) 6
ശ്രീ കുറ്റിപ്പുറത്തു കേശവൻ നായർ
5. വിധിവിലാസം (ഗദ്യം) ശ്രീ പി. ഗോവിന്ദമേനോൻ, ബി. എ. ”
6. ശ്രീ ഹരിഗീതശതാപൂപം (ഗദ്യം) 7
ശ്രീ. എം. ആർ. കൃഷ്ണവാരിയർ, ബി. എ., എൽ. ടി.
7. എന്റെ സാഹിത്യസ്മരണകൾ (ഗദ്യം) 9
ശ്രീ. പി. വി. കൃഷ്ണവാരിയർ
8. സമരശേഷം (പദ്യം) 12
കവിതിലകൻ, ശ്രീ. വടക്കുംകൂർ രാജരാജവർമ്മരാജാ.
9. വള്ളത്തോളിന്റെ ആധുനികകവിത (ഗദ്യം) 14
പണ്ഡിതർ, ശ്രീ ഇ. വി. രാമൻ നമ്പൂതിരി.
10. കുമാരസംഭവം (പദ്യം) 16
വിദ്വാൻ, ശ്രീ. സി. മാധവമേനോൻ.
11. ഒരു പ്രസംഗം (ഗദ്യം) അനുഭവരസികൻ. 17
12. സോദരീസോദരന്മാർ (പദ്യം) 19
ഡോക്ടർ, കൊയ്യാത്തു കൊച്ചുണ്ണിമേനോൻ.
13. പിതൃസമാഗമം (ചെറുകഥ) 20
ശ്രീമതി, പോട്ടയിൽ കമലാദേവി, ബി. എ.
14. ശൃംഗം (പദ്യം) 22
വരകവി, ശ്രീ കനകത്തു പത്മനാഭമേനോൻ.
15. ജ്യോതിഷത്തിന്റെ അത്യാവശ്യകത (ഗദ്യം) 23
ശ്രീ. കെ. അച്യുതജ്യോത്സ്യർ.
16. ഗുരുവായൂർ മാഹാത്മ്യം (പദ്യം) ജി. യൻ. 24
17. ആനന്ദം അകത്തുതന്നെ പുറത്തല്ല (ഗദ്യം) 25
സാഹിത്യകുശലൻ, പണ്ഡിതർ, ശ്രീ. പി. ഗോപാലൻനായർ.
18. പ്രസാധകക്കുറിപ്പുകൾ 26

# പാരിജാതം


പുസ്തകം 2. | 1124 ചിങ്ങം | ലക്കം 1


## മംഗളം.

(ശ്രീ. കൊയിപ്പള്ളി പരമേശ്വരക്കുറുപ്പ്)

തഞ്ചം തെററാതെ തങ്കക്കിളിമൊഴി, കളകാൽ
കൈരളിക്കൊന്നു ഭംഗ്യാ
കൊഞ്ചത്തക്കോരമട്ടാക്കിയ, മധു സരസാ-
ലാപസംഗീതവാസ്സാൽ
ചെഞ്ചമ്മേ പേരുകൾപ്പി,ച്ചഴകൊഴുകുമനർ
ഘാംഗിയായും രസിപ്പാൻ
തുഞ്ചൻപ്രസ്ഥാനമേ! നിസ്തുലമധുരിമയാൽ
നീ ജയിക്കട്ടെ! നിത്യം.


143027
521032:N48
H9


---

## പ്രസ്താവന.

“പാരിജാതം” രണ്ടാംപുസ്തകം പ്രഥമസമ്പുടം സഹൃദയസമക്ഷം സവിനയം സമർപ്പിക്കുന്ന ഈ അവസരത്തിൽ ഞങ്ങൾക്ക് ആദ്യമായി രേഖപ്പെടുത്തുവാനുള്ളതു, പ്രസ്തുത മാസികയെ രണ്ടാംവയസ്സിലെയ്ക്കു കാൽവെയ്ക്കുന്ന സദയം സഹായിച്ചിട്ടുള്ള മാന്യസാഹിത്യകാരന്മാരോടും, ഉദാരമതികളായ വരിക്കാരോടുമുള്ള അകൈതവമായ കൃതജ്ഞതയാകുന്നു. ആ മഹാമനസ്കന്മാരുടെ ഉള്ളഴിഞ്ഞ സഹായസഹകരണങ്ങൾ യഥാവസരം ലഭിക്കുകകൊണ്ടു മാത്രമാണു, മറു ചില കാരണങ്ങളാൽ അല്പാല്പം വാട്ടവും കോട്ടവും തട്ടുവാനിടവന്ന “പാരിജാതം”, “ഇങ്ങിനി വരാത്ത” നിലയിലാകാതേ, ഒരുവിധത്തിൽ ഭാഷാസാഹിത്യമണ്ഡലത്തിൽ വീണ്ടും പ്രകാശിക്കുമാറായതെന്നു തീർത്തുപറയാം. വിജ്ഞാനത്തിന്നും വിനോദത്തിന്നുമുതകത്തക്കവണ്ണം “പാരിജാത”ത്തെ പ്രചരിപ്പിക്കുവാൻ അച്ചടിക്കടലാസ്സിന്നുള്ള അതിശയകരമായ ക്ഷാമവും, ക്രമാതീതമായ വിലയും ഞങ്ങളുടെ ദൃഷ്ടിയിൽ വലിയ ഒരു പ്രതിബന്ധമായിരുന്നിട്ടുകൂടി, യഥാർത്ഥ ഭാഷാഭിമാനികളുടെ ആത്മാർത്ഥമായ അനുഭാവമൊന്നുമാത്രം ആശ്രയിച്ചുകൊണ്ടാണ്, അതിന്റെ

പരിപോഷണത്തെ സംബന്ധിച്ചേടത്തോളം, ഞങ്ങൾ ശുഭപ്രതീക്ഷാപരരായിരുന്നു എന്നു പറയുന്നതിലും അശേഷം അതിശയോക്തിയില്ല. അങ്ങിനെയുള്ള ഞങ്ങളുടെ ആശയ്ക്കു സർവ്വോപരി സാഫല്യം വരുമാറു കേരളത്തിലെ പ്രധാന സാഹിത്യകാരന്മാർ "പാരിജാത"ത്തിനു പരക്കെ മനോമോഹനമായ പരിമളധോരണി വരുത്തുവാൻ തക്ക സാമഗ്രികൾ സദയം സമ്മാനിച്ചുകൊണ്ടിരുന്നതു ഞങ്ങൾക്കു കൂടുതൽ പ്രോത്സാഹനമായിക്കലാശിക്കുകതന്നെ ചെയ്തു. എന്നിരിക്കിലും, ഒരു കൊല്ലക്കാലം സ്വാഭാവികമായ പല ശൈശവാരിഷ്ടത്തിലുംപെട്ടു നട്ടംതിരിഞ്ഞതാകിലും, അപ്രകാരമുള്ള ഗ്രഹപ്പിഴകളെ ഏറെക്കുറെ തരണം ചെയ്തു ഈ അവസരത്തിൽ രണ്ടാംപിറന്നാൾ കൊണ്ടാടുവാൻ "പാരിജാത"ത്തിനിടവന്ന വസ്തുതയെപ്പററി ഇതിൽക്കൂടുതലായി ഇവിടെ വിവരിക്കുന്നില്ല.

രണ്ടാംവയസ്സിൽ കാൽവെയ്ക്കുന്ന "പാരിജാത"ത്തെ സംബന്ധിച്ചേടത്തോളം ഇനി രണ്ടു വാക്കു ഞങ്ങൾക്കു പറയുവാനുള്ളതു്, അതിന്റെ പ്രസിദ്ധീകരണത്തിൽ ഇപ്പോൾ ഞങ്ങൾ കൈക്കൊണ്ട പുതിയ നയത്തെ—അഥവാ സ്വാതന്ത്ര്യത്തെ—കുറിച്ചാണ്. വാസ്തവത്തിൽ, 1122 എടവമാസത്തിൽ പുറത്തിറങ്ങിയ "പാരിജാതം" ഇക്കഴിഞ്ഞ എടവത്തിൽ രണ്ടാം വയസ്സിലെത്തേണ്ടതാണെന്നു പറയേണ്ടതില്ലല്ലോ. അതിനു ചില പ്രതിബന്ധങ്ങൾ വന്നുകൂടുകയാൽ കർക്കടകമാസത്തിലെ 12-ാം സമ്പുടം (മേടംലക്കം) തന്നെ പുറത്തിറങ്ങുകയുണ്ടായുള്ളു എന്ന സംഗതി മാന്യഭാഷാഭിമാനികൾ ധരിച്ചിരിക്കണം. ആ നിലയ്ക്കു്, 1123ലെ എടവം, മിഥുനം, കർക്കടകം എന്നീ ലക്കങ്ങൾ പുറപ്പെടുവിച്ചുശേഷമേ 1124ലെ ചിങ്ങം ലക്കം പുറപ്പെടുവിക്കുവാൻ ന്യായമുള്ളു എന്നൊക്കെ ഞങ്ങൾക്കറിവുണ്ടെന്നു മാത്രമല്ല, ആ വിഷയത്തിൽ ഞങ്ങൾ ആശിക്കാതിരുന്നിട്ടുമില്ല. പക്ഷേ, കുടിശ്ശികയിൽക്കിടക്കുന്ന മൂന്നു ലക്കങ്ങളും ഉടനടി പുറത്തിറക്കുകയെന്നതു പല നിലയിലും അസൌകര്യത്തിന്നും, ബുദ്ധിമുട്ടിന്നും ഇടവരുത്തുമെന്നുള്ള ഒരൊററ വിശ്വാസമാകുന്നു ഈ രണ്ടാംപുസ്തകം മുതൽ ഞങ്ങൾ "പാരിജാത"ത്തിന്റെ പ്രഥമസമ്പുടം (വർഷാരംഭം) ചിങ്ങമാസത്തിലാകട്ടെ എന്നു തീർച്ചപ്പെടുത്തിയതു്. ചിങ്ങം മലയാളികൾക്കൊട്ടാകെ പുതുവർഷാരംഭമാകകൊണ്ടും, മുടങ്ങിക്കിടക്കുന്ന മൂന്നു ലക്കങ്ങളും-ഞങ്ങൾ എത്രതന്നെ പണിപ്പെട്ടാലും-പുറത്തിറക്കുവാൻ ഇനിയും കാലതാമസം വരുമെന്നോർക്കുകകൊണ്ടും, മേലിൽ അതാതുമാസത്തിൽത്തന്നെ കൃത്യമായി "പാരിജാതം" പുറപ്പെടുവിക്കുവാൻ സാധിക്കുമെന്നുള്ള വിശ്വാസംകൊണ്ടും, ഈ ഏർപ്പാടു മാന്യവരിക്കാർക്കും നീരസത്തിനും നഷ്ടത്തിനും ഇടയാക്കുകയില്ലെന്നു അനുമാനിക്കുകകൊണ്ടും ഇപ്രകാരമൊരു സ്വാതന്ത്ര്യം ഞങ്ങൾ കൈക്കൊണ്ടതിൽ ഞങ്ങളോടു ഹാർദ്ദമായ അനുഭാവമുള്ള സഹൃദയന്മാരാരും നെററിചുളിക്കയില്ലെന്നു ഞങ്ങൾ വിശ്വസിച്ചുകൊള്ളുന്നു. വിശേഷിച്ചു്, പാരിജാതത്തിന്റെ രണ്ടാംപിറന്നാളിനെ ആസ്പദമാക്കി, അതിന്റെ ആകൃതിയ്ക്കും—വളർച്ചയ്ക്കനുകൂലമായ വിധത്തിൽ—അല്പം മാററം വരുത്തുവാൻ ഞങ്ങൾ സന്നദ്ധരായതും സ്വാഭാവികമായ ഒരു പരിഷ്കാരമായിക്കരുതി ഞങ്ങളുടെ ബന്ധുക്കളായ മാന്യഭാഷാഭിമാനികൾ സംതൃപ്തി പ്രദർശിപ്പിക്കുമെന്നു തന്നെയാണ് ഞങ്ങൾ അനുമാനിക്കുന്നതു്. മാന്യവരിക്കാരുടെ ദൃഷ്ടിയെ സവിശേഷം ആകർഷിക്കത്തക്ക നിലയിൽ ഒന്നുരണ്ടു വാക്കുകൂടി ഇവിടെ പറയേണ്ടതുണ്ടു്. "പാരിജാത"ത്തിനു തളർച്ചപ്പററാതെ ശരിയായ വളർച്ചയ്ക്കിടവരുവാൻ അവരുടെ സഹായസഹകരണങ്ങൾ ഒഴിച്ചുകൂടാത്തവയാണ്. അതിനാൽ അവരെല്ലാം തങ്ങൾ അടച്ചുതീർക്കേണ്ടതായ സംഖ്യ (കുടിശ്ശിക) ഉടനടി അടച്ചുതീർക്കയും, അതോടുകൂടി പുതിയ പുസ്തകത്തിന്റെ വരിപ്പണവും മുൻകൂറായി അടച്ചു ഞങ്ങളെ പ്രത്യേകം സഹായിക്കുകയും ചെയ്യുമെന്നു വിശ്വസിച്ചുകൊള്ളുന്നു. വരിപ്പണം അടയ്ക്കുന്ന വിഷയത്തിൽ പല മാന്യന്മാരും ഞങ്ങളോടു കാണിച്ചിട്ടുള്ള ഔദാര്യാതിരേകത്തിനു അവരോടെല്ലാം ഞങ്ങൾ എന്നെന്നും കടപ്പെട്ടിരിക്കുന്നുവെന്നു പറയുന്നതോടുകൂടി, അവരുടെ അനുകമ്പാപൂർവ്വമായ സഹായസഹകരണങ്ങൾ ഉണ്ടായ്ക്കൊണ്ടിരിക്കുമെന്നുതന്നെ പ്രത്യാശിക്കുകയും ചെയ്തുകൊള്ളട്ടെ.

"പാരിജാതം" രണ്ടാംപിറന്നാൾ കൊണ്ടാടുമാറു്, അതിനു "ഭാവിശ്രേയഃപിശുനകന"മെന്ന നിലയിൽ പലമാന്യസഹൃദയന്മാരും ഞങ്ങളെ പ്രത്യേകം പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും, ആ മഹാശയന്മാരുടെ വിലയേറിയ സൌജന്യവും സൌഹാർദ്ദവുമാണ്, കേരളാരാമത്തിൽ സർവ്വത്ര പ്രചരിച്ചു പരിമളം വീശുവാൻ അതിനു ഉത്സുകത വളർത്തുന്നതെന്നുമുള്ള പരമാർത്ഥവും ഈ ശുഭാവസരത്തിൽ ഞങ്ങൾ സവിനയം പ്രസ്പഷ്ടമാക്കിക്കൊണ്ടും, "ഉദ്യമംകൊണ്ടു സിദ്ധിക്കും-വിദ്യാമാനധനാദികൾ" എന്ന ആപ്തവാക്യത്തെ അക്ഷരംപ്രതി ഉരുവിട്ടുകൊണ്ടും തൽക്കാലം വിരമിച്ചു കൊള്ളുന്നു.

—:o:—

# *'കർക്കടം ദുർഘട'മോ?

(കാകളി)

—:വള്ളത്തോൾ:—

ആയിരമോടൊത്ത നൂററിയമ്പത്തിര-
ണ്ടാമതാമാണ്ടിൻെറ കർക്കടമാസമേ,
വെല്ലുക, വെല്ലുക: നിന്നുടെ പൈശാച്യ-
മശ്ലാ, വിട്ടുതായിലെത്തിച്ചു ഞങ്ങളെ!

'ദാരിദ്ര്യമാസ'മൊന്നായിരുന്നു, പെരു-
മാരിയാൽ മന്ദിപ്പുമെങ്ങാനും കർക്കടം;
എന്നാൽ, കഴിഞ്ഞ കൊല്ലത്തിലദ്ഭുതപ്പൂരു
നന്നായ്ത്തിരുത്തിയെഴുതി വെപ്പിച്ചു നീ,
ദാരിദ്ര്യമെങ്ങോ?- ഇബ്ഭുവിലെല്ലാടവു-
മേറെനാൾ വാഴിച്ച മുക്തിവിഭൂതിയെ
കോരിച്ചൊരിഞ്ഞ നീയെങ്ങുവാൻ? മേലിലി-
പ്പാരിന്നു നിശ്ശേഷമാസസമ്രാട്ടു നീ!
ഇരുനീലക്കുടയായ് നിൻ തലയ്ക്കുമേ-
ലെന്നും ധരിക്കട്ടെ, കാറണിവാനിടം;
ആലവട്ടം പിടിക്കട്ടെ നിനക്കിങ്ങു
ശൈലങ്ങൾ പച്ചപിടിച്ച വനങ്ങളാൽ.

---

* പകർപ്പവകാശം വള്ളത്തോൾ സ്വന്തമായതിന്നു.


## ജാതകാദേശമാർഗ്ഗം

സുഭദ്രാദീപികാ എന്ന വിസ്തൃതവ്യാഖ്യാനം.

വില: 5ക. മാത്രം.

വിദ്വാൻ ശ്രീ. മണ്ണാലൂർ കളരിക്കൽ K. അച്യുതപ്പണിക്കരവർകളുടെ ഒരൊന്നാന്തരം വ്യാഖ്യാനമാണിത്. ജോതിഷപണ്ഡിതർ പുലിയൂർ P. S. പുരുഷോത്തമൻ നമ്പൂതിരി അവർകളുടെ സാരഭൂയിഷ്ഠമായ അവതാരികാ പ്രേക്ഷകന്മാരുടെ ചിത്തവൃത്തികളെ ഹഠാദാകർഷിക്കുന്ന വ്യാഖ്യാനപദ്ധതിയിലൂടെ വിഷയജ്ഞാനശക്തിയാൽ വിലയംപ്രാപിപ്പിക്കുന്ന നില നിങ്ങളെ കോൾമയിർകൊള്ളിക്കാതിരിക്കയില്ല. ഇതാ ചിറ്റൂർ (കൊച്ചിൻ) വേണുഗോപാലമുദ്രണാലയത്തിൽ അച്ചടിപ്പിച്ചു വരുന്നു. ഇന്നുതന്നെ നിങ്ങളുടെ ഓർഡറിനെ താഴെ കാണുന്ന വിലാസത്തിൽ എഴുതിച്ചോദിച്ചു രജിസ്റ്റർ ചെയ്യുവിൻ.

**K. A. Damodara Panikkar,**
P. O. Mannalur,
(Via) Koduvayur, (Malabar.)

# കേരളവർമ്മമാഹാത്മ്യം.

( ശ്രീ. എം. രാജരാജവർമ്മത്തമ്പുരാൻ, എം. എ, ബി. എൽ )

ഇതൊരു പുരാണമോ കിളിപ്പാട്ടോ അല്ല. ഇന്നുവരെവിളങ്ങിനിന്ന ഭാസുരതാരം മാവേലിക്കരയിൽ പൊടുന്നനെഅസ്തമനം ചെയ്തപ്പോളുണ്ടായ മറവിളിയുടെ മാററൊലി മാത്രം. മരിച്ചാൽ കരയുന്നതിനുപകരം കുരവ ഇടുന്ന പതിവ് അപൂർവ്വമായിട്ടുണ്ട്. ആളുകൾ അതിനെ വെറുത്തേക്കാം. എന്നാൽ അസ്തമയത്തിൽ ശംഖനാദം മുഴക്കാത്തദേവാലയങ്ങളുണ്ടോ? കവിപിതാമഹനായിരുന്ന കേരളവർമ്മദേവൻ സിംഹനാദം മുഴക്കിയപ്പോൾ ആർക്കാണു ഹർഷം ഉണ്ടാകാതിരുന്നതു്? അതിനു എതിരുതാൻ പാഞ്ചജന്യമോ ദേവദത്തമോ അന്നുമുണ്ടായില്ല, ഇന്നുവരേയുമില്ല.

രാമവർമ്മൻ എന്നു നാമകരണംചെയ്ത പുരുഷനു കേരളവർമ്മൻ എന്നു പ്രസിദ്ധി സിദ്ധിച്ചതു നോക്കുമ്പോൾ, രാമോപജ്ഞമായ മലയാളനാടിനു "കേരളം" എന്ന പേർ പരന്നതിലെന്താണാശ്ചര്യം! ഭാഷാപണ്ഡിതന്മാർ എന്തെല്ലാം നിരുക്തി പറഞ്ഞുകൊള്ളട്ടെ, ഇന്നത്തെ മലയാളം കേരളോപജ്ഞമാണെന്നു തർക്കമില്ല.

പെരുമാററത്തിനും പെരുമയ്ക്കുംവേണ്ടി പേരുമാറുന്നതു ഒട്ടും അസാധാരണമല്ല. ആ മാററം വന്നാലോ? ബാല്യത്തിൽത്തന്നെ വിദ്യാഭ്യാസക്കളരിയിൽ നല്ലപോലെ പയററി വിരുതുനേടിയ "വ്യൂഢോരസ്കൻ"നായ യുവാവായി, ആശ്ലേഷതരപതിലാളിതനായി, ലക്ഷ്മീരാജ്ഞീവല്ലഭനായി, വിളങ്ങിയ കേരളവർമ്മൻ ഒന്നു വേറെ; വിപ്രവാസവിമോചിതനായി വിശാഖഭജനഫലസംവർദ്ധിതനായി, സുശാന്തപണ്ഡിതവര്യനായ കേരളവർമ്മൻ ഒന്നു വേറെ. ഒന്നു വസന്തതപനൻ; മറേറതു പ്രാവൃട്കാലസൂര്യൻ; ഒന്നു കതിരുചൂടുന്ന പന്നയക്കതിര; മറേറതു, യുദ്ധച്ചട്ടങ്ങൾ പഠിച്ച് അടങ്ങി ഇണങ്ങിയ ധീരഹയം; ഒന്നു മദംപൊട്ടിയ ആന; മറേറതു നല്ല താപ്പാന. ആനപ്പേരിയുടെ കയ്യിലല്ലേ ആനയുടെ മിടുക്കു്?

വിദ്വാന്മാരും യോഗ്യന്മാരും ഏതുനാട്ടിലും എല്ലാകാലത്തുമുണ്ട്. കാനനകുസുമങ്ങൾക്കൊപ്പം സമീപദേശത്തെ സുഗന്ധികളാക്കി അവർ വാടി വീണുപോകുന്നു. ആരെങ്കിലും അവരെ കണക്കാക്കാറുണ്ടോ? വനലക്ഷ്മീദാസന്മാരായ വല്ല കവികളും പുകഴ്ത്തുമായിരിക്കാം. "പഴഞ്ചൻ അമ്മായിശ്ലോകങ്ങൾ" ഇന്നാർക്കു വേണം? പുരാവൃത്തത്തിനോടു പരക്കെ പുച്ഛമാണ് ഇന്നുള്ളതു്. ആധുനികജീവനസാഹിത്യത്തിലുള്ള പ്രതിപത്തി കൊടുമ്പിരികൊണ്ടിരിക്കുന്ന കാലത്തു്, പഴയരീതി കൈവിടാതിരുന്ന കേരളകവിയോടു വൈമുഖ്യമല്ലേ ഉണ്ടാവുക?

കാലം പുരുഷനെ സൃഷ്ടിക്കുന്നോ, പുരുഷൻ കാലത്തെ സൃഷ്ടിക്കുന്നോ? അണ്ടിയോ മൂത്തതു്, മാവോ മൂത്തതു? ഒരു കാര്യം തിട്ടംതന്നെ. കാലസൃഷ്ടനായ പുരുഷനെക്കാൾ പുരുഷസൃഷ്ടമായ കാലത്തിനു നിലനില്പുണ്ട്. തുഞ്ചത്താശാനും, കുഞ്ചൻനമ്പിയാരും, നിരണത്തു പണിക്കന്മാരും, പുനം നമ്പൂരിയും പോയിട്ടു കാലമെത്ര കഴിഞ്ഞു. എങ്കിലും അവർ ഉദിപ്പിച്ച കാലഘട്ടങ്ങളിലെ വാസന ഇന്നും വിട്ടുപോയിട്ടില്ല. അതുപോലെ ഒരു നൂതനകാലഘട്ടത്തെ കൈരളിക്കു നല്കിയ മഹാനാണു കേരളവർമ്മ വലിയകോയിത്തമ്പുരാൻ.

സത്യത്തിൽ ഊന്നിയ മഹാമനസ്കതയ്ക്കുമാത്രമേ കേന്ദ്രീകൃതമായി നിസ്പൃഷ്ടമായ ജീവചരിത്രത്തിന്റെ ചൂടു താങ്ങാൻ ശേഷിയാവൂ. അപ്രകാരമുള്ള പുരുഷോത്തമന്മാർ ദുർല്ലഭം. അവരുടെ ചാപലങ്ങളും വൈലക്ഷണ്യങ്ങളും "കടലിൽ കായംപോലെ" കലങ്ങിപ്പോവും. മടന്തൻ പല്ലൊരു കുറവല്ല ഗാന്ധിക്ക്; മുഖത്തുണ്ടായിരുന്ന മറു കേരളവർമ്മദേവനു് ഒരു ഭൂഷണമായിരുന്നു.

കൈരളിയെക്കാൾ ഗൈർവ്വാണിയെ സ്നേഹിച്ച കവിക്കു "കേരളകാളിദാസൻ" എന്ന ബിരുദനാമം യുക്തമാണോ? ശാകുന്തളം നാടകം ഇദംപ്രഥമമായി മണിപ്രവാളത്തിൽ വിവർത്തനം ചെയ്തതുകൊണ്ടുമാത്രം ഒരാൾ കാളിദാസനാവുമോ? എന്നാൽ സൂക്ഷ്മത്തിൽ അതല്ലാതെ അതിനു നിദാനം കാണുന്നില്ല. ശ്രീവിശാഖവിജയത്തിനും, രഘുവംശത്തിനും വളരെ അന്തരമുണ്ട്; മയൂരസന്ദേശത്തിനു മേഘസന്ദേശത്തിന്റെ ആകൃതിഅല്ലാതെ പ്രകൃതിഇല്ല. സംസ്കൃതത്തിലായാലും മലയാളത്തിലായാലും കേരളവർമ്മസാഹിത്യത്തിനു

കാളിദാസന്റെ ശൈലിയില്ല. പ്രകൃതിലക്ഷ്മിയെ അല്ല, ശബ്ദലക്ഷ്മിയെയാണ് അതു വരിച്ചിരിക്കുന്നതു്. വൈയാകരണസിദ്ധാന്തങ്ങളിൽ നിഷ്ണാതനായിരുന്ന കേരളവർമ്മദേവന്റെ സംസ്കൃതകൃതികളിൽ മുരാരിയുടേയും ശ്രീഹർഷന്റെയും ഗംഭീരശബ്ദപ്രവാഹവും അസാധാരണപ്രയോഗങ്ങളും ധാരാളം കാണാം. മലയാളകാവ്യങ്ങളിൽ ദ്വിതീയാക്ഷരപ്രാസനിഷ്ഠനിമിത്തം ഭാഷാപദങ്ങളെക്കാൾ സംസ്കൃതപദങ്ങളെ ബാഹുല്യമായി ഉപയോഗിച്ചു മണിപ്രവാളമാക്കേണ്ടിവന്നു. കനത്തവാക്കല്ലാതെ അവിടത്തെ നാവിൽ വഴങ്ങുകയില്ല. ഹഠാൽകാരം എവിടേയും പ്രസ്പഷ്ടമാകുന്നു. തന്നിമിത്തം പദ്യത്തിലായാലും ഗദ്യത്തിലായാലും സംസ്കൃതത്തിലായാലും ഭാഷയിലായാലും കേരളവർമ്മാകൃതികൾക്കു പ്രൗഢി ഒന്നു വേറെതന്നെ. പദസമ്മേളനങ്ങൾ ലാളിത്യത്തെക്കാൾ പ്രൗഢതയേയും പ്രാസഭംഗിയേയും ദ്യോതിപ്പിക്കുന്നു.

അടിമത്തത്തെ വിടർത്തിയ വീരന്മാരെ നാം പുകഴ്ത്താറുണ്ടല്ലോ. കൈരളിയെ ദാസ്യത്തിൽനിന്നു മോചിപ്പിച്ച കേരളവർമ്മദേവൻ ആരാധ്യപുരുഷനാകുന്നു. തമിഴിന്റെയോ സംസ്കൃതത്തിന്റെയോ വാൽ പിടിച്ചു നടക്കാതെ, തനിക്കുതാൻ പോന്നവളാക്കി മലയാളഭാഷയ്ക്കൊരു ഭാഷ അവിടുന്നു വരുത്തിവെച്ചതിന്റെ ഗുണം നാമിന്നു അനുഭവിക്കുന്നു. ദാസ്യത്തിൽനിന്നു സ്വാതന്ത്ര്യത്തിലേയ്ക്കു അവരോധിച്ചതിനുള്ള ചടങ്ങുകളില്ലാതെയല്ലായിരുന്നു. പലക്രിയകളും ചെയ്യേണ്ടിവന്നു; പരികർമ്മികളും ധാരാളം ഉണ്ടായിരുന്നു; പണച്ചെലവും അധ്വാനവും കുറഞ്ഞൊന്നല്ലായിരുന്നു. ബുക്കുകമ്മിററിയും, പരിഭാഷകളും, പത്രപ്രവേശനങ്ങളും, കവിസമാജങ്ങളും, കവിതാപരീക്ഷകളും, ശ്ലോകമത്സരങ്ങളും സർവ്വോപരി നൂതനവാസനാകവിപ്രോത്സാഹനങ്ങളും മററുമായിനടത്തിയ കർമ്മങ്ങളിലെല്ലാം പരമാചാര്യത്വം കേരളവർമ്മദേവൻ വഹിച്ചു. ധനമായുള്ളതിലധികം പരിശോധനയായും ശ്ലാഘാപത്രമായും അനുമോദനമായും ദക്ഷിണ കണക്കില്ലാതെ കൊടുത്തു. ചുരുക്കത്തിൽ, കൈരളീക്ഷേത്രത്തിൽ അന്ന് ഒരു വമ്പിച്ച ഉത്സവം കൊടിയേറി. ആളുകൾ ഇളകിയാൽ പിന്നത്തെ കോലാഹലം പറയാനുണ്ടോ? കമ്പക്കെട്ടും പൂരപ്പാട്ടും പടേണിയും ഉണ്ടാകാതിരുന്നില്ല.

നവീനാശയങ്ങളെ മലയാളത്തിൽ പറയാൻ മേലാ എന്നൊരു തെററിദ്ധാരണ പരക്കെ ഉണ്ടായിരുന്നതിനെ അകററാൻ കേരളവർമ്മദേവൻ ഉററുശ്രമിച്ചു. മലയാളവാചകങ്ങളുടെ രീതിമാററി. ബാലപാഠങ്ങൾ മുതൽ ഉപരിവിഷയങ്ങൾവരെ ഗ്രന്ഥങ്ങൾ രചിച്ചു മാതൃകകളെ സൃഷ്ടിച്ചു. മേലോട്ടേറുന്തോറും സംസ്കൃതപക്ഷപാതം ഒന്നു കടുത്തുപോയെങ്കിലും, വാചകങ്ങളുടെ സൗഷ്ഠവത്തിനോ, വിഷയങ്ങളുടെ പ്രതിപാദനത്തിനോ യാതൊരു കോട്ടവും തട്ടിയിരുന്നില്ല. പച്ചമലയാളപ്രസ്ഥാനം തുടങ്ങിയവർക്കുപോലും കണ്ണുതുറപ്പിച്ചതു കേരളപ്രസ്ഥാനമല്ലേ?

ഇന്നു മലയാളത്തിനു ശക്തിയേറിട്ടുണ്ട്. എന്തും എങ്ങനെയും പറയാമെന്നൊരു ആത്മബോധം ഉദിച്ചിട്ടുണ്ട്. അതിനു വഴികാട്ടിയതാരെന്നു മറക്കരുതു്.

ഒന്നു ചോദിക്കട്ടെ; സംസ്കൃതത്തിനോടു് ഇത്ര വെറുപ്പെന്താ? തമിഴിനോടു പ്രതിപത്തിക്കുറവ് നല്ലതാണോ? തായ് തമിഴല്ലേ? അതല്ലേ മലയാളത്തെ വളർത്തിയതു്? അതിന്റെ തളർന്ന അക്ഷരങ്ങളെ കൊടുത്തു ഗൈർവ്വാണിയോടു ഖരാക്ഷരങ്ങൾ വെച്ചുമാററംചെയ്തപ്പോൾ ഒന്നു തെളിഞ്ഞതെന്താ? സംസ്കൃതത്തിന്റെ സഹായമില്ലാതിരുന്നെങ്കിൽ ഇന്നു മലയാളത്തിനു ഓജസ്സും തേജസ്സും വർദ്ധിക്കുമായിരുന്നോ? "മിഷണറിഭാഷ" കൊണ്ടും "കൊമ്പഞ്ഞിഭാഷ" കൊണ്ടും രാജ്യകാര്യങ്ങൾപോലും ഒരു കാലത്തു നടത്തേണ്ടിവന്നവരല്ലോ. അതുപോയിട്ടു മലയാളഭാഷയിൽത്തന്നെ സർവ്വവിഷയങ്ങളും പഠിപ്പിക്കുന്ന ഒരു സർവ്വകലാശാല വേണമെന്നു മോഹിക്കാനുള്ള അവസ്ഥ വന്നിട്ടുള്ളതിനു നിദാനമെന്തെന്നു ആരായുന്നവർക്കു കേരളവർമ്മമാഹാത്മ്യം പ്രസ്പഷ്ടമാവും.

നാലാം തലമുറക്കാർ ചെയ്യുന്ന സൽക്കർമ്മം കൊണ്ടു ജീവന്മുക്തിവരുമെന്നു ഒരു പഴയവിശ്വാസമുണ്ട്. ഒരു തലമുറ എന്നുള്ളതു് ഇരുപത്തിഅഞ്ചുകൊല്ലം ശരാശരി ക്രമം. കേരളവർമ്മദേവനു ഇപ്പോൾ നാലാം തലമുറക്കാരാണു ജീവിക്കുന്നതു്. നാംചെയ്യുന്ന ഉപചാരം അവിടത്തെ അനശ്വരസ്ഥിതിക്കു കാരണമാകട്ടെ! സഭകൂടുന്നതോ, പ്രസംഗങ്ങൾചെയ്യുന്നതോ, സമ്മാനദാനംചെയ്യുന്നതോ, നാടകമാടുന്നതോ, സ്മാരകഗ്രന്ഥമെഴുതുന്നതോ എല്ലാം ഓരോമാതിരി ഉപചാരങ്ങൾ തന്നെ. എങ്കിലും, കേരളവർമ്മദേവന്റെ കൃതികളെ സമഗ്രമായി വേണ്ടുംവണ്ണം അച്ചടിച്ചു ഒരു ഗ്രന്ഥസഞ്ചയം പ്രസിദ്ധപ്പെടുത്തുന്നതിനൊപ്പം എന്നേക്കും നിലനില്ക്കത്തക്ക ഒരു സ്മാരകം മറെറാന്നില്ല. അഭിജ്ഞരായ കേരളാഭിമാനികൾ ഉദ്യമിച്ചു അതു സാധിക്കുന്നതു നന്നായിരിക്കും.

# * മേഘം.

(അന്യോക്തി)

(ശ്രീ. കുററിപ്പുറത്തു് കേശവൻനായർ.)

—:o:—

1

മേഘമേ, കാട്ടുതീയ്യേററു ദാഹിച്ചെഴും
വേഴാമ്പലിന്നു നീ വെള്ളം കൊടുക്കുക!
ഇല്ലെങ്കിലോ പിന്നെ വായുവിളകിയാ-
ലെങ്ങുനീ, യെങ്ങുനീ, യെങ്ങുവേഴാമ്പലും.

2

വെയിലേററു ചുട്ടുപഴുത്തുള്ള മേടിനും
തീ വീണ കാടിന്നുമാശ്വാസമേകി നീ
തോടും പുഴയും നിറച്ചഹോ! ശൂന്യനാ-
യീടിലും മേഘമേ, ധന്യധന്യൻ ഭവാൻ.

3

ഇത്തരു മെല്ലെത്തളിർത്തും പൂത്തു-
മത്രയും മേഘമേ, നിന്റെ കരുണയാൽ
ചിത്രമതൊന്നു ഫലിപ്പാൻ തുടങ്ങുമ്പോൾ
മാത്രമെന്തിത്രയും നിർദ്ദയനായി നീ.

4

കത്തുന്ന കാടിലോ മേടിലോ നീർത്തുള്ളി
വീഴ്ത്തണ്ട മേഘമേ, മേന്മയുള്ളതൊക്കെയും
ശുക്തിയിൽ വീഴട്ടെ, മുത്തായി നിൻ കീർത്തി
നൃത്തമാടട്ടെ നൃപസ്ത്രീകുചങ്ങളിൽ.

—o—

* സുഭാഷിതരത്നഭാണ്ഡാഗാരത്തെ അവലംബിച്ച്.

# വിധിവിശ്വാസം.

(ശ്രീ. പി. ഗോവിന്ദമേനോൻ, ബി. ഏ.)

ഭാരതീയരുടെ—പ്രത്യേകിച്ച് ഹിന്ദുക്കളുടെ-അധഃപതനത്തിന് ഒരു പ്രധാനകാരണമായി പലരും പറയാറുള്ളത് അവരുടെ വിധിവിശ്വാസമാണെന്നാണ്. "വിധിപോലെ വരും; നമുക്കൊന്നും ചെയ്യേണ്ടതില്ല" എന്നു "ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കാട്ടുന്ന" രീതിയാണ് ചിലരൊക്കെ തഞ്ചം തെററിയാൽ കൈക്കൊള്ളാറുള്ളത്. ഇതു വിധിതത്വത്തെ തെററിദ്ധരിച്ചുകൊണ്ടുള്ള കഥനമാണ്. യഥാർത്ഥവിധിവിശ്വാസം മനുഷ്യനെ പൗരുഷഹീനനാക്കിത്തീർക്കുകയല്ല ചെയ്യുക.

പ്രതിനവഭിന്നവിചിത്രമാർഗ്ഗമായി പ്രവഹിക്കുന്ന ജീവിതഗതിയെപ്പററി ചിന്തിക്കുമ്പോൾ ആരും അമ്പരന്നുപോകും. ഈ കർമ്മക്ഷേത്രവിതാനാധാനത്തിൽ മനുഷ്യൻ വേഗം തളർന്നുപോകുന്നു. ഒരു വലിയ കൊടുങ്കാററൽപ്പെട്ടു അലതല്ലുന്ന ആഴിയുടെ നടുവിൽ ചുക്കാനോ പങ്കായമോ ഇല്ലാത്ത ഒരു ചെറുതോണിയിൽ അലഞ്ഞുഴലുന്ന ഒരു യാത്രക്കാരന്റെ നിലയാണ് അവനുള്ളത്. ഇതിൽനിന്ന് ഒരു രക്ഷയുമില്ലെ എന്നു അവന്റെ അന്തരാത്മാവു് ഉണർന്നു ചോദ്യം തുടങ്ങുന്നു. അപ്പോഴാണ് വിധിവിളയാട്ടങ്ങളുടെ വിശേഷരഹസ്യം അവനു വെളിപ്പെട്ടുവരുന്നത്.

വിധി കർമ്മത്തെ അടിസ്ഥാനപ്പെടുത്തിയാണു വർത്തിക്കുന്നത്. നന്മ വിതച്ചവൻ നന്മയും തിന്മ വിതച്ചവൻ തിന്മയും അവകാശിയായിത്തീരുമെന്നാണു കർമ്മസിദ്ധാന്തം. ഇതിന് ഒരു കാലത്തും ഇളക്കമുണ്ടാവുന്നതല്ല. എന്നാൽ ഒരു കർമ്മത്തിന്റെ ഫലപരിപാകം സാധാരണന്മാർക്കു തിട്ടപ്പെടുത്തുവാൻ സാദ്ധ്യമാകാത്തതുകൊണ്ടാണു ലോകത്തിൽ കാണുന്ന നാനാവിധ അസമത്വങ്ങളുടെ ശരിയായ വിവേചനത്തിനു നാം അസമർത്ഥന്മാരായിരിക്കുന്നത്. എങ്കിലും കാര്യം കാരണത്തെ പിന്തുടരുമെന്നതു് അനിഷേധ്യമായ ഒരു നിയമമായതിനാൽ സൽകർമ്മത്തിനും ദുഷ്കർമ്മത്തിനും തീർച്ചയായും തജ്ജന്യമായ ഫലമുണ്ടാവാതിരിക്കുന്നതല്ല. അതുകൊണ്ടു കർമ്മഗതിയെ ആസ്പദിച്ചുള്ള ഒന്നാണു വിധിവിശ്വാസം എന്നു വന്നുകൂടുന്നു.

ഇത്തരത്തിലൊരു വിശ്വാസം നമ്മുടെ പുരോഗതിയെ തടഞ്ഞു നമ്മെ വിഷാദാത്മകന്മാരാക്കുമെന്നു കരുതുന്നതു് അബദ്ധമാണ്. ശത്രുക്കളാൽ പിന്തുടരപ്പെട്ട ഒട്ടകപ്പക്ഷി വിട്ടുമാറുവാൻ വഴി കാണാതെ വരുമ്പോൾ മണലിൽ തലപൂത്തി ശത്രുബാധയില്ലെന്നു വ്യഥാസങ്കല്പം ചെയ്തു വിപത്തിൽ ചാടുന്നപോലെ ജീവിതയാഥാർത്ഥ്യങ്ങളെ നേരിടുവാൻ കെല്പില്ലാതെ വെറും മനോഭിലാഷം മാത്രം ആസ്പദിച്ചു ശുഭപ്രതീക്ഷ കൈക്കൊള്ളുന്നതു് അസ്ഥാനസ്ഥമായിത്തീരുവാനാണിട. ശുഭാശുഭവാസനകളാൽ വലയിതനായ മനുഷ്യനു നന്മയും തിന്മയും അനുഭവിക്കേണ്ടതായുണ്ട്. എന്നാൽ അവന്റെ പ്രാപ്യസ്ഥാനം ദ്വന്ദ്വബാധയററ പരമാനന്ദമാണ്. ആ അവസ്ഥയിലെത്തിക്കുന്നതു കൂടുതൽ നന്മ വഴിക്കാണെന്നതിനാൽ ആ മാർഗ്ഗത്തെ ആശ്രയിക്കുന്നതാണ് ആർക്കും ഗുണകരം. ഈ ബോധത്തോടുകൂടിയായിരിക്കണം നമ്മുടെ ഇടവിടാതുള്ള

ശ്രീ

# "ഹരിഗീതേശസ്തവം" അഥവാ "ഗുഹാനന്ദലഹരി"

(ശ്രീ. എം. ആർ. കൃഷ്ണവാര്യർ, ബി. എ., എൽ. ടി.)

1

"ഹരിപ്പാട്ടെ"ന്നായി ശ്രുതിമധുരമാം നാമമരുളീ-
കരിച്ചീടും ദേവാലയതിലകമീ വഞ്ചിമഹിയിൽ,
ഹരിബ്രഹ്മേന്ദ്രാദ്യൽഗൃഹസുഷമയെക്കൂടിയുമഹോ
കരിക്കുന്നു വല്ലീരമണന്നുടെ വാസാഭിരുചിയാൽ.

2

ചരിത്രാതീതശ്രീസുകൃതഫലസമ്പത്തു വിശദീ-
കരിക്കും നൽക്കേരക്രമുകതരുവാടിക്കുനടുവിൽ,
ശരിക്കെന്നും സന്ദർശകഹൃദയസാരംഗിയെവശീ-
കരിക്കുന്നു വേലായുധനുടയ വേശ്മക്കലവികം.

3

അതിപ്രാചീനത്വം വിലസിയഭിരാമാശ്മകൃതമാം
മതിൽക്കെട്ടിന്നുള്ളിൽ സകലസുമനോവന്ദനകളാൽ,
പ്രതിഷ്ഠാമാഹാത്മ്യം തടവിടുമൊരിക്കോവിലമരാ-
വതിക്കൊപ്പം നിത്യം സുകൃതിജനലക്ഷ്യാർഹമുലകിൽ.

4

കലാദർശത്തെയും കവിയുമൊരു കല്യാണമയമാം
ശിലാബിംബം ശീതദ്യുതിധരകുമാരന്റെ വടിവിൽ,
വിലാസശ്രീപൂർവ്വം വിരചിത, മിതന്യാദൃശമനോ-
ബലാഭ്യാസച്ഛായാവിപുലഫലമാണെന്നു പറയാം.

5

സമസ്താന്തസ്സ്വാമിത്രിദശപതിസേനാധിപതിയാം
സമഗ്രജ്യോതിസ്സിച്ചെറിയൊരുവെറുംഖണ്ഡശിലയി
സമക്ഷംസങ്കോചിച്ചമരുവതൊരാശ്ചര്യം! അഥവാൽ,
സുമന്ത്രപ്രാബല്യപ്രതിഫലനമീക്ഷിപ്പതിഹ നാം.

---

ത്വം. വിധിവിശ്വാസം നമ്മോട് ആജ്ഞാപിക്കുന്നത് നമ്മുടെ അനുഭവത്തിന് ഉത്തരവാദി നാം തന്നെയാണെന്നാകുന്നു. ഒരിക്കൽ ആരംഭിക്കപ്പെട്ട കർമ്മശക്തി അതിന്റെ പരിപൂർണ്ണ വികസനത്തിനു ശേഷമല്ലാതെ നശിക്കുന്നതല്ല. അതുകൊണ്ട് ആരംഭത്തിലാണു ശ്രദ്ധമുഴുവൻ പതിയേണ്ടത്. അവസാനത്തിൽ മാത്രം പഴി പറഞ്ഞിട്ടു കാര്യമില്ല. ഓരോരുത്തന്റെ നന്മതിന്മകൾക്കും അവനവൻതന്നെയാണ് ഉത്തരവാദി.

കർമ്മതത്വത്തെയും വിധിവിശ്വാസത്തെയും വേണ്ടപോലെ ധരിക്കാത്തതുകൊണ്ടാണു നമ്മുടെ അപജയങ്ങൾക്കും അസ്വാസ്ഥതകൾക്കും അവയുടെ തണലിൽ അഭയം കൊള്ളുവാൻ നാം ശ്രമിക്കുന്നത്. നമുക്ക് അനുഭവിക്കേണ്ടതെന്തോ അതിനെ സമചിത്തത്വത്തോടുകൂടി കൈക്കൊള്ളുകയും, ഉത്തമപദവിയിലെത്തിച്ചേരുവാനുള്ള നിരന്തരപരിശ്രമം ഒരിക്കലും കൈവിടാതിരിക്കുകയുമാണു നമുക്കു ചെയ്യുവാനുള്ളത്. കർമ്മത്തിൽ കാണിക്കുന്ന ശ്രദ്ധയനുസരിച്ചു ഫലപരിപാകത്തിലും ഏററിറക്കങ്ങൾ ഉണ്ടാവാതിരിക്കയില്ല.

നമ്മുടെ കഷ്ടാനുഭവങ്ങൾക്കൊക്കെ ഉത്തരവാദിത്വം മററുള്ളവരിൽ കയററിവെയ്ക്കുവാനുള്ള ഔത്സുക്യം നാം സാധാരണ പ്രദർശിപ്പിക്കാറുണ്ട്. ഇതു നമ്മുടെ ഭാരം വർദ്ധിപ്പിക്കുവാനല്ലാതെ ലഘൂകരിപ്പാനിടവരുത്തുന്നതല്ല. അപജയങ്ങളുടെ കാരണങ്ങളെപ്പററി നാം മനസ്സിരുത്തി ചിന്തിച്ചാൽ ലക്ഷ്യപ്രാപ്തിക്കുതകുന്ന ഉപായങ്ങളിൽ നമ്മുടെ ശ്രദ്ധ ഉചിതമാംവണ്ണം പതിയാഞ്ഞതുകൊണ്ടാണെന്നു തെളിഞ്ഞുകാണുമാറാകും.

ഉറച്ച വിധിവിശ്വാസികളായിരുന്ന ഭാരതീയാചാര്യന്മാർ നമ്മെ കർമ്മധീരന്മാരാക്കുവാനാണു യത്നിച്ചിട്ടുള്ളത്. മാർക്കണ്ഡേയൻ, ധ്രുവൻ മുതലായ പുരാണപുരുഷന്മാർ തീവ്രകർമ്മങ്ങൾകൊണ്ടു വിധിയെ വെല്ലുവാൻ തരപ്പെടുന്നതെങ്ങനെയെന്നതിനു പ്രത്യക്ഷദൃഷ്ടാന്തങ്ങൾ കാണിച്ചുതന്നിട്ടുണ്ട്. "വിധിച്ചതുവരു"മെന്ന ദൃഢവിശ്വാസിയായിരുന്ന നെപ്പോളിയൻ എന്തൊരു കർമ്മധീരനായിരുന്നു! അനുഭവിക്കേണ്ടിവരുന്ന അനിഷ്ടഫലങ്ങളെ അചഞ്ചലമായി പൂർണ്ണ ഉത്തരവാദിത്വബോധത്തോടെ നേരിടുവാനുള്ള ശക്തിയും, ശുഭകരമായ ഭാവിയിൽ ഉത്തമ വിശ്വാസത്തോടെ ഉത്സാഹിച്ചു പ്രവർത്തിപ്പാനുള്ള ഉണർവുമാണു യഥാർത്ഥ വിധിവിശ്വാസം നമുക്കു പ്രദാനം ചെയ്യുന്നത്. ഈ തത്വം ഉൾക്കൊണ്ടാൽ വൃഥാ പരിഭ്രമത്തിനാവകാശമെവിടെ?

6

ഖിന്നാജിക്കും വിശേഷാത്തരവിമലമീവിഗ്രഹമത്ഭു-
തത്രാണന്ദം നാട്ടാക്കരുളിയൊഴുകി "തൊട്ടുകടവിൽ,
പുരാസമ്പ്രാപിച്ചു; പുനരഖിലപൂജാഹമത്തു ഭൂ-
സുരാചാര്യന്മാരാലുപചിതവുമായത്ര പുരിയിൽ.

7

മെഴുത്തന്ന പ്പൂകൽ പ്രതിമ 'സുമനോമൂസ്സതു' "1 മുറ-
ക്കെഴുന്നള്ളച്ചപ്പോളുഴകിനൊടു ഫല്ല്യാമ്പ്ജമിഴിമാർ2
തൊഴുംകൈക്കുയ്യോടച്ചിച്ചിതുവഴിയിലത്താംമണിവിള
*3 ക്കുഴക്കറ്റേറാരസ്സൽകുലജരുമെടുത്താരിതത്തുനാം.

8

കടകന്മാരായ്"ചെമ്പാത്തധിപതികളാമുണ്ണി"4കളെടു-
ത്തിടക്കയ്യ്ക്കൊത്തോരോമധുരതരവാദ്യങ്ങളൊട്ടുടൻ,
"5'വടക്കേടത്തു'ൽഘോഷകരുപചരിച്ചാരപ്പ്രഗമനം
നടയ്ക്കെത്തിച്ചേർന്നൂനവമഹമഹോത്സാഹനിലയിൽ.

9

പ്രതിഷ്ഠാകാലത്തിൽ പ്രചുരതരമുണ്ടായി, നിമിഷം
പ്രതിസപുഗ്ഗാരാമദ്രുമകുസുമവർഷം "6 പ്രതിമയിൽ;
ഇതിക്ഷേത്രോല്പത്തിപ്രഥമചരിതം മാതൃവദന-
പ്രതിജ്ഞാതം, ഭക്തക്കറിവതിനു വക്തവ്യമിവനാൽ.

10

ത്രികാലത്തും പൂജാബലികളൊടുനിത്യം, പ്രഥിതമാം
പ്രകാരത്തിൽ തൃക്കാർത്തിക ധവളപക്ഷപ്രതിവുകം,
പ്രകാമംഘോഷിക്കും ത്രിസുമഹവു,മബ്ദംപ്രതിയശഃ
പ്രകാശം വിത്തുന്നുണ്ടുരരി"ഹരിഗിരീശപുര"യിൽ.

11

ഭവാനീര ന്ദ്രമാരൊരു നിശയിലഭ്യുത്ഥിതമനോ-
ഭവാവേശാലഗ്നിത്രിദശനലവംശാടവികളിൽ,
അവാച്യംക്രീഡിച്ചാ, രുടനെയുളവായാറമഖനാം
ഭവാനോമൽ തൃക്കാർത്തികയണിമലപ്പുലരളിനാം.

12

ക്രമാതീതാ ശൂരാസുരനടയശ്ശൂരതപമലകിൽ
സമാധാനം ഭഞ്ജിച്ചളവിഹപുനസ്ഥാനിയതളാൻ,
ഹിമാദ്രിപ്പെൺകുഞ്ഞിന്നഖില വിളവപ്പിച്ചൊരുകന
കുമാരൻ ക്രീഡിടും കുശലമരുളിടട്ടെയിവരിൽ. (ൽ

14

തമസ്സംസാരാഴീത്തിരവഴിയിലെത്താരക! ഭവാ-
നമർത്ത്യാദ്യത്സേനാപതിയുടെപദത്തിൽ കയറിമേ
സമഗ്രക്രൂരാരന്വപ്രകൃതിപലനാം താരകനു, സം- (ൽ,
പ്രമർദ്ദപ്രത്യുഗ്രപ്രഹരമരുളീ, ശ്രീയുമലകിൽ.

13

സഗർഭ്യന്മാർ-ജ്യേഷ്ഠൻഗണപതി-കനിഷ്ഠൻമൃശയായി
പ്രഗത്ഭശ്ശാസ്താ വത്ര ദിവജനസേനാപതിഭവാനത്ര
സുഗംഭീരൻ-മൂർത്തിത്രയമയിഭവാന്മാരവികലം
ജഗത്സൃഷ്ട്ടിത്രാണപ്രളയവിധിചെയ്യുന്നിതുവിഭോ!

15

പിതാവെന്നും പിച്ചപ്പുരിഷയുടെനേതാവു; പിടിയാ-
യതാന്തം കാടുകേറിയവളാണമ്മയോർക്കനാം;
ഇതാവപാരമ്പര്യം-കുലമഹിമസൃഷ്ടിപ്പു മതി-
പ്രതാപത്താലുഗ്രപ്രബലസുരസേനാധിപ, ഭവാൻ.

16

ധനംവേണോ ധാരാവഹമിഹമഹാനിദ്ധന? തനി-
ക്കനല്പാനന്ദാശാപരവശതയോ രോഗവശഗ?
മനശ്ശുദ്ധിക്കോ ണ്ണോ, മലിന, രതിയെന്നാലുമറിടാ-
തനംഗാധിക്കുട്ടിക്കട യപദപത്മം പണിയുവിൻ.

17

പരിക്ഷയ്ക്കെത്തണോവിജയമയിവിദ്യാർത്ഥി, നി, (തരാം?
പരിഹാസാപേതംപണിയൊടുപജീവിച്ചിടണമോ?
ശരീരസ്വാധീനംതവവരണമോ? ശാന്തിസുഷമാ-
ശിരശ്ചത്രിവെല്ലും ശിവസുതനെയർച്ചിച്ചിടുക നീ.

18

യശസ്സാണോ മോഹിപ്പതു തരുണ,നി യന്ത്രരചനാ-
പ്രശസ്തപ്രാഗത്ഭ്യം പ്രതിദിവസമിഷ്ടിച്ചിടുകയോ?
വശത്താക്കിടേണോ വധുവിനെ വശപ്പെട്ടിലധുനാ-
വിശങ്കം വിശ്വാസം വിതറുക വിശാഖാച്ചനകളിൽ.

19

വപുസ്സൗന്ദര്യാത്തം യുവതി, ഭവതിക്കൽകലികയോ?
സുപുത്രപ്രാപ്തിക്കോ സുമുഖി, സുതരാമാശയനിശം?
രിപുക്ഷുദ്രാവേശപ്രശമസുഖമോ വേണ്ടതിഹ? സം-
പ്രപുഷ്ടശ്രീവേലായുധനെയവലംബിക്കുക നഖി!

"ഈ ബിംബം 'അരനാഴിക നെല്ലൂർക്കടവിൽ' ഒഴുകിവന്നതാണെന്നു ഐതിഹ്യം ഉൽഘോഷിക്കുന്നു. "1 സുമനോമൂസ്സതു—ഇന്ദ്രൻ എന്നും നല്ല ബുദ്ധിയുള്ള മൂസ്സതു എന്നും അർത്ഥം ബുദ്ധിയിൽ(പ്രതിയിൽ) മൂസ്സതു. ഈ മൂസ്സതാത്രേ തോട്ടുകടവിൽ നിന്നുള്ള പ്രഗമനത്തിൽ (ഘോഷയാത്രയിൽ) ബിംബം എഴുന്നെള്ളിച്ചതു്. "2 ഫല്ല്യാമ്പാജമിഴിമാർ ഘോഷയാത്രയിൽ വനിതാ മണികൾവഴിക്കു പുഷ്പവൃഷ്ടിചെയ്തു. കിഴക്കേ പുല്ലാമ്മഴിയിലേയും പടിഞ്ഞാറെ പുല്ലാമ്മഴിയിലേയും തന്ത്രിമാർ ഘോഷയാത്രാവസരത്തിൽ ബിംബപൂജ നടത്തി എന്നും "3 അസ്സൽകുലജർ—എന്റെ കുലത്തിലുള്ള ആളുകൾ, ചെട്ടേശ്ശേരി വയ്യന്നൂരാന്മാർ ഘോഷയാത്രയിൽ കുത്തുവിളക്കെടുത്തതു്. "4 ചെമ്പാത്തധിപതികളാമുണ്ണികൾ; ഘോഷയാത്രയിൽ കുടപിടിച്ചിരുന്നതു് ചെമ്പോത്തുണ്ണിമാരായിരുന്നു. "5 വടക്കേടത്തു ഘോഷകർ—വടക്കേടത്തെന്ന വീട്ടിലെ പ്രസിദ്ധന്മാരായ മാരാന്മാരാണ് ആ യാത്രയിൽ 'ചെണ്ട' തുടങ്ങിയ വാദ്യഘോഷങ്ങൾ നടത്തിയതു്. "6 പ്രതിഷ്ഠാകാലത്തിൽ ആകാശത്തുനിന്നു പുഷ്പവൃഷ്ടിയുണ്ടായി. ഇത്രയുംസംഗതികൾ ഐതിഹ്യംവഴി അമ്മ പറഞ്ഞു ഗ്രന്ഥകാരൻ ധരിച്ചിട്ടുള്ളതാണ്. ആശ്ചര്യകരമായി 'അരനാഴികനെല്ലൂർക്കടവിൽ ഒഴുകിവന്നുചേർന്ന പ്രതിമയെ പുതുതായി പണികഴിഞ്ഞിരുന്ന അമ്പലത്തിൽ അധികാരികൾ പ്രതിഷ്ഠിച്ചു എന്നും, അവിടെ പ്രതിഷ്ഠക്കായി നിർമ്മിച്ചിരുന്ന വിഗ്രഹത്തെ വേറൊരു ക്ഷേത്രം പണിഞ്ഞു് അതിൽപ്രതിഷ്ഠിച്ചു എന്നും കൂടി ഐതിഹ്യം പറയുന്നു. ഈ ക്ഷേത്രമാണ് ഇന്നത്തെ 'കീഴ്തൃക്കോവിൽ' എന്നറിയപ്പെടുന്നതു്. ഇവിടെയും വേലായുധസ്വാമിയുടെ പ്രതിഷ്ഠയാണുള്ളതെന്നും, ഒരു സ്ഥലത്തുതന്നെ ഇങ്ങനെ ഒരേദേവന്റെ രണ്ടു പ്രതിഷ്ഠകൾ കാണുമാറുണ്ടെന്നോ ഉള്ളവസ്തുത പ്രസ്തുത ഐതിഹ്യത്തിനു ഏറെക്കുറെ വിശ്വാസ്യതയെ പ്രദാനം ചെയ്യുന്നു.

# എന്റെ സാഹിത്യസ്മരണകൾ.

(ശ്രീ. പി. വി. കൃഷ്ണവാരിയർ)

## IX

ഇപ്പോഴുള്ള എസ്സ്. എസ്സ്. എൽ. സിക്കുപകരം ഞാൻ പഠിച്ചിരുന്നകാലത്തു മെട്രിക്കുലേഷൻ എന്നൊരു പരീക്ഷയാണുണ്ടായിരുന്നത്. ഈ രണ്ടു പരീക്ഷകൾക്കും പഠിക്കേണ്ടുന്ന വിഷയങ്ങൾ പ്രായേണ ഒന്നാണെങ്കിലും പരീക്ഷയിൽ ഗണ്യമായ വ്യത്യാസമുണ്ടെന്നുതന്നെ പറയണം. പഴയ മെട്രിക്കുലേഷൻ പരീക്ഷയ്ക്കു പ്രധാന പാഠവിഷയം ഇംഗ്ലീഷായിരുന്നു എന്നാലതിനു പ്രത്യേകമൊരു പാഠപുസ്തകമില്ലതാനും. ഇംഗ്ലീഷിൽ സാമാന്യമായ ഒരു പരിജ്ഞാനം സമ്പാദിച്ചിട്ടുണ്ടോ എന്നാണ് പരീക്ഷിക്കുന്നത്. അതുകൊണ്ടു ഭാഷാവ്യുൽപ്പത്തി സമ്പാദിക്കുവാൻ 'ഷെപ്പേർഡ്' മുതലായ ചില വിദ്വാന്മാർ എഴുതിയ ഓരോ പ്രത്യേകപുസ്തകങ്ങൾ 'കരളുക'യായിരുന്നു അന്നത്തെ വിദ്യാർത്ഥികളുടെ പതിവ്. മാത്രമല്ലാ, അന്ന് ഈ പരീക്ഷയ്ക്ക് ഇംഗ്ലീഷിലും സ്വഭാഷയിലുമുള്ളതിനു പുറമെ ക്ഷേത്രഗണിതം, ബീജഗണിതം, സാധാരണ കണക്ക് ഈ വകയിലും രസതന്ത്രം, പ്രകൃതിശാസ്ത്രം ചരിത്രം, ഭൂമിശാസ്ത്രം മുതലായതിലും വെവ്വേറെ ചോദ്യക്കടലാസ്സുകളുണ്ടായിരുന്നു. അതിലേതിലെങ്കിലും ഒന്നിൽ തോററാൽ എല്ലാററിലും തോററു എന്നായിരുന്നു നിശ്ചയം. എന്നുവെച്ചാൽ, ഒരു കൊല്ലത്തിൽ ഏതുവിഷയത്തിലെങ്കിലും തോററ വിദ്യാർത്ഥിക്കു പരീക്ഷ ജയിക്കണമെങ്കിൽ പിന്നെയും എല്ലാ വിഷയങ്ങളിലും പരീക്ഷയ്ക്കു പോകണം. ഇന്നത്തെ എസ്സ്. എസ്സ്. എൽ സിക്കാർക്ക് ആ ബുദ്ധിമുട്ടില്ലല്ലോ. തോററവിഷയങ്ങളിൽ മാത്രമായി വീണ്ടും പരീക്ഷയ്ക്കു പോകാം. പക്ഷെ, എല്ലാററിലും ഒന്നിച്ചുപോയി ജയിക്കാത്തവരെ കോളേജുകളിൽ ചേർക്കയില്ലായിരിക്കും. ഏതായാലും ഇന്നത്തെ എസ്സ്. എസ്സ്. എൽ. സിയേക്കാൾ അന്നത്തെ മെട്രിക്കുലേഷനു കടുപ്പം കൂടിയിരുന്നു എന്നാണെന്റെ ധാരണ. അതുകൊണ്ടു ഞാൻ ആദ്യംതന്നെ തോല്ക്കാതെ കഴിക്കണമെന്നുകരുതി കഴിയുന്നത്ര നിഷ്കർഷിച്ചു പഠിച്ചു തുടങ്ങി. അതുനിമിത്തം സാഹിത്യ വിഷയത്തിലേയ്ക്കു സാമാന്യേനതിരിഞ്ഞു നോക്കിയിരുന്നില്ലെന്നാണ് പറയേണ്ടത്. എന്നിട്ടും ഞാൻ അന്നു തോല്ക്കുകതന്നെചെയ്തു. അതു 'കണക്കിൽ പററുകയും' ചെയ്തു. മററെല്ലാവിഷയത്തിലും ഒന്നാം ക്ലാസ്സായി ജയിക്കുവാനുള്ള മാർക്കുകൾ കിട്ടിയാലും ഒന്നിൽ തോററാൽ എല്ലാററിലും തോററഫലമായല്ലോ.

എനിക്കും എന്നോസ്സംബന്ധിച്ചവർക്കും ഈ തോൽമ വലിയ നിരാശക്കു കാരണമായി. സ്കൂളിൽ ചേരുമ്പോൾതന്നെ പ്രായം കുറച്ചധികമായ എനിക്കു മെട്രിക്കുലേഷൻപരീക്ഷ ജയിക്കണമെന്നും, ഇംഗ്ലീഷിൽ സാമാന്യമായ ഒരു പരിജ്ഞാനം സമ്പാദിക്കണമെന്നുമുള്ള രണ്ടുദ്ദേശമാണുണ്ടായിരുന്നത്. ഭാഷാപരിജ്ഞാനമുണ്ടായാലും പരീക്ഷയിൽ തോററിരിക്കുകയാണെന്നുപറഞ്ഞാൽ ഒരു പോരായ്മതന്നെയാണല്ലോ. ഇതു വിചാരിച്ചു ഞാൻ കുറെദിവസം ഒന്നുംമിണ്ടാതിരുന്നു. ഇതിനിടയ്ക്കുപലതുംപറഞ്ഞു എന്നെ സമാധാനിപ്പിച്ചിരുന്ന ചില സ്നേഹിതന്മാർ ഇതിനെപ്പററി ഒരു കവിതഎഴുതുവാൻ എന്നെ നിർബ്ബന്ധിച്ചു. അതുനിമിത്തം ഞാൻ മനമല്ലാമനസ്സോടെ "പരീക്ഷാപ

20

ശനിഗ്രഹം പാടേ ശമനമയുന്നു; വിഷമമാം-
പനിക്കുണ്ടാകുന്നു ക്ഷതിയിഹ ഷഡാസ്യച്ഛന്നകളാൽ;
ജനിക്കുന്നു ജന്മാന്തരസുകൃതഭാഗ്യാനുഭവ; മു-
ഖനിക്കുള്ളിൽ ചിന്താമണികളുദിക്കുന്നു തെളിവിൽ.

21

ദ്വിഷൽബാഹുസ്തോത്രം, ദ്വിരദമുഖസ്സവാനുഗതമാ-
യുഷസ്സന്ധ്യാകാലത്തുരുവിട്ടുകിലാക്കും പ്രതിദിനം,
ഖിഷണ്ണത്വം മാറും, വിപുലവിഷയാസക്തി കുറയും,
ദ്വിഷൽബാഹുഗ്രഹപ്രശമനവുമുണ്ടാം ദ്രുതതരം.

22

കുമാരാംഘ്രിദ്വന്ദ്വാംബുജയുഗനമസ്കാര, മമര-
പ്രമാണിബ്രഹ്മാദിപ്രണമനവുമാണെന്നുപറയാം;
സമാരാധിച്ചേതൽസമിതി,മയിലാംമഞ്ജുളമഹാ-
വിമാനത്തിൻ മുമ്പിൽ തൊഴുതുനിലകൊള്ളുന്നതൊട്ടുവാൻ.

2;

സദാ/രാധിച്ചുംവിനയമൊട്ടുയാചിച്ചിട്ടവരോ-
ട്ടുദാസീനന്മാരാണഹ! ഭരണകർത്താക്കളുലകിൽ;
സ്വദാസന്മാർക്കർത്ഥിപ്പതിലധികമായി സ്വയമുടൻ
പ്രദാനംചെയ്യുന്നു കരുണയൊടുകാമാന്തകസുതൻ.

(തുടരും) 3.

രാജ്യം" എന്നൊരു കവിത അക്കാലത്തെഴുതുകയുണ്ടായി. 1077മിനത്തിലെ "വിദ്യാവിനോദിനി"യിലാണെന്നുതോന്നുന്നു, അതു പ്രസിദ്ധപ്പെട്ടത്തിട്ടുമുണ്ട്. എന്നാൽ എനിക്കുതന്നെ അത്രയുംപിടിക്കാത്ത ഒരുകൃതി അതിനു മുമ്പോ പിന്നേയോ ഞാൻ എഴുതീട്ടുണ്ടോ എന്നു സംശയമാണ്. അവരവരുണ്ടാക്കുന്ന കൃതികളെപ്പററി ഒരു പ്രീതി അഥവാ പക്ഷപാതം പ്രായേണ പല കവികൾക്കുമുള്ളതായി എനിക്കനുഭവമുണ്ട്. ഇതിൽ ചില ഈഷൽ ഭേദങ്ങളുണ്ടായേക്കാം. എന്നെസ്സംബന്ധിച്ചിടത്തോളം പറകയാണെങ്കിൽ, ഞാനൊരോസമയത്തും പ്രത്യേകിച്ചും ഈവക കാലങ്ങളിൽ ഉണ്ടാക്കുന്ന കവിതകൾ തല്ക്കാലം തരക്കേടില്ലെന്നു ഞാൻ വിചാരിക്കുകയും, മററുചിലർ അവസ്ഥാനുസരണം ശ്ലാഘിക്കുകയും ചെയ്തിരുന്നാലും പിന്നീട്ടുനോക്കുമ്പോൾ സുഖംപോരാ എന്നു എനിക്കു തോന്നിയിരുന്നുള്ളു. ഈ ഒരു വ്യത്യസ്തതനിമിത്തം, എഴുതിസൂക്ഷിച്ചിട്ടില്ലാത്ത കവിതകൾ ഒന്നും എനിക്കോർമ്മയുണ്ടായിരിക്കുകയില്ല. ആദ്യംതന്നെ എനിക്കു തൃപ്തിപ്പെടാത്തതായ പരീക്ഷാപരാജയത്തിന്റെ കാര്യം പിന്നെപറയുവാനുമില്ലല്ലോ.

കേരളപാണിനി എന്ന പേരിൽ പ്രഖ്യാതനായിരുന്ന ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ, ബി. ഏ. ക്കോ മററോ ഒരിക്കൽ തോററപ്പോൾ 'ഭംഗവിലാപം' എന്നൊരു സംസ്കൃതകൃതി എഴുതിയതു ഞാൻ വായിച്ചിട്ടുണ്ട്. അതിലുൾപ്പെട്ടതായ

"വിജയോത്സവവൈജയന്തികാ-
യിതമന്ദസ്മിതമീഷദുച്ഛ്രിതം
അവലേപവിലേപസുന്ദരം
കഥമീക്ഷേ സഹപാഠിനാം മുഖം"

എന്ന ശ്ലോകത്തിന്റെ രസികത്വം പരീക്ഷയിൽ തോററവർക്കേ തികച്ചും അനുഭവപ്പെടുകയുള്ളു. അമ്പതോളം പദ്യങ്ങളുള്ള എന്റെ പരാജയകവിതയിൽ ഞാനീശ്ലോകം ഉദ്ധരിച്ചു വിലപിച്ചിട്ടുള്ളതായി ഇപ്പോഴും ഓർക്കുന്നുണ്ട്. നിസ്സാരമാണെങ്കിലും അന്നത്തെ ഒരു സംഭവം എനിക്കു കലശലായുള്ളിൽ തട്ടിയതുകൂടി ഈ ഘട്ടത്തിൽ പറയുവാനുണ്ട്. അക്കൊല്ലത്തിൽ എന്നോടൊപ്പം പരീക്ഷയ്ക്കു പോയിരുന്ന ഈ ദിക്കുകാരായ മററുചില വിദ്യാർത്ഥികളും തോല്ക്കുതന്നെയാണ് ചെയ്തിരുന്നത്. എങ്കിലും അവർക്കൊക്കെ എന്നേക്കാൾ അഞ്ചോ ആറോ വയസ്സു പ്രായം കുറവായിരുന്നു. അവർ കുട്ടികളാകയാൽ തോററതിൽ കുററമില്ല. എന്നെസ്സംബന്ധിച്ചാണെങ്കിൽ "പ്രായം കുറെ മൂത്തിന്നുപോയി. ഇനിയുണ്ടോ പഠിച്ചാൽ നേരെയാകുന്നു" എന്നു പരിഹാസമായി ഈ ദിക്കിൽ ഉയർന്ന നിലയിലിരിക്കുന്ന ചില സ്ത്രീകൾ എന്റെ അമ്മയോടു പറഞ്ഞിട്ടുള്ള വിവരം ഞാനറിഞ്ഞു. എന്നാൽ അതൊന്നു കാണിച്ചുകൊടുക്കണമെന്നു ഞാനും തീർച്ചയാക്കി. വീണ്ടും പഠിക്കുവാൻതന്നെ നിശ്ചയിച്ചു. പക്ഷെ സഹപാഠികളുടെ 'അവലേപവിലേപസുന്ദരമായ മുഖത്തു' നോക്കുവാൻ കഴിയില്ലെന്നുവെച്ച് ഇവിടെത്തന്നെ ഇരുന്നു പഠിക്കുകയാണ് ഞാൻ ചെയ്തുള്ളു. പരീക്ഷയ്ക്ക് ഒരുമാസം മുമ്പ കോഴിക്കോട്ടുപോയി താമസിച്ചു പഠിപ്പു പൂർത്തിയാക്കി പരീക്ഷക്കിരിക്കുകയും, അതിൽ ജയിക്കുകയും ചെയ്തു. അക്കൊല്ലത്തിൽ എന്റെ ഒപ്പം പരീക്ഷക്കിരുന്ന ഈ ദിക്കുകാരായ വിദ്യാർത്ഥികളിൽ മററാരും ജയിച്ചതുമില്ല. തലേക്കൊല്ലം പരിഹസിച്ചവരുടെ ഇടയിൽ ഇതൊരത്ഭുതംപോലെ സംസാരവിഷയമായിരുന്നു എന്നും എനിക്കു കേൾക്കുവാനിടയായി.

ഞാൻ മെട്രിക്കുലേഷൻ പരീക്ഷയിൽ ജയിച്ചുവന്നിട്ടുവേണം ആര്യവൈദ്യശാല ആരംഭിക്കുവാൻ എന്നായിരുന്നു ജ്യേഷ്ഠൻ പി. എസ്സ്. വാരിയർ ആഗ്രഹിച്ചിരുന്നത്. 1077-ാമാണ്ടിലെ പരീക്ഷയിൽ ഞാനാദ്യം തോററപ്പോൾ അദ്ദേഹത്തിന്നും വലിയ ഇച്ഛാഭംഗമായെങ്കിലും 1078 കന്നിമാസത്തിലെ വിജയദശമിദിവസം ആര്യവൈദ്യശാല ഇവിടെ സ്ഥാപിച്ചു. ആ ധനുവിൽ ഞാൻ വീണ്ടും പരീക്ഷയ്ക്കു ചേരുകയും, അതിന്റെ ജയഫലം 1078 മകരം 12ഉം 13ഉം നു-കളിൽ ഇവിടെവെച്ച് ആര്യവൈദ്യസമാജം കൂടിയിരുന്ന അവസരത്തിൽ മദിരാശിയിൽനിന്നു കമ്പിവഴിയായി അറിവുകിട്ടുകയും ചെയ്തപ്പോൾ എല്ലാവർക്കും വളരെ സന്തോഷമാകയുംചെയ്തു. ഇതിനെപ്പററി ജ്യേഷ്ഠന്റെ ജീവചരിത്രത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

ആര്യവൈദ്യശാല ആദ്യം വളരെ ചുരുങ്ങിയ നിലയിലാരംഭിച്ചതാകയാൽ മരുന്നുരയ്ക്കുവാനും ഔഷധങ്ങൾ പാകംചെയ്യാനും അത്യാവശ്യം രണ്ടുമൂന്നു കൂലിക്കാരല്ലാതെ മററാരേയും ശമ്പളത്തിന്നു വെച്ചിരുന്നില്ല. അതുനിമിത്തം അപ്പഴപ്പോളുണ്ടാകുന്ന മരുന്നുകൾ ശരിയായി സൂക്ഷിക്കുകയും, പുറത്തേക്കുകൊടുക്കുകയും, കണക്കെഴുതുകയും മററും ഞാൻതന്നെയാണു ചെയ്തിരുന്നത്. ജ്യേഷ്ഠൻ ഇംഗ്ലീഷുവൈദ്യവും പഠിച്ചിട്ടുള്ളതുകൊണ്ട് ഏതാനും ഇംഗ്ലീഷുമരുന്നുകളും യഥോചിതം ചികിത്സയ്ക്കു വിധിച്ചിരുന്നു. ഇംഗ്ലീഷുമരുന്നുകൾ യഥായോഗ്യം കൂട്ടിച്ചേർത്തുകൊടുക്കുവാൻ പ്രത്യേകം പഠിച്ചു പരിചയിക്കേണ്ടതാകയാൽ അതും

ഞാൻ ജ്യേഷ്ഠന്റെ അടുക്കെ പ്രസിദ്ധ ചുരുക്കത്തിൽ ഒരു കംപൗണ്ടർസ്ഥാനവും വഹിച്ചുവന്നു. വാസ്തവത്തിൽ, വൈദ്യവൃത്തി എനിക്കു വളരെ ഇഷ്ടപ്പെട്ടതല്ല. ആദ്യംമുതൽക്കു എനിക്ക് ഒരഭിരുചിയുള്ളതു സാഹിത്യത്തിലാണ്. ആരോഗ്യദാനം മറെറല്ലാ ദാനങ്ങളെക്കാളും ശ്രേഷ്ഠമാണെന്ന് എനിക്ക് പൂൎണ്ണബോധമുണ്ടെങ്കിലും, ആ വിഷയത്തിൽ ഏൎപ്പെടുവാൻ അത്ര ധൈൎയ്യമുണ്ടായിരുന്നില്ല. മനുഷ്യരുടെ ജീവനെക്കൊണ്ടാണ് ഈ തരം കൈകാൎയ്യം ചെയ്യുന്നതെന്നു പല വൈദ്യന്മാരും പ്രായേണ വിസ്മരിക്കുന്നു എന്നാണ് അവരുടെ ഓരോ പ്രവൃത്തികൾ കാണുമ്പോൾ തോന്നീട്ടുള്ളത്: "മുറിവൈദ്യൻ ആളെക്കൊല്ലും" എന്ന പഴമൊഴിയിൽ പതിരില്ലല്ലോ. "ആയിരം കണ്ണു കളഞ്ഞിട്ട് അരവൈദ്യനാവുക" എന്നു പറഞ്ഞാൽ എത്ര ആളുകളെ നമ്മുടെ കണ്ണുവൈദ്യന്മാർ കുരുടന്മാരാക്കിയിരിക്കണമെന്നാലോചിച്ചാൽ മതി. മാത്രമല്ല, വൈദ്യവേഷം കെട്ടുന്നവരെല്ലാം യഥാൎത്ഥവൈദ്യന്മാരാകുന്നില്ലെന്നും, അവരിൽ പലരുടേയും അഭിനയം അപനയവും, അപായകരവുമായിട്ടാണ് പണ്ടേ പരിണമിക്കാറുള്ളതെന്നും തെളിയിക്കുവാൻ എത്രയെങ്കിലും പ്രമാണങ്ങളുണ്ട്.

മഹാകവി നീലകണ്ഠദീക്ഷിതർ കലിവിഡംബനത്തിൽ പറയുന്നതു നോക്കുക.

"ജൃംഭമാണേഷു രോഗേഷു
മ്രിയമാണേഷു ജന്തുഷു
രോഗതത്വേഷു ശനകൈ-
ർവ്യുല്പദ്യന്ത ചികിത്സകാഃ."

രോഗങ്ങൾ വൎദ്ധിച്ചുവരികയും ആളുകൾ മരിച്ചുപോകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ മാത്രമാണു വൈദ്യന്മാൎക്കു രോഗതത്വങ്ങൾ മനസ്സിലാകുന്നതു് എന്നാണല്ലോ ഇതിന്റെ താല്പൎയ്യം.

സുഭാഷിതരത്നഭാണ്ഡാഗാരത്തിൽ കുവൈദ്യനിന്ദാഘട്ടത്തിൽ ഈ വിഷയത്തിലുള്ള ആക്ഷേപം അധികം ദുസ്സഹമാണെങ്കിലും അത്രമാത്രം പരമാൎത്ഥവുമാണ്.

"വൈദ്യരാജ നമസ്തുഭ്യം
യമരാജസഹോദര!
യമസ്തുഹരതിപ്രാണാൻ
വൈദ്യഃ പ്രാണാൻ ധനാനിച."

അന്തകന്റെ സഹോദരനായ വൈദ്യരേ, നിങ്ങൾക്കുനമസ്കാരം. അന്തകൻ പ്രാണനെ മാത്രമേ ഹരിക്കുന്നുള്ളൂ. നിങ്ങൾ പ്രാണനും പണവും അപഹരിക്കുന്നവരല്ലോ, കഴിഞ്ഞില്ല,

"ചിതാം പ്രജ്വലിതാം ദൃഷ്ട്വാ
വൈദ്യോ വിസ്മയമാഗതഃ
നാഹംഗതോനമേഭ്രാതാ
കസ്യേദം ഹസ്തലാഘവം."

ഒരിടത്തു ചിത കത്തിജ്വലിക്കുന്നതുകണ്ടിട്ടു വൈദ്യൻ അത്ഭുതപ്പെട്ടുപോയി. ഞാൻ ഇതിന്നുപോയിട്ടില്ല; എന്റെ സഹോദരനും(അന്തകൻ)ഇല്ല. ഈ പണി ആർപററിച്ചു?

ഇത്തരത്തിൽ അനവധിവിധത്തിൽ ആക്ഷേപിച്ചശേഷം "ത്യജേൽദൂരാൽ ഭിഷൿപാശാൻ പാശാൻ വൈവസ്വതാനിവ" എന്നുകൂടി പ്രാചീനന്മാർ ഉപദേശിച്ചിരിക്കകൊണ്ട്, വൈദ്യവൃത്തിയിൽ പ്രവേശിക്കുന്നവർ തികച്ചും ഉത്തരവാദബോധത്തോടുകൂടി പ്രവൎത്തിക്കണമെന്നു സിദ്ധമാകുന്നുണ്ടല്ലോ. ഞാനിത്രയും എഴുതിയതു് വൈദ്യലോകത്തെ ആക്ഷേപിക്കാനല്ല, യഥാൎത്ഥവൈദ്യന്മാരെ ആദരിക്കാൻ വേണ്ടിയാണ്.

മേൽ പ്രസ്താവിച്ചപ്രകാരം ദുൎവൈദ്യന്മാരെക്കൊണ്ടുള്ള ദ്രോഹവും, ദുരൌഷധങ്ങളുടെ പ്രയോഗവും യഥാശക്തികൂടാതെ കഴിക്കണമെന്നുള്ള മഹത്തായ ഒരാദൎശത്തെ മുൻനിൎത്തിക്കൊണ്ടാണ് ആതുരവൈദ്യശാലയുടെ ആരംഭവും പ്രവൎത്തനവും. അതുനിമിത്തം വൈദ്യശാസ്ത്രത്തിൽ കഴിയുന്നതുവ്യുല്പത്തിയും, വൈദ്യശാലയിൽ പ്രവൎത്തിച്ചിട്ടുള്ള പരിചയവും സമ്പാദിക്കണമെന്നു ഞാനാഗ്രഹിക്കയും, അതിന്നുവേണ്ടി ഞാനിംഗ്ലീഷുപഠിക്കുവാൻ പോകുന്നതിന്നുമുമ്പു പഠിച്ച അഷ്ടാംഗഹൃദയവും മററും വീണ്ടും എടുത്തുരുവിട്ടുതുടങ്ങുകയും ചെയ്തു. അതുകൂടാതെ, കുറേശ്ശ ഇംഗ്ലീഷുവൈദ്യവും ജ്യേഷ്ഠന്റെ അടുക്കൽതന്നെ പഠിച്ചുകൊണ്ടിരുന്നു. ഇതേകൊല്ലം കുംഭത്തിൽ ഈ പ്രദേശത്തു വിഷൂചിക കലശലായി ബാധിക്കുകയും, അനവധിആളുകൾ മരിച്ചുപോകയും ചെയ്കയുണ്ടായി. അന്നാണ് ജ്യേഷ്ഠൻ 'വിഷൂചികാരിഗുളിക' ആദ്യമായി കണ്ടുപിടിച്ചുപയോഗിച്ചു തുടങ്ങിയത്. അന്നേവരെ വിഷൂചികയ്ക്കുപയോഗിച്ചിരുന്ന ഓരോ നാട്ടുമരുന്നിന്നും ഇംഗ്ലീഷുമരുന്നിന്നും ഏറക്കുറെ ഗുണക്കുറവുണ്ടെന്ന് അദ്ദേഹത്തിന്നനുഭവപ്പെടുകയും, ആ വകദോഷങ്ങൾക്കു നിവാരണംകൂടിആലോചിച്ച് ഒരു പുതിയയോഗം സൃഷ്ടിക്കുകയുമാണ് ചെയ്തത്. അന്നിവിടെ ഈ രോഗം ഒരേ സമയത്തു പലൎക്കും പുറപ്പെട്ടുകൊണ്ടിരുന്നതിനാൽ എല്ലാദിക്കിലും ഒപ്പംഎത്തുവാൻ ജ്യേഷ്ഠന്നുസാധിക്കാത്തതുകൊണ്ടു ചിലദിക്കിലേയ്ക്കു മരുന്നു കൊടുക്കുവാൻ എന്നെ അയച്ചിരുന്നു. എനിക്ക് അതിൽ അശേഷം ഭയമുണ്ടായിരുന്നില്ല. ജലാംശത്തിൽ കൂടിയല്ലാതെ വിഷൂചികാബീജങ്ങൾ ഒരിക്കലും പകരുകയില്ല. വെള്ളം പാൽ മുതലായ ദ്രവസാധനങ്ങളൊന്നും തിളപ്പിക്കാതെ ഉപയോഗിക്കു

# സമരശേഷം.

(കവിതിലകൻ, ശ്രീ. വടക്കുംകൂർ രാജരാജവർമ്മ രാജാ.)

1

൧

മതിമത്സ്യഭാരതാഖ്യമായോ-
രിതിഹാസം വിരചിച്ച യോഗികൃഷ്ണൻ
നതിചെയ്തുപദം വണങ്ങുമിയ്യെൻ-
കൃതിനന്നായ്, വരുവാൻ തുണച്ചിടേണം.

൨

നരനായകർ പാർത്ഥകൌരവന്മാർ
കരൾ വൈരത്തൊടു ചെയ്ത ഘോരയുദ്ധം
പരമൊക്കെ നിലച്ചു, വൻ ജയശ്രീ
വരണംകൊണ്ടു വിളങ്ങി പാണ്ഡവന്മാർ.

൩

കുരു, പുണ്യമഖങ്ങൾ ചെയ്തദേശം
കുരുതിക്ഷേത്രകമായ് ചമച്ചു കർമ്മം
പെരുതുഴിവഹിച്ച ഭാരമോടൊ-
ത്തരുതിപ്പെട്ടഖിലം പ്രശാന്തമായി.

൪

പതിനെട്ടുദിനം ഭവിച്ച പോരിൻ
ഗതിയെത്രയ്ക്കു നവീകരിച്ചു ലോകം!
പതിപുത്രസഹോദരാദിനാശാൽ
ക്ഷതിനേടാതൊരു നാരിയില്ലയെന്നായ്.

൫

സുതർ ചത്ത പിതാക്കൾ, നാഥരെല്ലാം
ഹതരായോർസ്വതനുക്കളാർത്തമാർകൾ,
ബത പോരിൽ മരിച്ചുകൂട്ടരേകാൾ
മൃതരായാർ മരിയാതിരുന്നിടുന്നോർ.

൬

മമപുത്രനെനിക്കു സോദരൻ ഹാ
രമണൻ മേ ഗുരു മേ പിതാമഹൻ മേ
പ്രമദാജനമേവമാർത്തുശോകാദ്-
ഗമമേന്താതൊരു ഗേഹമില്ലയെന്നായ്.

൭

ചില നാളുകൾ മുൻപു സാർവ്വഭൌമാ-
ജ്ജ്വലസൌഭാഗ്യമിയന്നു വാണവീരർ
തലമെയ്യൊടു കണ്ണുപാംസുപൂരാ-
കുലരായ് മണ്ണിൽ മറിഞ്ഞുമേവുകെന്നായ്.

൮

നരനായകർ, കോടിയിക്കലേറെ-
ക്കരെവിസ്തൃതികവാളിടും ഭടന്മാർ
ദ്വിരദാവലി, വാജിരാജി, [illegible]ജി-
ക്കിരയായാരിവരല്ലനാളിന്നുള്ളോർ.

൯

ഖഗലോകരെക്കയാട്ടതീവതാങ്ങി-
ത്തലതാഴ്ന്നാർത്തി പെരുത്ത ധാത്രിയന്നാൾ
ജ്വലയേറു കട്ടത്താരാരണത്താ-
ലലമാശ്വാസമിയന്നു നിശ്വസിച്ചാൾ.

൧൦

യുധിപോക്കുളഭ്രുവിൽ വാച്ചതാമാ-
രുധിരാത്യുൽക്കടവൃഷ്ടിനിങ്ങി, യെന്നാൽ
അധികം മൃതബന്ധുവാം ജനത്തി-
ന്നുധിയാതാശ്രുമഴയ്ക്കു മുറ്റുംകൂടി.

൧൧

നരനായകർ തന്റെ കൈക്കരുത്തി-
ന്നരകല്ലായ് വിലസിച്ച പോർ ശമിയ്ക്കെ
ധര, ഭ്രതിസമസ്തമസ്തമായ് മേൽ-
ത്തരമാം ശൂന്യതയാവഹിച്ചിതെങ്ങും.

൧൨

കുടിസൌധമിവയ്ക്കു കത്തു തുല്യം
മുടിയും താലിയുമററകൂട്ടർകൂടി
പൊടിയും ഹൃദയം കലർന്നുമാറ-
ത്തടിയും രോദനമായ് കഴിച്ചുകാലം.

കുത്. വാസ്തവത്തിൽ, പച്ചയായിട്ടുള്ളതൊന്നും കഴിക്കാതിരിക്കയാണുത്തമം. വിഷൂചികയുടെ നിദാനലക്ഷണചികിത്സകൾ അന്നു നിഷ്കർഷയായി പഠിക്കുവാൻ സാധിച്ചതുകൊണ്ടാണ് എനിക്കു ഭയമില്ലാതിരുന്നത്. വിഷൂചികാരിഗുളികകൊടുപ്പാൻ തുടങ്ങിയതോടുകൂടി അന്നു മരണസംഖ്യ തീരെക്കുറഞ്ഞുപോകയുംചെയ്തു. ഇങ്ങനെ കാലക്രമേണ ഓരോ ഔഷധങ്ങൾ പ്രയോഗിച്ചും പരീക്ഷിച്ചും മററും തയ്യാറാക്കിയ ഔഷധങ്ങളുടെ ഉപയോഗക്രമം, ഫലം മുതലായ അനേകം വിവരങ്ങളോടുകൂടി പിന്നീടു പ്രസിദ്ധപ്പെടുത്തിയ ചികിത്സാസംഗ്രഹം എന്ന പുസ്തകം മാത്രം പഠിച്ചു ചികിത്സിക്കുന്ന ചില വൈദ്യന്മാർതന്നെ ഇന്നു ജനങ്ങൾക്കു വിശ്വാസപാത്രമായിത്തീർന്നിട്ടുള്ളതിനാൽ ആര്യവൈദ്യശാലാസ്ഥാപകന്റെ ആദർശം അനുഭവത്തിലെത്തിയെന്നു സമാധാനിക്കാമല്ലോ.

—:o:—

൩൩

അതിസുന്ദരനെന്റെ സുതൻ രോഹിതൻ ഹാ!
മതിമാനനൽ സഹജൻ മഹാനുഭാവൻ
പതിനിസ്സ്വലനിതരം, രണത്തിൽ
പതിതന്മാരെ നിനച്ചു കേണു ലോകർ.

൩൪

കുരുപാണ്ഡവർ ചെയ്ത പോർനിമിത്തം
മരുവിൻ മാതിരിയായ് ചമഞ്ഞു ലോകം
പുരസൌഖ്യവിനോദഹർഷവല്ലീ-
തരുവൃന്ദങ്ങളതിൽ കിളുർത്തിടാതായ്.

൩൫

അടലെന്നതു നാളു വീർത്തുമാളും
ഭടലോകർക്കു ഭയം വസന്തമാകാം
തടവററു സാധ്വഗ്ന്യാഷ്പ-
ഷ്പടചെയ്യിക്കുവതിന്നു കാലവർഷം.

൩൬

വ്യഥവാക്കുപുരാകഴിഞ്ഞതാം നൽ
കഥയോരോന്നു പറഞ്ഞു തങ്ങളിൽത്താൻ
പ്രഥനക്ഷണജീവിതാശർ, ശുചാ-
ശ്ലഥരായ് ലോകർ ദിനങ്ങളുന്തിവിട്ടാർ.

൩൭

"മമ വല്ലഭനന്നതാനുഭാവൻ
സമരത്തിന്നു ഗമിപ്പതിന്നൊരുങ്ങെ
ക്ഷമവിട്ടുകരഞ്ഞൊരെന്നൊടായി-
ട്ടുമനോജ്ഞൻ നിഗദിച്ചവാക്കതോർപ്പൂ.

൩൮

"വിലപിയ്ക്കുവതെന്തിനിന്നു യോഷിൽ-
കുലമൂർദ്ധാതടമുഗ്ദ്ധരത്നമേ! നീ
ബലമേറിയ ഞാൻ പ്രിയേ! ജയപ്പൊ-
ന്മലർ ചൂടിത്തിരിയെ വരും ജവത്തിൽ.

൩൯

പരിതാപമിയന്നിടായ്ക, ഞാൻ പോ-
രരിവർഗ്ഗാടവിവേരറുത്തു തള്ളി
തിരിയെജ്ജവമാഗമിച്ചിടും നീ-
യറിയുന്നോ ദൃഢമല്ലി! മൽപ്രതാപം.

൪൦

കുരുപാണ്ഡവയുദ്ധവാർത്ത കേട്ട-
ളെല്ലാരുമന്നാൾ തൊട്ടരിക്കുമെന്റെ ഹസ്താ
വിരുതോടരിമണ്ഡലത്തിലെത്തി-
പ്പൊരുതീടാൻ പുരുഷനായ് മുന്നൊററിരിപ്പൂ.

൪൧

അതിനിന്നുതരം ലഭിച്ചു, വൈരി-
ക്ഷിതിഭൃത്സൈന്യമഹാർണ്ണവത്തെ വേഗം
അതിമന്ദരവീര്യനായ് കലക്കി-
സ്സുദതി! ഞാൻ തജ്ജയലക്ഷ്മിയെ വരിക്കും.

൪൨

ഭടരെന്നുടെ ക്രൂരർ ചെന്നു കേറി-
പ്പടയിൽ പ്രോല്ലസദായുധാടി കാട്ടിടുമ്പോൾ
സ്ഫുടധൈര്യപരാക്രമാദിസത്വം
പടരും ഞാനെന്തുമട്ടടങ്ങിവാഴും?

൪൩

അടലിൽപ്പടുകാഹളാളിനാദം
തടവുമ്പോളിടികേട്ട കേകിയെപ്പോൽ
തടവററരിമർദ്ദനാശയെന്നും-
ത്തടമൂലംകൊണ്ടുതകത്തൃത്തമാടും.

൪൪

ഉരഗാധിപദീർഘപീനമാം തൽ-
കരമേറ്റുന്നാമരാവിഷപ്രതാപാൽ
പരരെഗ്ഗതജീവബന്ധരാക്കാൻ
തരമാകും ഭടനാണു ഭാഗ്യശാലി.

൪൫

മമകണ്ണിനുമുൻപിൽ വന്നുപോയാ-
ലമരിൽ ജ്ജീവനൊടേ തിരിച്ചുപോകാൻ
അമരർക്കുമശക്യമെന്നിരിക്കെ-
ക്ലമമാളും നരർതന്റെ കാര്യമെന്തോ?

൪൬

അഥവാവിധിമൂല—മങ്ങിനേയും
പ്രഥനത്തിൽ സ്ഥിതിയേല്ക്കിലും പ്രിയേ! നീ
കഥയററവളെന്നപോലെ ചിന്താ-
വ്യഥപൂകൊ, ല്ലുരുധൈര്യമോടിരിയ്ക്കൂ!

൪൭

വിമതപ്പടയെപ്പരാക്രമത്താൽ
പ്രമഥിച്ചങ്ങിനെ പോരിൽ വെന്നിടും ഞാൻ
മമ വൻപു പുകഴ്ത്തിയേററമുർവ്വീ-
രമണൻ മേ ബിരുദങ്ങളേററ നല്കും.

൪൮

നരനായകനേകിടുന്ന ഹേമാ-
ഭരണൌഘം ബിരുദങ്ങളെന്നിതെല്ലാം
വരഗാത്രി! വിശിഷ്ടപത്നിയാം നിൻ-
ചരണങ്ങൾക്കുപഹാരമാക്കിടും ഞാൻ.

൪൯

നീയതം വരചാപവേദനാനാ-
നയമർമ്മങ്ങളറിഞ്ഞവർക്കു പാർത്താൽ
ജയമോ ക്ഷയമോ ഭവിക്കിലും മു-
ന്നയമാമുത്സവമില്ല പോരിനേക്കാൾ.

൫൦

ഹിതമെന്നൊടിവണ്ണമൊക്കെയോതി-
ദ്രുതമാപ്പോരിനു പോയ വല്ലഭൻ ഹാ!
മൃതനായിതനാഥരായി ഞാനും
സുതരഞ്ചാറു ചെറുക്കിടാങ്ങളും മേ

# വള്ളത്തോളിന്റെ ആധുനികകവിത.

(പണ്ഡിതർ, ശ്രീ. ഇ. വി. രാമൻനമ്പൂതിരി, വിദ്യാരത്നം.)

കവിതാവിമർശപ്രസംഗത്തിൽ, മഹാകവി വള്ളത്തോളിന്റെ കവിതകൾക്ക് അത്യുന്നതമായ ഒരു സ്ഥാനം സിദ്ധിച്ചിട്ടുണ്ടെന്നുള്ളതു നിർവ്വിവാദമാണല്ലോ. അത് ആരുടേയും സൗജന്യമോ, സൗഹാർദ്ദമോ, സൗമനസ്യമോ സമ്പാദിച്ചുകൊടുത്തതല്ല. ആ കവിതകളുടെ നിസർഗ്ഗസൗന്ദര്യവും, ഔചിത്യമാത്രാനവിധായിയായ പ്രയോഗസൗഭാഗ്യവും, അലങ്കാരശുദ്ധിയും, ഭാവമാധുര്യവും, സർവ്വോപരി രചനാസൗഷ്ഠവവും, പോരെങ്കിൽ വിഷയവൈശിഷ്ട്യവും നിമിത്തം സ്വയം സമ്പ്രാപ്തമായിട്ടുള്ളതാണ്. "ഋതുവിലാസം" മുതലായ വളരെ കുട്ടിക്കാലത്തെ കൃതികൾകൂടി, പ്രസ്തുതഗുണഗണങ്ങൾ ഗണനീയമായ മാത്രയിൽ ദൃശ്യമാനങ്ങളായിബ്ഭവിച്ചിട്ടുണ്ട്. അതുകൊണ്ടാണ്, ജന്മകവിയെന്നും, പ്രാഗ്ഭവവാസനാകവി(പണ്ഡിതകവിയെന്നല്ല)യെന്നും മറ്റും ഉള്ള സ്പൃഹണീയവിശേഷണങ്ങൾ അദ്ദേഹത്തിന്റെ നാമത്തോടു നിരന്തരം ഘടിപ്പിയ്ക്കപ്പെട്ടുപോന്നിട്ടുള്ളത്. പണ്ഡിതമൂർദ്ധന്യനും, മഹാകവീശ്വരനും ആയിരുന്ന കേരളവർമ്മവലിയകോയിത്തമ്പുരാൻ, വള്ളത്തോളിന് ഇരുപത്തേഴു വയസ്സായപ്പോഴാണ്, അക്കാലത്തെ കവിതകൾ കണ്ടിട്ട് മഹാകവിപദംതന്നെ സാദരം സമ്മാനിച്ചത്. വള്ളത്തോളിന്റെ ആ വൈഭവം വികസിച്ചു വിപുലമായി വിലസി വൈവിധ്യത്തെ പ്രാപിച്ചതല്ലാതെ, വാട്ടമോ താഴ്ചയോ ഒരിക്കലും ഉണ്ടായിട്ടില്ലെന്നു പറയാം. സാഹിത്യവിമർശനത്തിൽ വിശേഷാല് ദോഷദർശനനിപുണനും, പ്രായേണ തന്മാത്രനിരതനും ആയിരുന്ന പത്രാധിപർ രാമകൃഷ്ണപിള്ള പോലും, ചിത്രയോഗമഹാകാവ്യത്തെ അത്യാദരപൂർവ്വം പ്രശംസിച്ചുകൊണ്ട് "ആത്മപോഷിണി" മാസികയിൽ നിരൂപണമെഴുതാനിടയായതും, പ്രസ്തുതവൈഭവത്തിന്റെ വശീകാരചാതുരിയാലായിരിക്കണം. ശ്രീരാമകൃഷ്ണപിള്ളതന്നെയാണ് പരിഷ്കൃതപദ്യസാഹിത്യപ്രസ്ഥാനത്തിലെ പ്രഥമഖണ്ഡകാവ്യമായ "ബന്ധനസ്ഥനായ അനിരുദ്ധൻ" ആത്മപോഷിണിയിൽ ആദ്യമായി പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നതും. പിന്നെയും വള്ളത്തോൾ, പലപല പരിഷ്കൃതഖണ്ഡങ്ങളോടുകൂടിയ ഖണ്ഡകാവ്യങ്ങളെ "കവനകൗമുദി" മുതലായ മാസികകൾമുഖേന ആവിഷ്കരിച്ചുകാട്ടുകയും, കവികളും സഹൃദയന്മാരും വിമർശകന്മാരും അവയെ അനുകരിയ്ക്കുകയും, അഭിനന്ദിയ്ക്കുകയും, ആരാധിക്കുകയും ചെയ്തുപോന്നതാണ്. "ഏതാനും കുട്ടിവായിപ്പതിനപ്പടവായമെന്നകവിതാചക്രിടാംവ" എന്നു വള്ളത്തോൾ സംബോധനചെയ്യുന്ന വള്ളത്തോൾക്കവിതാലതയുടെ വളർച്ചയുടെ ഘട്ടത്തിലെല്ലാമാണ്, വാട്ടവും വളർച്ചയും ഒരുകാലത്തും തട്ടാത്ത തരുണിമയും തളിമയും തെളിഞ്ഞു കളിയാടുന്നതാണത്. നിത്യയൗവന

൩൧

പതിവായെവിടെപ്പിതാവുപോയെ-
ന്നതിശാപ്യത്തോടുചോദ്യമിട്ടപുത്രർ
സ്തുതിപേർത്തുമവർത്തുമെത്തുകൊണ്ടും
ഗതിയില്ലാത്തവരായിവന്നിതിഞ്ഞാൻ.

൩൨

സമയത്തിനുവേണ്ടകർമ്മമേതും
ക്രമമോടെന്നു മിണ്ടാതെങ്ങിവാണപുത്രർ
അമരാലവലംബമററിതിന്മ-
ട്ടമരാറായ്ഹതദൈവവഞ്ചിതന്മാർ.

൩൩

നിയമങ്ങൾയമങ്ങൾ വിദ്യധർമ്മാ-
ച്ചയമിത്യാദിനരക്ഷവിണ്ണിടേണ്ടാൻ
നിയതം വിധിതീർത്തു, മർത്ത്യരെന്നാൽ
സ്വയമുഗ്രായുധകേളിയിൽപ്രിയന്മാർ.

൩൪

നരരെ, സ്സഹജാതരെ, ഗുരുക്കൾ-
ക്കിരയായ്ത്തീർത്തയുതകണ്ണെക്കിൽ വിഴ്ത്തി
ധര,രക്തനിമഗ്നമാക്കിവെയ്ക്കും
നരകക്രൂരമഹോ! ചിലർക്കുധർമ്മം.!

൩൫

ശരിയങ്ങിനെയെങ്കിലാട്ടെ, യെന്നാൽ
പ്പുരിചോദിതൊരുകർമ്മമുണ്ടുധർമ്മം?
പെരിയോർ നരർതൻ സ്വഭാവമോർത്താൽ
നരികൾക്കുള്ള കടുപ്പമെത്രഭേദം"!

൩൬

സുതർവീരർ വിശിഷ്ടർ ആരുപേർ സം-
ഭൃതസത്ത്വാദിപരാക്രമോജ്ജ്വലന്മാർ
ഹതരായതുതന്നെയോർത്തുശോകാൽ
ധൃതരാഷ്ട്രൻ വിലപിച്ചു നാൾനയിച്ചു.

ത്തിന്റെ സത്തം കാണാമതിൽ. നിരീക്ഷണത്തെപ്പണി വേണമെന്നു മാത്രമേ ഉള്ളൂ. നിരീക്ഷകംമന്യത പോരാത്താനും!

ഇത്രയും പ്രതിപാദിക്കേണ്ടിവന്നതിന്ന് ഇത്തിരി അർത്ഥമുണ്ട്. "വള്ളത്തോളിന്റെ ആധുനികകൃതികളെല്ലാം തീരെ മോശം" എന്നൊരു പ്രവാദം, ആദരാഖ്യനെയോ, പരത്തിവിട്ടിട്ടുണ്ട്. അഭ്യസ്തവിദ്യരും, സഹൃദയംമന്യരും, ലേഖകന്മാർകൂടിയും ആയിട്ടുള്ള പലരും ഈ ആശയം പ്രാസംഗികമായി പകർത്തിപ്പകർത്തി വിടുന്നുണ്ട്. ഒരു ചെറിനഞ്ചിരുപത്തുകൊല്ലങ്ങൾക്കുമുമ്പുമുതൽ ചിലർ ഈ മതം തട്ടിവിട്ടു കേട്ടുവരുന്നുണ്ട്. തിരിഞ്ഞു നിന്നു കാരണം ചോദിച്ചാൽ, "മോശം മോശം" എന്നാവർത്തിക്കയല്ലാതെ, ഒന്നുമവർക്കു പറയാനില്ല. ഇംഗ്ലീഷു സാഹിത്യത്തിൽ വിദേശനായ ഒരാൾ പറയുകയുണ്ടായി. "വേഡ്സ്വർത്തും ഇങ്ങനെയായിരുന്നു. ഒരു പത്തുകൊല്ലമേ നല്ല കവിതയെഴുതീട്ടുള്ളൂ. പിന്നെത്തൊക്കെ തീരെമോശമായിരുന്നു—" ഇത്യാദി. പല്ല ഇംഗ്ലീഷു വിമർശകന്മാരും അങ്ങനെ സമ്മതിച്ചിട്ടുണ്ടെങ്കിൽ, അതിന്റെ ഏറെ ഭാഗമായിരിക്കും ഈ പറച്ചിൽ—എന്നു സമാധാനിച്ച് "ശരിയായിരിക്കാം" എന്നു ഞാൻ മൂളിത്താനും. പക്ഷെ, ആ മതം അങ്ങനെ നിരാധാരമായി ഇപ്പോഴും സാഹിത്യകജനതയ്ക്കിടയിൽ പടർന്നുന്നതു രസികന്മാരായ കവിമാനികളായാലും അല്ലെങ്കിലും അവശ്യം നിവാരണീയമത്രേ. ഈയിടയിലും, ഇക്കാര്യത്തിൽ ചിലരെന്നോടു പറയുകയുണ്ടായി. ഉദാഹരണവും ഉപപാദനവും ആവശ്യപ്പെട്ടാൽ, മിണ്ടുകയില്ല അവർ. അതിനുതന്നെ കൃതികൾ ചിലതെടുത്ത് "ഇതാണ്" വള്ളത്തോളിന്റെ "മാസ്റ്റർപീസ്" എന്നങ്ങോട്ടു പറഞ്ഞാൽ നിശ്ശബ്ദം!! വള്ളത്തോൾക്കവിതയെ കാര്യകാരണപ്രദർശനപുരസ്സരം ഞാൻ കർശനമായി വിമർശിച്ചിട്ടുണ്ട്. വെറുംപക്ഷപാതികൾ എന്നോട്ടു നന്നാമുഷിഞ്ഞിട്ടുംഉണ്ട്. ഞാൻവള്ളത്തോൾവൈരിയാണ് എന്നു കല്പിച്ചുവെച്ചിട്ടുമുണ്ട്. എനിക്കൊരു പരിഭവവുമില്ല. "ശിഷ്യനും മകനും" ആദ്യമായി പ്രസിദ്ധീകരിച്ചതു ഞാനാണെന്നു സാഹിത്യകജനതയ്ക്കറിയാം. "അച്ഛനും മകളും" പുറത്തു വന്ന ഉടനെ അതിന്റെ വൈശിഷ്ട്യവിലാസങ്ങളെ സ്വല്പമായെങ്കിലും ആദ്യമായി വെളിപ്പെടുത്തിയതും, എന്റെ അറിവിൽ ഞാൻതന്നെയാണ്. വള്ളത്തോൾസ്ഥാനഗായകന്മാരെ അതിലേയ്ക്കു നയിച്ചതും ഞാനാണ്.

ഒരഞ്ചാറുകൊല്ലങ്ങൾക്കിപ്പുറമുള്ള വള്ളത്തോൾകൃതികൾ, കുറച്ചുകൂടി മുറുക്കംകൂടിയവയാണ്. അസാധാരണഭംഗിയും അന്യാദൃശവൈശിഷ്ട്യവും തികഞ്ഞവയാണ് അവയിൽ ഒട്ടധികവും. "ഗൃഹാവിവാദം" "പൊസ്സ്യും പോത്തും" "ശൈവ്വാണിയും ഗംഗയും"— ഇത്യാദി ഒട്ടേറെയെണ്ണം ദൃഷ്ടാന്തീകരിക്കുയുമാവാം. വള്ളത്തോൾക്കവിത്വം, വാർദ്ധക്യത്തിലും നാൾക്കുനാൾ വളരുകയാണെന്നാണറിയേണ്ടതു്. മോശപ്പെട്ടുവെന്നല്ല.

പത്രമാസികക്കാർക്കയച്ചുകൊടുക്കുന്ന വരികളൊക്കെ മഹാസാഹിത്യമാണെന്ന് എനിയ്ക്കു പക്ഷമില്ലാത്താനും. ആദർശത്തിനുവേണ്ടിയും, അന്തസ്സിനുവേണ്ടിയും എഴുതുന്നവയും, പലപ്പോഴും രണ്ടാംതരമോ, മൂന്നാംതരമോ ആയിപ്പോകാറുണ്ട്. അവയെഅല്ല പ്രകൃതത്തിൽ മാനദണ്ഡമാക്കേണ്ടതും. ആത്മാർത്ഥതയും, സ്വയംജാതതയും തികഞ്ഞ കൃതികളെടുത്തു പരിശോധിയ്ക്കണം. പഠിച്ചു പരിശോധിയ്ക്കണം. ബഹുധാ വിമർശിയ്ക്കണം. അപ്പോഴവയുടെ മാറ്റും മഹിമയും വെളിപ്പെടും; വെളിവാക്കിത്തരാം.

സാഹിത്യം പൊതുജനസ്വത്തായപ്പോഴത്തെ വൈഷമ്യമാണ് ഇതു്. അവർക്കു മനസ്സിലാക്കുകവയ്യ! കവിത്വം കെട്ടു എന്നു പറഞ്ഞു വിട്ടേയ്ക്കുകയും!! അബദ്ധം—അസംബദ്ധം!!!

വള്ളത്തോൾക്കവിത്വം ഇന്നും ഉയരുന്നതായി ഞാൻ കാണുന്നു. അദ്ദേഹം നവനവസാഹിത്യനിരതനാകയാലാവാം ഈ വൈഭവം നിലനില്ക്കുന്നതു്. ജന്മാന്തരസംസ്കാരവും പ്രധാന കാരണംതന്നെ. "കവിസഹൃദയാഖ്യ" മായ ആ "സരസ്വതീതത്ത്വം" വിജയിയ്ക്കട്ടെ!!!

# കുമാരസംഭവം.

## മൂന്നാം സർഗ്ഗം

(വിദ്വാൻ, ശ്രീ. സി. മാധവമേനോൻ.)

കണ്ണുകളോരായിരമൊന്നായിപ്പതിപ്പിച്ചാൻ 1
വിണ്ണോരെവെടിഞ്ഞിന്ദ്രനനന്തരം കന്ദർപ്പനിൽ,
കാര്യമുണ്ടെന്നാകുമ്പോൾ പ്രാഭവംകൂടുന്നോരും
ഗൗരവംനടിച്ചീടാ ഭൃത്യന്റെനേർക്കുപോലും.

"ഇങ്ങുവന്നിരുന്നാലു"മെന്നോതി ത്രിദിവപതി- 2
യംഗജന്നിടം തന്റെയാസനോപാന്തേ നൽകി,
കുമ്പിട്ടുകൂപ്പി കാമൻ പ്രഭുവിൻ പ്രസാദത്തെ
സമ്പ്രതി കൈക്കൊണ്ടുടനേകാന്തേ ചൊല്ലീടിനാൻ:

"ആളുംതരമറിഞ്ഞീടുമങ്ങുന്നു കല്പിച്ചാലും 3
കർത്തവ്യമായിട്ടുള്ളതെന്തെന്നു ജഗത്തിങ്കൽ,
താവകതിരുവുള്ളമുണ്ടെന്നിൽ സ്മരിക്കയാ-
ലാവരമാജ്ഞകൊണ്ടുവളർത്താനിച്ഛിപ്പുഞാൻ.

ആരുനിൻപദം മോഹിച്ചുഗ്രമാം തപംമൂലം 4
വൈരിയായ് വർത്തിക്കുന്നു നിന്തിരുമേനിക്കിപ്പോൾ?
സായകംതൊടുത്തോരീയെൻ വില്ലിൻവശത്തായി-
ട്ടായവൻവശംകെട്ടു വല്ലാതെയാകുംനൂനം.

ആരഹോ, പുനർഭവക്ലേശങ്ങൾ ഭയപ്പെട്ടു 5
സ്വാരാജ്യമാർഗ്ഗത്തിങ്കൽ കാലൂന്നുമനിഷ്ടൻതേ?
ചൊല്ലുകായവനെഞാൻ മല്ലാക്ഷീജനത്തിന്റെ
ചില്ലികൾചുളിച്ചുള്ള നോട്ടത്താൽ കെട്ടീടുവൻ.

ശുക്രനിൽനിന്നുംനീതിയഭ്യസിച്ചോനെന്നാലും 6
തർക്കമില്ലവനുള്ള ധർമ്മത്തെ, യർത്ഥത്തെയും
കൈക്കൊൻതകർത്തീടാം, വാഹിനീതടങ്ങളെ
ചിക്കെന്നാപ്രവാഹംപോൽ രാഗമാംദൂതൻമൂലം.

ആരവൾ, പാതിവ്രത്യനിഷ്ഠയാൽ ശാഠ്യംകാട്ടി- 7
പ്പോരുമാരുചിരാംഗി, നിന്മനം കവർന്നവൾ?
ചൊല്ലുക, നിർല്ലജ്ജം നിൻകണ്ഠത്തിൽതാനേവന്നാ-
മല്ലാക്ഷീമണികെട്ടിപ്പുണരും മട്ടിലാക്കാം.

അന്യനാരിയെത്തൊട്ട കുറ്റത്തിന്നവിടുന്നു 8
ചെന്നടൻനമിച്ചിട്ടും കോപനയാകുമേവൾ
അങ്ങയെഗ്ഗണിച്ചീലാ? പല്ലവക്കിടക്കയിൽ
തിങ്ങുമുൾത്താപത്തോടും കിടത്താമവളെ ഞാൻ.

താവകവജ്രംവീര, വിശ്രമമാർന്നീടട്ടേ, 9
ദേവവൈരിയാമേവനെന്നുടെ ബാണങ്ങളാൽ
കൈയൂക്കു പോയ്പ്പോയ്പേടിച്ചീടണമരിശത്താ-
ലസ്സ്യാ,ച്ചൊടിതുള്ളും പെണ്ണിനെക്കണ്ടാൽപ്പോലും?

ഉണ്ടു നിൻകൃപയെന്നാൽ, പൂമ്പാണനെന്നാലുംഞാൻ 10
രണ്ടില്ലപക്ഷം, കൂട്ടാമാധവനേകൻപോരും
ധന്വിയാം ഹരന്റെയും മാനസമിളക്കീടാം;-
മന്യധന്വികളെല്ലാം പിന്നെയെന്തോതിക്കൊത്താൽ"!

പാദത്തെയൂരുതന്നൂരുമേൽനിന്നും പിന്നെ 11
സാദരം താഴത്തെഴും പീഠത്തിലർപ്പിച്ചിന്ദ്രൻ
താനന്നംകൊതിച്ചിട്ടും കാര്യവും ചൊല്ലുന്നോരു
മന്മഥൻതന്നോടേവം ചൊല്ലുവാനൊരുമ്പെട്ടാൻ:

"പങ്കജാതി, ഭവാനുണ്ടുസാമർത്ഥ്യമിതിന്നെല്ലാ- 12
മങ്ങയും പവിയും താനിങ്ങു മേരണ്ടായുധം;
വജ്രമത്തപോബലമുള്ളോരിൽ ഫലിച്ചീടാ,
നീയ്യാകിലെങ്ങും ചെല്ലും കാര്യവും നേടുംനൂനം.

തത്സാരംഗ്രഹിപ്പൂഞാൻ, നായതുകൊണ്ടുതന്നെ 13
മത്സമനാകും നിന്നെയേല്പിപ്പതീവൻകാര്യം;
ഭൂവിനെധരിച്ചീടാനുണ്ടു കെല്പെന്നോർത്തല്ലോ
ശ്രീവിഷ്ണു സർപ്പേന്ദ്രനെ തല്പമായ് നിയമിച്ചു.

ഉഗ്രനിൽപ്പോലും ബാണമെയ്യുമേവനെന്നിവണ്ണ- 14
മഗ്രേ നീകഥിക്കയാലേറ്റപോലായി കാര്യം
ഉഗ്രവൈരികളേറും വിണ്ണവർക്കിക്കാല-
മാഗ്രഹമിതുതന്നെയെന്നു നീയറിഞ്ഞാലും.

വേണമിദ്ദേവന്മാർക്കു സേനാനിയായീടുവാ- 15
നേണാങ്കചൂഡനുണ്ടാം നന്ദനൻ ജയാർത്ഥമായ്;
ബ്രഹ്മാംഗഭൂവായ് സാക്ഷാൽ ബ്രഹ്മത്തിൽനിലീനനാ-
മമ്മഹാദേവൻതന്നെ നിൻബാണമൊന്നാൽ വെല്ലാം.

ആകയാൽ, പരിപൂതയായീടുംഗിരിജയി- 16
ലാ യമിക്കഭിലാഷം തോന്നുവാൻ യത്നിച്ചാലും;
'തദ്ബീജം വഹിച്ചീടാനില്ലപെണ്ണവളെന്യേ'-
യബ്ജസംഭവനേവം ചൊല്ലിനാൻമുന്നേതന്നെ.

താതശാസനം മൂലമദ്രികന്യയുമിപ്പോൾ 17
ഭൂതനായകൻ തപംചെയ്യുമഗ്ഗിരിതന്മേൽ
മപ്പുരാരിയെസ്സേവിച്ചങ്ങുതാൻ മേവുന്നെന്നാ-
രപ്സരസ്ത്രീകൾ—മമചാരവർഗ്ഗത്തിൽപ്പെട്ടോർ.

പോകനീയെന്നാൽ, ദേവകാര്യസംസിദ്ധിക്കായി; 18
കാര്യമിതാകേണ്ടതു മറ്റൊന്നിൽനിന്നാകിലും
വിത്തുതന്മുളയ്ക്കാദ്യം വെള്ളമെന്നതുപോലെ
മുഖ്യമാമക്കാരണത്തിന്നു നിൻതുണവേണം.

# ഒരു പ്രസംഗം.

(അംശവരസികൻ.)

കിണ്ണംകുറ്റി ഗ്രാമം. വൈകുന്നേരം നാലുമണിസമയം. ക്ഷേത്രത്തിന്റെ വടക്കുവശത്തു് ഒരു വലിയ ജനക്കൂട്ടം. അഞ്ചുവയസ്സുമുതൽ പത്തുപന്ത്രണ്ടുവയസ്സുവരെ പ്രായമുള്ള കുറെ ആൺകുട്ടികളും പെൺകുട്ടികളും നിലത്തു് ഇരിയ്ക്കുന്നു. പിന്നിൽ കുറെ പ്രായംചെന്ന കാരണവന്മാരും നില്ക്കുന്നു. അവിടെ ഒരു പ്രസംഗം നടക്കാൻപോകയാണ്. ഒരു മേശയും മൂന്നു നാലു കസാലകളും ജനക്കൂട്ടത്തിനുമുന്നിൽ ഇട്ടിരിയ്ക്കുന്നു. കൂട്ടത്തിൽ ഒരു കാരണവർ അടുത്തു നില്ക്കുന്ന ഒരു താടിക്കാരനോട്, "ആരാ പ്രാസംഗികൻ?" എന്നന്വേഷിച്ചു. അതിനുത്തരമായി ആ താടിക്കാരൻ ഇങ്ങിനെ പറഞ്ഞു. "ശ്രീ. കനകക്കൊലമേനോൻ—കേട്ടിട്ടില്ലേ?—അതിവമ്പൻ. സംസ്കൃതക്കുട്ടി—ആവേശമോ അസാധ്യം—നോക്കുവിൻ—അതാ വരുന്നു—തടിച്ചു കുള്ളൻ തന്നെ" ഇതു പറഞ്ഞുകഴിഞ്ഞപ്പോഴെയ്ക്കു ശ്രീ. കനകക്കൊലമേനോനും അധ്യക്ഷനായ ചിത്രമോഹനദാസുംകൂടി പ്രസംഗമണ്ഡപത്തിലെത്തി. പിഞ്ചുകുട്ടികളുൾപ്പെടെയുള്ള ശ്രോതാക്കളെല്ലാം നിശ്ശബ്ദരായി. ഒരു നീളൻ ജുബ്ബാപ്പോക്കറ്റിന്റെയുള്ളിൽ കടന്നു കൂടിയിരുന്ന പ്രാസംഗികനെയും "ചെറുദീർഘകായ"നായിരുന്ന അധ്യക്ഷനെയും ചെറിയ പെൺകുട്ടികൾ നിർന്നിമേഷാക്ഷികളാൽ നോക്കിക്കൊണ്ടിരുന്നു. പ്രാർത്ഥനയ്ക്കുശേഷം അധ്യക്ഷൻ സ്വല്പം ചില വാക്കുകൾമാത്രം പറഞ്ഞു മി. മേനോനെ പ്രസംഗത്തിനു ക്ഷണിച്ചു. ഉടനെ ശ്രീ. കനകക്കൊലമേനോൻ ഹസ്തതാഡനാരവങ്ങൾക്കിടയിൽ എഴുന്നേറ്റുനിന്ന്, സദസ്സിനെ മുഴുവനും ഒന്നു നോക്കി ഇങ്ങിനെ പറഞ്ഞു. "ആ നില്ക്കുന്നവരെല്ലാം ഇരിക്കണം. അവിടെ കൂടി നില്ക്കുന്നവർ മുൻവശത്തുവന്നിരിക്കണം. എന്നാലേ ഞാൻ പ്രസംഗിക്കൂ." ഈ കല്പന സദസ്യർ ഉടനെ അനുസരിച്ചു. പിന്നെ മി. മേനോൻ ഇടത്തോട്ടും വലത്തോട്ടും മുന്നോട്ടും വഴിക്കുവഴിയെ തുറിച്ചുനോക്കിയും ചിലപ്പോൾ മേശയിൽ കൈമുട്ടുകൾ ഊന്നിത്താണുനിന്നും മുഷ്ടി ചുരുട്ടിക്കാട്ടിയും ഇങ്ങിനെ പ്രസംഗം ആരംഭിച്ചു.

"മാന്യസ്നേഹിതന്മാരേ, സ്നേഹിതകളേ, പരമപാവനതപരിമളവിലസിതഭാസുരമായ ഈ ആഗസ്റ്റ് 15-ാംനു നമ്മുടെ സുമധുരപുളകാങ്കുരബന്ധുരചിത്രവിരചനപടീയസ്സായ സ്മൃതിഫലകത്തിൽ ആരുടെ രൂപമാണ്—ഏതിന്റെ സമസ്തസമ്മോഹനമണിവീണാഗാനതരണനമാണ് പതിയുന്നത്? (ഒടുവിലത്തെ ഭാഗം മുഷ്ടിയുയർത്തി ഉറക്കെപ്പറയുന്നു). ഭാരതമഹിമഹിളാമകുടതടവിലസിതവിചിത്രമാണിക്യകിരീടകാന്തിപ്രഭാഭാസുരനും വിദേശാസുരകർദ്ദമമർദ്ദനപ്രചണ്ഡകോദണ്ഡമണ്ഡിതനും ആയ അഖിലലോകസമസ്തസുസ്നേഹപീയൂഷയൂഷധാരാഗളൽകല്പവൃക്ഷപ്രസൂനസമാനബാപ്പുജിയല്ലയോ ആ രൂപം?

---

നിർജ്ജരകാര്യാപായമാം ശിവൻ വശത്തായാൽ 19
ക്കിൻബാണമൊന്നോ പറവൂ, നികൃതകൃതഘ്നൻ നൂനം;
സാരമില്ലെന്നാൽപ്പോലുമന്യരാലസാധ്യമാം
കാരിയം ചെയ്തിട്ടന്നാ പുരുഷന്നുണ്ടാം കീർത്തി.
ഞങ്ങളാണഭ്യർത്ഥിപ്പോർ, കാര്യമോ മുപ്പാരിന്നു, 20
മംഗളം. ഭവാനുള്ള വേലയോ ചാപത്താലും!
ഹിംസയുമില്ലിങ്ങേറെ, യെന്തിതിൽപ്പരം കാമ്യം?
ഉൽസാഹേ, തവ വീര്യമോർത്താലമത്യാശ്ചര്യം!
ഉത്സാഹധൈര്യത്താലീമധുവും സഹായിക്കു- 21
മുത്സാഹപൂർവ്വം നിൽക്കുന്ന ചൊല്ലാംതതരെന്നു നൂനം;
ചെന്നു നിർഭേദിച്ചാലുമഗ്നിയെയെന്നീവണ്ണ-
മെന്നുമേ സമീരനോടാരാനും ചൊല്ലാറുണ്ടോ"
തന്നിദേശത്തെശ്ശീഘ്രം കൊണ്ടുടൻ നിർമ്മാല്യത്തെ- 23
യെന്നപോൽ കൈക്കൊണ്ടേറ്റമാരനെ യപ്പോളിന്ദ്രൻ
നാലുകൊമ്പുകളാർന്ന നാഗരാജനെത്തട്ടി-
ത്തോലുകക്കശമായ പാണിയാൽ തലോടിനാൻ.
പേടിച്ചു പിമ്പേ ചെല്ലുംതോഴനാം മധുവോടും 23
പേടമാന്മിഴിയാം തൻ പ്രേയസിയോടുംകൂടി
'ചാകിലും നേടും കാര്യ' മെന്നുറച്ചവനപ്പോൾ
ശ്രീകണ്ഠൻ തപം ചെയ്യുമാശ്രമം നോക്കിച്ചെന്നാൻ.

(തുടരും)

പ്രസംഗം ഇത്രയുമായപ്പോൾ ഒരു കാരണവർ കോട്ടുവായിട്ട് "അമ്മുക്കുട്ടി, സമയമെന്തായെടി!" എന്ന് അടുത്തിരിക്കുന്ന സ്വപുത്രിയോടു ചോദിച്ചു. ഉടനെതന്നെ പ്രാസംഗികൻ ആയാളുടെനേരെതിരിഞ്ഞു "ആരാവിടെ സംസാരിക്കുന്നു? മിണ്ടാതിരിക്കണം." എന്നാജ്ഞാപിച്ചു. ഇതുകേട്ടകാരണവർ 'ഇപ്പോൾപറഞ്ഞതു മനസ്സിലായെ'ന്നു പറഞ്ഞുകൊണ്ടു പതുക്കെ നീങ്ങി അടുത്തുള്ള ഒരാൽത്തറയെ ശരണംപ്രാപിച്ചു. പ്രാസംഗികൻ തുടർന്നു "മാന്യരേ, എനിക്കീപ്രസംഗം കഴിഞ്ഞാൽ ഉടനെതന്നെ കാറിൽ 'പഴയപാലത്തു' ചെന്നു ഒരു പ്രസംഗംകൂടി ചെയ്യേണ്ടതുള്ളതിനാൽ എന്റെപ്രസംഗം കഴിഞ്ഞഉടൻ ഞാൻ പോകും.— "ആ മഹാൻ കാരാഗൃഹകരാളകുക്ഷിഭിത്തികാമധ്യവർത്തിയായ അവസരത്തിൽ ഭാരതത്തിന്റെ ആ വശതരളിതഹൃദയമുകുളങ്ങളാഭാവിലാസലാലസമായ എത്രദിനങ്ങൾ കടന്നുപോയി? ശസ്ത്രസംസ്പർശനകിൽബിഷദ്വാരവ്യപേതസമരരസികരസായനമായ ആ ദിവ്യഹസ്തപങ്കജങ്ങളുടെ മുദ്രകളാൽ അങ്കിതമല്ലാത്ത സ്വതന്ത്രഭാരതമഹിതലവിലാസിനിയ്ക്കു ശോഭാതിശയപ്രഭാവപുഷ്കളതയുണ്ടാവും. മാന്യന്മാരെ, മൃദുലതരപല്ലവപങ്കജദളസങ്കുലസംഘർഷശങ്കിയായ ആ പാവനപദയുഗളപാംസുപടലവിരാജിതമായ "നവഖലി" തന്നെധന്യധന്യം.! രൂക്ഷരാക്ഷസപാശതാവതാരലോലരസതൃപ്തിയായ ആ മഹാപാപിഷ്ഠനിഷ്ഠുരനാരകീയനരനികരനിസ്സാരകീടഹതകന്റെ കൈത്തോക്കുണ്ടയേറ്റു സ്വർല്ലോകവല്ലവീജനകരപല്ലവാന്ദോളനവിഹാരിയായിത്തീർന്ന ആ പരമജ്ഞാനഭാണ്ഡാഗാരാന്തർവർത്തിവർത്തുളമാണിക്യപ്രകാണ്ഡം വിനഷ്ടമായ കഥയെങ്ങിനെ ശോകവിദലിതതീവ്രവേദനാർദ്രമായ ഹൃദയത്തോടുകൂടിയല്ലാതെ സ്മരിയ്ക്കും!"

പ്രസംഗം ഈ ഘട്ടത്തിലെത്തിയപ്പോഴേക്കും കൂട്ടത്തിലുള്ള ഒരുകുഞ്ഞ് അടുത്തിരിക്കുന്ന തന്റെ ചങ്ങാതിയുടെ പൃഷ്ഠത്തിൽ ഒരു നുള്ളുകൊടുത്തു. അതിന്റെ ഉപദ്രവംകൊണ്ടു തുള്ളിയ ചങ്ങാതിയെക്കണ്ടു പിഞ്ചുകുട്ടികളെല്ലാം പൊട്ടിച്ചിരിച്ചു. ആ തക്കത്തിൽ ഹെഡ്മിസ്ട്രസ്സ് ചിരുക്കുട്ടിയമ്മ അടുത്തിരുന്ന ജാനുവിനോടു "എന്തേ, ജാനു ഈയാൾ പറഞ്ഞുകൊണ്ടിരുന്നു? ഇനിക്കശ്വാസം മുട്ടീട്ടപ്പായി കിട്ടോ"—എന്നുപറഞ്ഞു. അതിനു ജാനുവിന്റെ മറുപടി- "ഇതുപോലെ ഞാൻ മുമ്പൊന്നുകേട്ടിട്ടുണ്ട്. അതിനുപറഞ്ഞുപേര്- " ആരികഥ " യെന്നോമറ്റോ ആയിരുന്നു. പക്ഷെ; അതെന്തിനപ്പാ! ഇന്നത്തെ സ്വാതന്ത്ര്യലബ്ധിയിൽ!- ജനങ്ങളുടെ സെപ്പിളിക്കനായിരിക്കും- നാക്കുകൾ കൊണ്ടുക." എന്നായിരുന്നു. ഈ ശബ്ദങ്ങൾ പ്രാസംഗികനെ വിറളിപിടിപ്പിച്ചു. ആയാൾ ക്രുദ്ധനായി ഒന്നു ചുറ്റുംനോക്കി മേശമേൽ ഒരിടി. ഉടനെ വളണ്ടിയർമാർ 'നിശ്ശബ്ദം'എന്നു വിളിച്ചുപറഞ്ഞു. സദസ്സ് വീണ്ടുംശാന്തമായി. പ്രാസംഗികൻ തുടർന്നു "ഭാരതത്തിന്റെ ആ അടിമത്തപാദിശപ്തകാളായസശൃംഖലാബന്ധനനിർഭരവേദനാവഹനോദനപടുക്കളായ ഹസ്തങ്ങളെവിടെ? ഭാരതത്തിന്റെ നരകയാതനാകടുകർദ്ദമദുർദ്ദമമർദ്ദനാർദ്ധവേദനകരപ്രസാദമായ ആ വചനങ്ങളെവിടെ? ഭാരതത്തിന്റെ സ്വദേശനചക്രകർശനിഷ്ഠുരങ്ങളെ? വിനാശനസമർത്ഥമായ ചക്രാക്രമണവിക്രമദർശനഭാഗ്യമമായ ആ മനസ്സെവിടെ?"

ഇത്രത്തോളമായപ്പോഴേയ്ക്കും നാഭലക്ഷ്യമായ ജ്ഞസ്സിന്റെ ശകാരംപോലെ തലയ്ക്കുമീതെ ചതിച്ച മഴച്ചാറലിൽ തുള്ളിച്ചാടി പിള്ളരെല്ലാം തുരുതുരെ പാഞ്ഞു. പ്രാസംഗികൻ പ്രസംഗം നിർത്തി തന്റെ കാറിലേയ്ക്കോടി, അതിൽ കയറിക്കൂടിയെങ്കിലും മഴയുടെ അരുപ്പുകൊണ്ടോ, ആ പ്രസംഗംകൊണ്ടുണ്ടായ ജാഡ്യംകൊണ്ടോ എന്തോ കാർ മുന്നോട്ടുനീങ്ങിയതേയില്ല. എന്തോ ചില യുവാക്കന്മാരുടെ പ്രയത്നത്താൽ ഒരു വിധത്തിൽ കാറിൽ കുടുങ്ങിയ പ്രാസംഗികൻ പെരുവഴിയിലെത്തിച്ചേർന്നു. മഴയൊന്നൊതുങ്ങിയപ്പോൾ അദ്ധ്യക്ഷൻ, വീട്ടിൻതിണ്ണകളിൽ പറന്നുകൂടിയിരുന്ന ചിലരെയെല്ലാം വിളിച്ചുകൂട്ടി യോഗം ഉപസംഹരിച്ചുകൊണ്ടിങ്ങനെ പറഞ്ഞു. "മാന്യന്മാരെ! ശ്രീ കനകമേഖലാമേനോൻ പറഞ്ഞതെല്ലാം വളരെ വാസ്തവമാണ്. ഭക്ഷണക്ഷാമംകൊണ്ടും, വസ്ത്രക്ഷാമംകൊണ്ടും മററും കഷ്ടപ്പെടുന്നവരെ ഗവമ്മേണ്ടു സഹായിക്കണമെന്ന് അദ്ദേഹം പറഞ്ഞതിനോടു ഞാൻ പൂർണ്ണമായും യോജിക്കുന്നു. പക്ഷെ സെമിണ്ടാറിബില്ലിനെ കുറിച്ച് മി. മേനോൻപറഞ്ഞ സംഗതി എനിക്ക് സമ്മതമല്ല. വസ്ത്രവിതരണത്തിനു ഗവമ്മേണ്ടുചെയ്ത പ്രവൃത്തികളെ അഭിനന്ദിച്ചതു നന്നായി. അദ്ദേഹം ഒടുവിൽ പറഞ്ഞതുപോലെ നമ്മുടെ ഹസ്തങ്ങളും, മനസ്സും, വചനങ്ങളും നാം ഭാരതത്തിന്റെ സേവനത്തിനു സമർപ്പിയ്ക്കണമെന്ന് ഉൽബോധിപ്പിക്കട്ടെ. നിങ്ങളുടെപ്രതിനിധിയുടെ നിലയിൽ ഞാൻ മി. മേനോനോടു നന്ദിപറയുന്നു."

# സോദരീസോദരന്മാർ
## അഥവാ
# പാഞ്ചാലീപരാഭവം.

(ഡാക്ടർ, കൊയാത്തു് കൊച്ചുണ്ണിമേനോൻ.)

—തുടർച്ച—

1അപ്പൂവിൻ 2തണ്ടെത്ര ശാഖോപശാഖയായ്
നില്ക്കുന്നു; നാഡികളെന്നപേരിൽ
അപ്പൂവിൽ 3ഹ്രസ്വവികാസവിലാസവും
4ചോപ്പുമത്താളമേള 6ക്കൊഴുപ്പും
അപ്പൂവിന്നുള്ളിലെ 7നാലറയ്ക്കുള്ളൊത്ത-
ച്ചെപ്പുണ്ണിപ്പൊത്തു 8സഞ്ജീവസത്തും
9വ്യാനോദ്ഗാരത്തിൽ യന്ത്രപ്പണികളും
10ശോകാപാകുലസ്പന്ദൽക്കമ്പികളും
അവയവയൊക്കെ നിയന്ത്രണം ചെയ്യുന്ന
മായാവിലാസവൃന്ദാംശകങ്ങൾ!!
അപ്പൊഴോ 11മേടയാൽ മൂടിയ ലോലാഷാസ്ത്രീ-
ത്തെപ്പമിരിക്കുന്നിതുള്ളിൽപ്പോലും
അമ്പമ്പ! എന്തിതിന്റെ മാഹാത്മ്യം തന്നെയോ
കമ്പളിപ്പൂച്ചതോ, മൂടി,ചൊൽവൂ?
പട്ടുപോലുള്ളൊരു 12സന്ധിയിൽ തൂങ്ങുന്ന
കെട്ടിഞാന്നുള്ള പൂച്ചട്ടിപോലെ!
നെഞ്ചകമഞ്ചവിപഞ്ചി 13നിശ്ശബ്ദയായ്
വഞ്ചിപ്പതെപ്പോഴെന്നാർക്കറിയാം?
ഓരോരൊ 14സ്പന്ദനം കൊണ്ടുമതോതുന്നി-
തോരോരോസന്ദേശം സാരഗർഭം
ഗോപ്യമായ് ജീവിതത്തിന്റെ ഓരോ മാത്രയും
15പ്രാപ്യസ്ഥാനത്തെക്കടുപ്പിക്കുന്നു.
ഭോഗാനുരക്തി 16വികാരവികാസങ്ങൾ
17ഭാവത്തെക്കൂട്ടുന്ന യാത്രക്കാറാം.
18ശസ്ത്രത്തിൽശോധനം കൊണ്ടൊന്നും കണ്ടെത്താ-
നെത്രയോ തന്ത്രങ്ങളുണ്ടതിങ്കൽ!
ശില്പിതൻ വിദ്യകളെല്ലാർക്കുമൊന്നുപോൽ
കല്പനാദൃഷ്ടിയ്ക്കു ഗോചരമോ?
ഒട്ടുഭാവന ചെയ്യുവാനക്കവി
ദൃഷ്ടിക്കുമാത്രമേ ശക്തിയുള്ളു.
സാമാന്യക്കാരനൊരാനയെക്കാണുമ്പോ-
ളാമാന്യസത്വത്തെ മാത്രം കാണ്മൂ.
കാണുന്നു നൽക്കവി, സുന്ദരം മന്ദപ്ര-
യാണവും, തുമ്പിക്കരവും, ഗർവ്വും
ഭൂമൊരൊത്തനാരീനടയും, തുടയുമ-
പ്പൂരുഷപ്രൗഢിയുമൊപ്പമപ്പോൾ.
ഇങ്ങിനെയുള്ളൊരു നോട്ടത്തിൽ കണ്ടതാ-
ണംഗനാചിത്തത്തിൻ മൂലതത്വം.

ഏറിനമാർദ്ദവപ്പാവുമുറുകയാ-
ലേറെക്കഠിനം താൻ സ്ത്രീഹൃദയം.
ആകാരഗുപ്തിപ്രവീണതകൊണ്ടു നാം
സ്വീകാരയോഗ്യമതെന്നു കാണ്മൂ?
ശൃംഗാരനാടകരംഗങ്ങൾ, മാനസാ-
ഭ്രംഗാരാമങ്ങൾ, താനംഗനമാർ.
ഇംഗിതരത്നങ്ങൾ സൂക്ഷിച്ചു തൻ ചിത്ത-
രംഗഭണ്ഡാരം തുറന്നുകാട്ടാ.
കേവലരാമാരോരൊ ഹാവം വനിതാസ്വ-
ഭാവം വശീകരണായുധങ്ങൾ.
ആനന്ദോല്ലാസവിലാസങ്ങൾ, മാനവ-
മീനങ്ങൾക്കിട്ടിടും ചൂണ്ടലുകൾ.
ഏകമുഹൂർത്തത്തിൽ നാകവും നാരക-
ലോകവുമാക്കവർ തീർക്കുകില്ലേ?
സ്മേരാസ്യസ്ഥാനത്തിൽ കാണാം കാകോളവും
നീരസക്കൺകോണിൽ നന്മധുവും
രമ്യവസ്തുക്കളീലോകത്തിലുള്ളതിൽ
ഗമ്യമല്ലത്തു നാരീചിത്തം.
ഉത്തമം, മദ്ധ്യമം, മറ്റൊന്നധമമെ-
ന്നിത്തരം മൂന്നു തരങ്ങൾ ചിത്തം.
ആയതിലാദ്യത്തെത്രകോൽകൊണ്ടാലും
തോയനിധിക്കൊപ്പം ഗംഭീരന്താൻ
പട്ടിൽപ്പൊതിഞ്ഞോരു ഹീരകമാണതു
തട്ടിപ്പിലൊന്നുമേ വെണ്ണയാകാ.
ചാരിത്രവാടിയിൽ വാടാമലർമധു
തേടാൻ വിടാ വിടവണ്ടതാനെ
താരുണ്യലാവണ്യഗംഗാതരംഗത്തിൽ
ഘോര ഹംസക്രീഡ സമ്മതിക്കാ.
കണ്ടെത്തും മാനവമത്സ്യത്തിനൊക്കെയും

---

1. അപ്പൂവ്-ആ സ്ത്രീ ചിത്തം. ie ഹൃദയം (Heart) 2തണ്ട്-അതിനെ താങ്ങുന്ന ഏറ്റവും വലിയ ശുദ്ധരക്തനാഡി Aorta 3ഹ്രസ്വവികാസങ്ങൾ-Contractions and expansions of heart. 4. ചോപ്പ്-രക്തവർണ്ണം. reddistness of heart. 5. താളമേളങ്ങൾ-സങ്കോചിക്കയും വികസിക്കയും ചെയ്യുമ്പോളുണ്ടാകുന്ന ശബ്ദഭേദങ്ങൾ Systolic and diastolic sounds. 6. മേളക്കൊഴുപ്പ്-Rhythm, metr 7. നാലറകൾ. Two auricular and two Ventricular Cavities. 8. രക്തം. blood. 9. Auricular and Venticular openings. ഒരറയിൽനിന്നു മറ്റെ അറയിലേക്കും അതിൽനിന്നു നാഡികളിലേക്കും രക്തപ്രസരണത്തിനുള്ള പഴുതുകൾ. 10. nerves conveying emotions. വികാരങ്ങളെ വഹിക്കുന്ന സ്നായുക്കൾ. 11, ഹൃദയത്തിന്റെ ആവരണച്ചർമ്മം. 12. Pericardial sal ഈ സന്ധിയിലാണ ഹൃദയം തൂങ്ങിക്കിടക്കുന്നതു. 13. ഹൃദയസ്തംഭം. Heart-brake 14. മിടിപ്പു. Heat-beat. 15. ശ്മശാനക്കുഴി grave. 16. കോപം, ദ്വേഷം, അതിസന്തോഷം മുതലായവയുടെ ജൃംഭണങ്ങൾ. 17. അതിയായ ആ വികാരസ്ഫുരണങ്ങളും ആയുസ്സിനെ കുറയ്ക്കുന്നവയാണ്. 18, ശസ്ത്രശോധനം, ഹൃദയശകലനം. Dissection of Heart.

ചെറുകഥ.

# പിതൃസമാഗമം.

(ശ്രീമതി, പോട്ടയിൽ കമലാദേവി, ബി. എ.)

പതിവുപോലെ അന്നും നേരം ഉച്ചയായി. രവിപുരത്തിലെ നിവാസികൾ മിക്കവരും മദ്ധ്യാഹ്നസൂര്യന്റെ അത്യുഷ്ണത്തിൽ മയങ്ങിയിരുന്നു. ഇടക്കിടയ്ക്കു പോയിരുന്ന ചില വഴിയാത്രക്കാരും വാഹനങ്ങളും മാത്രമെ പ്രകൃതിയുടെ നിശ്ശബ്ദതയെ ഭഞ്ജിച്ചിരുന്നുള്ളു. ഉച്ചഭക്ഷണം കഴിഞ്ഞ് ഉദ്യോഗസ്ഥന്മാരെല്ലാം വീടുകളിൽ നിന്നുമടങ്ങി, വിദ്യാലയങ്ങൾ പിന്നെയുംകൂടി. ആൾസഞ്ചാരം വളരെ കുറവായിരുന്ന ആ ഉച്ചസമയത്ത് ഒരു പിച്ചക്കാരൻ മാത്രം പ്രധാനരാജവീഥിയിൽക്കൂടി നടക്കുന്നുണ്ടായിരുന്നു. വിശന്നുവലഞ്ഞിരുന്ന അവന്റെ മുഖത്തു വാർദ്ധക്യത്തിന്റെ ലക്ഷണങ്ങൾ സ്പഷ്ടമായി തെളിഞ്ഞിരുന്നെങ്കിലും, അവൻ ആ എരിപൊരികൊള്ളുന്ന വെയിലത്തു വിശ്രമിക്കുവാൻ ശ്രമിച്ചില്ല. കീറിപ്പൊളിഞ്ഞതുമുണ്ടും ഒരു പാളക്കിറും മാത്രം ആധാരമുണ്ടായിരുന്ന അവൻ ഒരു കാലത്ത് ഒരു പ്രമാണി ആയിരുന്നുഎന്ന് ആരുംഇപ്പോൾ ശങ്കിക്കുകയില്ല. അനവധിദിവസമായി ആഹാരം കണികാണ്മാൻപോലും കഴിയാത്ത അവന്റെ ക്ഷീണിച്ചുചുളിഞ്ഞ മുഖത്തു സൂക്ഷിച്ചുനോക്കിയാൽ കുലീനത്വത്തിന്റെ ലക്ഷണങ്ങൾ മറഞ്ഞുകിടക്കുന്നതു കാണാം. അതെ, തീർച്ചയായും ആ ഭിക്ഷുവിന്റെ പിന്നിൽ ഒരു നീണ്ട ചരിത്രമുണ്ട്.

ബാല്യത്തിൽ മാതാപിതാക്കന്മാരുടെ ഏകസന്താനമായിരുന്ന അവൻ യാതൊരു സങ്കടങ്ങളുമറിയാതെ താരുണ്യത്തിലേയ്ക്കു കാലെടുത്തുവെച്ചു, അവരുടെ ഇഷ്ടാനുസരണം ഒരു കുലീനകുടുംബത്തിൽ വിവാഹം കഴിച്ചു. ഏറെത്താമസിയാതെ ഒരോമനസ്സന്താനത്തിന്റെ പിതാവുമായി. എന്നാൽ ഈ അവസ്ഥയുടനീളം കൊണ്ടുപോകുവാൻ ഹതവിധി അയാളെ സമ്മതിച്ചില്ല. വിവാഹാനന്തരം രണ്ടുകൊല്ലം കഴിഞ്ഞ് അച്ഛനും, അതേത്തുടർന്ന് മാതാവും കാലഗതിയടഞ്ഞു. സുഖമായി കഴിഞ്ഞുകൂടുവാനുള്ള സ്വത്തിന്റെ അധിപതിയായിത്തീർന്ന മകൻ ഒരു പുതിയ ജീവിതമാരംഭിച്ചു. "ചക്കപ്പഴത്തിൽ ഈച്ച പൊതിയുന്നതു"പോലെ സ്വാർത്ഥതല്പരന്മാരും, വഞ്ചകരും ആയ ചിലരും ആ യുവാവിന്റെ സ്നേഹിതന്മാരായ്ക്കൂടി. പണക്കാരനും, ബുദ്ധിശൂന്യനും ആയ ആ യുവാവിനെ അവർ പലതരത്തിലും കബളിപ്പിച്ചു. താരുണ്യത്തിന്റെ ചോരത്തിളപ്പിൽ അവൻ തന്റെ ബുദ്ധിശൂന്യതയുടെ കാഠിന്യം അറിഞ്ഞില്ല. പൈതൃകസ്വത്തുമുഴുവനും സ്നേഹിതന്മാരുടെ തന്ത്രത്തിൽപ്പെട്ട അവൻ മദ്യപാനത്തിലും മറ്റു ദുരാചാരത്തിലും പുല്ലുപോലെ വ്യയംചെയ്തു. ഭർത്താവിൽ അവിചാരിതമായി വന്ന ഈ മാറ്റം ഭാര്യയെ വല്ലാതെ വ്യസനിപ്പിച്ചു. അയാളെ

---

നീണ്ട കടാക്ഷജാലങ്ങൾ വീശാ.
മാനഭംഗത്തിൽ മരിക്ക, മിഴിക്കിലോ
ആനമച്ഛത്രുവിൻ കണ്ണും കൊല്ലും.
പേറാത്ത ദുഃഖങ്ങളേറെയും പേറിട്ട-
മാറാത്തതായൊന്നു മാനഭംഗം.
നിന്ദിച്ചാലുള്ള പോലീർഷ്യാലജ്ജാത്മക-
സ്പന്ദനം മറ്റൊന്നിൽപ്പോലുമില്ല.
പ്രീതിക്കുവൈരിനിഷ്ഠാതനം വിട്ടെന്തി
ജാതിക്ക ജാതകച്ചാർത്തിൽപ്പോലും
അപ്പപ്പോൾതന്നെ പ്രതികാരം ചെയ്യാതി-
യുല്പലനേത്രകൾ മാറിനില്ക്കാ.
കാഴ്ചക്ക വശ്യയെന്നാരാനുമോർത്തിള-
വെച്ചുകട്ടെന്നാൽ ദ്വേഷം മാറും
ഏറാവുമാപത്തായെന്നോർത്തുകൊണ്ടാരാൻ
ക്രൂരനെപ്പോലെ മണ്ണത്തട്ടത്താൽ
പൊത്തിങ്കൽ നിന്നുടൻ ചാടിയ പാമ്പുപോൽ
പത്തിപാരത്തിവന്നൊത്തിക്കൊത്തും.

ഉഗ്രനാം പാമ്പിന്റെ വായിൽപ്പെട്ടാർത്തയായ്
നില്ക്കുമ്പോൾ രക്ഷിച്ച വേടനേയും
ചാപല്യം ചൊല്ലിയടുക്കെ,യബ്ജാമിനി
കോപാഗ്നിക്കാഹുതിയാക്കിയില്ലേ?
ആ രാജകന്യക, 'പത്മനാഭപുര'-
സ്ഥാരൽപ്പുകൾപ്പുഞ്ജം പണ്ടൊരുനാൾ
കാമിച്ചുട്ടത്തമുകിലത്തലവനെ
ഹോമിച്ചതന്നൊരവാളിലല്ലേ?
സാമാന്യമുത്തമസ്ത്രീമനോഭാവങ്ങ-
ളീമട്ടിലല്ലോ നാം കണ്ടിടുന്നു.
എന്തൊരുജാതിയാണിവരവാണിയെ-
ന്നന്തരംഗം തുറന്നൊന്നു നോക്കാം.

(തുടരും)

ദുരവസ്ഥകളിൽ നിന്നു പിന്തിരിപ്പിക്കുവാൻ ആ പതിവ്രത പല വഴികളുംനോക്കി; എന്നാൽ എല്ലാററിലും അവൾ പരാജയപ്പെട്ടു. ദുർവ്വിധിയുടെ ക്രൂരദംഷ്ട്രങ്ങളിൽപ്പെട്ട ആ വെറുപ്പുകാരനാണോ, അവളുടെ ഉപദേശം കേൾക്കുന്നു! ഒരു കാലത്തു് സ്നേഹപൂർവ്വമായ ലാളനയനുഭവിച്ചിരുന്ന അവൾ അടിയും ശകാരവും കൂടെ അനുഭവിച്ചു. സ്നേഹിതന്മാരുടെ കപടതന്ത്രങ്ങൾക്കു് വശഗനായിരുന്ന നമ്മുടെയുവാവു പുരയിടവും സ്വപത്തും കടക്കാരുടെ വശമാക്കി, കോടതിയിൽ നിന്നു ആമീൻ സപത്തു ജപ്തിചെയ്യുവാൻ വന്നപ്പോഴാണു് അയാളുടെ വിവേകശൂന്യതയുടെ കാഠിന്യം അയാൾക്കു മനസ്സിലായതു്. താൻകാരണം വീടും കുടിയുമില്ലാതെ കഷ്ടപ്പെടേണ്ടിവന്ന ഭാര്യയെയും പിഞ്ചുപൈതലിനെയും ഒരു നോക്കുകൂടി നോക്കുവാൻ ശക്തിയില്ലാത്ത നാടുവിടുവാൻ തീർച്ചയാക്കി. ഈ ദുരവസ്ഥയ്ക്കുകാരണഭൂതന്മാരായ സ്നേഹിതന്മാർ അയാളെ കണ്ടഭാവംനടിച്ചില്ല. ഒരു ദിവസം ആരുംകാണാതെ പശ്ചാത്താപത്താൽ വെന്തുരുകിയ മനസ്സോടുകൂടി അയാൾ രാജ്യംവിട്ടു. പലസ്ഥലത്തും നിരാധാരനായ ആ സാധു പണിയെടുത്തുപിഴയ്ക്കുവാൻനോക്കി. എവിടെ ചെന്നാലും പരുഷവാക്കുകളും ആട്ടും സല്ക്കാരമേററിരുന്ന അവൻ കാലതാമസമെന്യേ ഒരു രോഗിയും വിവശനുമായെന്നുതന്നെ പറയാം. അങ്ങിനെ നിത്യവൃത്തിക്കു ഭിക്ഷയാചിച്ചു നടക്കുന്ന സമയത്താണു നാം അയാളെ രവിപുരത്തുവെച്ചുകാണുന്നതു്. വിശാലമായ ഒരു ആലിൻചുവട്ടിലിരുന്നു് അയാൾ ഇപ്രകാരം പറഞ്ഞുപോയി. "ഹാ, ദൈവമേ! എനിക്കീ അവസ്ഥവരുവാൻ ഞാൻ മുജ്ജന്മം എന്തു പാപംചെയ്തു? എന്റെ അന്നത്തെ സ്ഥിതിയെവിടെ? ഇപ്പോഴത്തെ അവസ്ഥയെന്തു്? ഞാനന്നു കഷ്ടപ്പെടുത്തിയ എന്റെ ഭാര്യയും കുട്ടിയും ഇപ്പോൾ എവിടെ? ഹാ! എന്റെ പ്രിയപത്നി, നിന്റെഉപദേശം ഞാനന്നു കേട്ടിരുന്നെങ്കിൽ......എന്റെ പൊന്നുമകനെ, "അപ്പാ"എന്നു വിളിച്ചിരുന്ന നിന്റെ കിളിക്കൊഞ്ചൽ ഇനിഞാൻ കേൾക്കുമോ? നിന്നെയും നിന്റെ അമ്മയെയും ഒന്നു കണ്ടിട്ടു"........ഇത്രയും പറഞ്ഞപ്പോഴേക്കും അവനു കണ്ഠം ഇടറി; കണ്ണുകൾ നിറഞ്ഞു; ദേഹമാസകലം വിറച്ചു. കർമ്മസാക്ഷിയായ ഭഗവാൻ മാത്രം അവന്റെ ദുഃഖം മുകളിൽ നിന്നു കണ്ടുകൊണ്ടിരുന്നു.

ഇരുന്നഇരുപ്പിൽ അവൻ ചുററുപാടും നോക്കി അഭിമുഖമായി സ്ഥിതിചെയ്തിരുന്നതും, സാമാന്യം വലിയതുമായ ഒരു കെട്ടിടത്തിലേയ്ക്കുനോക്കി. ക്ഷുത്താൽ പരവശനായ അവൻ പരിഭ്രമത്തോടും ഭയത്തോടുകൂടി ആ ഭവനത്തിൽ പ്രവേശിച്ചു. ആ വീട് അന്നു രവിപുരത്തു് സകലരുടെയും സ്നേഹത്തിനും ബഹുമാനത്തിനും പാത്രമായിരുന്ന ഡോക്ടർ ബാലകൃഷ്ണന്റേതായിരുന്നു. ആസ്പത്രിവിട്ടുവന്നു് ഊണു കഴിഞ്ഞു ചാരുകസേലയിൽ മയങ്ങിക്കിടന്നിരുന്ന ബാലകൃഷ്ണനെ "അമ്മേ, ഒരുപിടിച്ചോറുതരണേ" എന്നുള്ള നമ്മുടെ പിച്ചക്കാരന്റെ ദയനീയസ്വരം(കണ്ഠമിടറിയസ്വരം) തട്ടിയുണർത്തി. ഒട്ടിയകവിളുകളും, ഇടുങ്ങിയവയറും, കീറപ്പഴവസ്ത്രവുമായി നിന്നിരുന്ന ആ ഭിക്ഷു ആ യുവാവിൽ എന്തോരാവേശമുണ്ടാക്കി! "അമ്മേ, ഒരു സാധുധർമ്മക്കാരൻ വന്നിരിക്കുന്നു; അവനെന്തെങ്കിലും കൊടുക്കണേ" എന്നുള്ള മകന്റെ ആ സമയത്തുണ്ടായ അപേക്ഷ പ്രിയമാതാവിനെ കിടപ്പുമുറിയിൽനിന്നു അടുക്കളയിലേയ്ക്കുപ്രവേശിപ്പിച്ചു. സുമുഖനും ആരോഗ്യവാനും ആയിരുന്ന ആ യുവാവിന്റെ സ്നേഹമസൃണമായ വാക്കുകൾ പിച്ചക്കാരനെ കോൾമയിർകൊള്ളിച്ചു. അദ്ദേഹത്തെ നിർന്നിമേഷം നോക്കിനിന്ന അവൻ ഒന്നു നെടുവീർപ്പിട്ടു. ഇരുപത്തഞ്ചുകൊല്ലം മുമ്പു താൻ ഉപേക്ഷിച്ചുപോയ ഓമനമകൻ ഇപ്പോൾ ഉണ്ടെങ്കിൽ ഈ പ്രായമായിരുന്നേനെ എന്നയാൾ ഖേദിച്ചു. മകന്റെ മനോഹരമായ പുഞ്ചിരിതൂകിക്കൊണ്ടിരുന്ന മുഖം കണ്ണിൽ കളിക്കുന്നതുപോലെതോന്നി. സങ്കല്പസുഖമനുഭവിച്ചിരുന്ന അയാൾ "പാത്രമിങ്ങോട്ടുകാട്ടു" എന്നശബ്ദംകേട്ടു പിന്നോട്ടുതിരിഞ്ഞു. "ഹാ! ഇതാരു്, കല്യാണിക്കുട്ടിയോ? എന്റെ ദൈവമേ, ഇവനെമോഹിപ്പിക്കരുതേ" എന്നുനിലവിളിച്ചു് നിലത്തുവീണു. പാത്രംപിടിച്ചകൈ പിന്നോട്ടു നീങ്ങി. "ഇതാരു്, എന്റെ പ്രിയഭർത്താവോ", എന്നുള്ള അമ്മയുടെ മർമ്മഭേദകമായ ശബ്ദം പിന്നെയും ചാരുകസേലയിൽകിടന്ന ബാലകൃഷ്ണനെ എഴുന്നേല്പിച്ചു. ബോധംവിട്ടുകിടന്നിരുന്ന പിച്ചക്കാരനെ ആർത്തിയോടുകൂടി ശുശ്രൂഷിക്കുന്ന അമ്മയെ കണ്ടപ്പോൾ ആ യുവാവു് അമ്പരന്നു. യാതൊന്നുമാലോചിക്കാതെ ആ ഭിക്ഷുവിനെ വെള്ളംതളിച്ചു തലോടി പൂർവ്വസ്ഥിതിയിലെത്തിച്ചശേഷം അദ്ദേഹം കാര്യങ്ങളുടെയാഥാർത്ഥ്യമറിയുവാൻ അമ്മയുടെ മുഖത്തുനോക്കി. കണ്ണുനീർതൂകിനിന്നിരുന്ന ആ സാധ്വി മകന്റെ പാരവശ്യം

## ശുദ്ധം

(വരകവി, ശ്രീ. കനകത്ത് പത്മനാഭമേനോൻ)

1 ശുദ്ധാശുദ്ധങ്ങൾ നന്നാ,യറിയണമതുനാ-
മാചരിക്കേണമെന്നാ-
ലിദ്ധാത്രീഭൃത്തദിവ്യർഷികളുടെ മതമെ-
ന്തെന്നു ചിന്തിച്ചിടേണം
ശുദ്ധാസംബന്ധമാചാരവുമൊരു നിയമ
ഗ്രന്ഥവും സാർത്ഥമോർത്താൽ
സിദ്ധാന്തിച്ചപ്പെട്ടിട്ടില്ലിവിടജനനേ-
താക്കളും കാലം കഴിഞ്ഞു.

2 ദേഹം വസ്ത്രം സ്വഗേഹം പരിസരമുളകം
വായുവാഹാരവസ്തു
വ്യൂഹം തൊട്ടുള്ളതെല്ലാററിലുമമലതതാൻ
സ്ഥൂലമായുള്ള ശുദ്ധം
സ്നേഹം കാമാദ്യഭാവാ ക്ഷമദയഭഗവ
ദ്ഭക്തിസന്തുഷ്ടിസത്യം
ദ്രോഹം കൂടാതെയില്ലൊന്നവസത തമിന്ന-
ങ്ങെന്നിടം സൂക്ഷ്മശുദ്ധം.

3 ആരായാനില്ല ശുദ്ധത്തിനെയിഹ വെളിവാ
യുണ്ടു നാം രണ്ടിനെയും
നേരാം മാർഗ്ഗത്തിലെത്തീടണമടിയൊടരു-
ത്താന്ധവിശ്വാസബന്ധം
ആരായാലും ഹിതം പ്രസ്തുതഗുണഗണമൊ
ക്കും ജനത്തിന്റെ സംഗം
ചേരാൻ വയ്യാ കലിക്കെന്നതു ഭവതിലമവരിൽ
ശുദ്ധമില്ലെന്നു വന്നാൽ.

---

കണ്ടു് ഇങ്ങിനെപറഞ്ഞു. "മകനെ, ഇദ്ദേഹം നിന്റെ പിതാവാണു്; പിതൃപാദങ്ങളിൽ നമസ്കരിക്ക." തന്റെ പിതാവിനെക്കുറിച്ചു ചിലതൊക്കെ മാതൃമുഖത്തിൽനിന്നു ഗ്രഹിച്ചിരുന്ന അദ്ദേഹം വേഗം പിതൃപാദങ്ങളിൽവീണു. ആനന്ദമഗ്നനായ ആ പിതാവു് അപ്പോഴത്തെ തന്റെ വേഷത്തെ ശ്രദ്ധിക്കാതെ അവിചാരിതമായ്, തനിക്കു ഈശ്വരൻ നൽകിയ ആ പുത്രനെ മാറോടണച്ചു മൂർദ്ധാവിൽ ചുംബിച്ചുകൊണ്ടു പ്രിയപത്നിയെ നോക്കി. "മകനെ, നിന്നെയും നിന്റെ അമ്മയെയും അവിവേകിയായ ഞാൻ വളരെ ഉപദ്രവിച്ചു; അതിന്റെ ഫലം ഞാനനുഭവിച്ചു. നിങ്ങളെ ഒന്നു കണ്ടിട്ടു് മരിച്ചാൽമതി എന്നാശിച്ചിരുന്ന എനിക്കു ഇന്നു ഈ ഭാഗ്യം കൈവന്നു. മകനെ, ഒരു പിതാവിന്റെ കടമ ഇന്നുതൊട്ടു ഞാൻ നിർവ്വഹിക്കട്ടെ;" "കല്യാണിക്കുട്ടി, എന്റെ അപരാധത്തിന്നു മാപ്പുതരു" ഭർത്താവിന്റെ ഈ ഹൃദയഭേദകമായ വാക്കുകൾ ആ പതിവ്രതയെ കണ്ണീരിൽ കുളിപ്പിച്ചു. ഒരു കാലത്തു് സുമുഖനും ആരോഗ്യവാനും ആയിരുന്ന ഭർത്താവിൽ വന്നുചേർന്ന മാററം അവരെ വിവശയാക്കിത്തീർത്തു. ഭർത്തൃകരങ്ങളെ ഗ്രഹിച്ചു് തൊണ്ടയിടറിക്കൊണ്ടു് ഇങ്ങിനെ പറഞ്ഞു. "അവിടുന്നു ചെയ്ത അപരാധം ഈശ്വരൻ ക്ഷമിച്ചിരിക്കുന്നു. ഇന്നു നമ്മളെ തമ്മിലൊന്നു യോജിപ്പിച്ച സർവ്വേശ്വരന്നു നമസ്കാരം." പ്രിയ പിതാവിന്റെ ആശ്ലേഷത്തിൽ സ്വർഗ്ഗീയസുഖം അനുഭവിച്ചുകിടന്നിരുന്ന മകൻ "അച്ഛാ, എന്നെ വളരെ ചെറുപ്പത്തിൽ പിരിഞ്ഞ അങ്ങേയോടു ഒരു പുത്രന്റെ കടമ നിർവ്വഹിക്കേണ്ടതു് ഞാനാണു്. പിതൃലാളനം ഇതുവരെയായ് അനുഭവിക്കാത്ത ഞാൻ ഇന്നു അനുഗൃഹീതനായിരിക്കുന്നു" എന്നുപറഞ്ഞ് അമ്മയോടൊപ്പം പിതാവിനെ വീട്ടിന്നുള്ളിൽ പ്രവേശിപ്പിച്ചു. പലചിന്തകളും സ്വപ്നമാത്രയിൽ ആ വൃദ്ധപിതാവിന്റെ മനസ്സിൽ പാഞ്ഞുകയറി. ഒരു പുതിയ ജീവിതത്തിന്റെ ആരംഭത്തിലേയ്ക്കു പ്രവേശിച്ച അദ്ദേഹം താൻ നിരാശ്രയരാക്കിവിട്ട ഭാര്യയെയും കുട്ടിയെയും സംരക്ഷിച്ചു മകനെ അഭ്യസ്തവിദ്യനാക്കിത്തീർത്തു കാലഗതിയടഞ്ഞ (തനിക്കഭിമുഖമായി വെച്ചിരുന്ന) ഭാര്യാസഹോദരന്റെ ഛായാപടത്തെ ഈററിറ്റുവീഴുന്ന അശ്രുകണങ്ങളോടും, മുകുളിതഹസ്തങ്ങളോടുംകൂടി അഭിവാദ്യം ചെയ്തു.

# ജ്യോതിഷത്തിന്റെ അത്യാവശ്യകത.

(ശ്രീ. കെ. അച്യുത ജ്യോത്സ്യർ)

ഹിന്തുക്കളുടെ പ്രമാണഗ്രന്ഥങ്ങളിൽ വെച്ചു വേദങ്ങളും വേദാംഗങ്ങളുമാകുന്നു പ്രാധാന്യത്തെ പ്രാപിക്കുന്നതെന്നുള്ളതു നിർവ്വിവാദമാണല്ലോ. വേദങ്ങൾ, ഋക്, യജുസ്സ്, സാമം, അഥർവ്വം ഇങ്ങിനെ നാലായിട്ടും, വേദാംഗങ്ങൾ വ്യാകരണം, ജ്യോതിഷം, നിരുക്തം, ശിക്ഷാ, കല്പം, ഛന്ദസ്സ് ഇങ്ങിനെ ആറായിട്ടും വിഭജിക്കപ്പെട്ടിരിക്കുന്നു.

“മുഖം വ്യാകരണം തസ്യ ജ്യോതിഷം നേത്രമുച്യതേ. നിരുക്തം ശ്രോത്രമുദ്ദിഷ്ടം ഛന്ദസാം വിചിതിഃ പദേ.” “ശിക്ഷാ ഘ്രാണം തു വേദസ്യ, ഹസ്തൌ കല്പാൻ പ്രചക്ഷതേ” എന്ന ശിക്ഷാവാക്യത്താൽ ജ്യോതിഷം വേദപുരുഷന്റെ പ്രധാനാംഗമായ നേത്രമാണെന്നും അറിയപ്പെടുന്നു. “ചക്ഷുർവ്വിനാകഃ പുരുഷതാമേതി” എന്നു മറെറാരിടത്തും പറഞ്ഞിരിക്കുന്നു. ആകയാൽ, ജ്യോതിഷത്തിന്നു സർവ്വഥാ പ്രാധാന്യം സ്വതസ്സിദ്ധമായിരിക്കുന്നു.

സകലജീവികളുടേയും ഗർഭാധാനകാലനിർണ്ണയം മുതൽ ജനനമരണകാലനിർണ്ണയംവരെയുള്ള സകല കാര്യനിർണ്ണയങ്ങൾക്കും ജീവിയുടെ ജീവനകാലത്തിൽ സംഭവിക്കുന്ന സകലസുഖദുഃഖങ്ങൾക്കുമുള്ള നിദാനം സൂര്യാദിഗ്രഹങ്ങളുടെ ഗതിവിശേഷമാകുന്നു. ഈ പ്രകൃതം ജ്യോതിഷത്തെ ആസ്പദമാക്കി നിലനിന്നുവരുന്നു എന്നതിനാലും ജനങ്ങൾക്കു ജ്യോതിഷം അത്യാവശ്യമാകുന്നുവെന്നു പറയുന്നതിൽ യാതൊരു അതിശയോക്തിയുമില്ല. നല്ല കാലങ്ങളിൽ ആരംഭിക്കുന്ന കാര്യങ്ങൾ സുലഭങ്ങളായിട്ടും ക്ഷേമങ്ങളായിട്ടും, ദുഷ്കാലങ്ങളിൽ ആരംഭിക്കുന്ന കാര്യങ്ങളിൽ അസാദ്ധ്യതയോ ദുസ്സാദ്ധ്യതയോ, ക്ഷേമഹാനിയോ, സംഭവിക്കുന്നതും നമുക്കു ദൃഷ്ടാന്തമാണല്ലോ. ആകയാൽ, ജ്യോതിഷം അത്യാവശ്യം തന്നെ. ജ്യോതിഷം എന്ന പദത്തിന്ന് എല്ലാകാര്യങ്ങളേയും വ്യക്തമാക്കി കാണിച്ചു തരുന്ന ഒരു അനിർവ്വചനീയപ്രകാശം എന്നും ഒരു ഗുപ്താർത്ഥമില്ലെന്നില്ല.

ജ്യോതിഷത്തെ ഗണിതഭാഗമായിട്ടും ഫലഭാഗമായിട്ടും ഇങ്ങിനെ രണ്ടുവിധത്തിൽ പൂർവ്വാചാര്യന്മാർ വേർതിരിച്ചിരിക്കുന്നു. ഇതിൽ നാം എല്ലാവരും ഫലഭാഗകാംക്ഷികളാണെങ്കിലും ഇതിന്നു ഗണിതഭാഗമാകുന്നു ആധാരമെന്നും കാണുന്നു. അപ്പോൾ ഫലഭാഗം ആധേയവുമാകുന്നു.

I

ഗർഭാധാനസമയത്തെ ക്ലിപ്തമായി നിശ്ചയിച്ചു തത്സമയം ഗ്രഹങ്ങളെ ഗണിച്ച് ജനനസമയത്തെ നിശ്ചയിച്ച് ജനനംവരെയുള്ള ഗർഭശിശുവിന്റേയും ജനനിയുടേയും സുഖാസുഖകാലങ്ങളേയും ശിശുവിന്റെ ജനനസമയത്തെയും ജനനാനന്തരം ജീവനകാലത്തെയും മദ്ധ്യേ ആ ജീവിക്കും മാതൃപിതൃക്കൾക്കും മററുമുള്ള സുഖാസുഖകാലങ്ങളേയും ധനാദിപ്രാപ്തികാലങ്ങളേയും അറിവാനുള്ള ജാതകത്തെ ശിശുഗർഭത്തിലുള്ള കാലത്തിൽ തന്നെ എഴുതിവെച്ച മഹാന്മാർ നമ്മുടെ കേരളത്തിൽ തന്നെയുണ്ടായിരുന്നു. അപ്രകാരമുള്ള മഹാന്മാർ ഇപ്പോൾ ഉള്ളതായി കേൾക്കുന്നില്ല. എങ്കിലും ഗണിതഭാഗവും ഫലശാസ്ത്രപരിചയവും ഇന്നു പൂർവ്വാധികം വൃദ്ധിയെ പ്രാപിച്ചുകൊണ്ടു തന്നെയിരിക്കുന്നു.

ആധുനികകാലത്തിലുള്ള ഗണിതഭാഗത്തിന്റെ സൂക്ഷ്മതത്വവിചാരണയെപ്പററിയും സ്ഫുടഗണിതാദിക്രിയകളെപ്പററിയും ജ്യോതിഷമാസികയിലും കേരളീയ ജ്യോതിഷമാസികയിലും പലമഹാന്മാരും എഴുതിക്കൊണ്ടുവരുന്നതിനാൽ ആ വിഷയത്തിൽ ഞാൻ പ്രവേശിക്കുന്നില്ല. ഫലചിന്തനവിഷയത്തിലാകുന്നു പ്രവേശിക്കേണ്ടതു്. എന്നാൽ, ഇതിന്നു ഒരു ലഗ്നത്തെ സങ്കല്പിച്ചു ഫലചിന്തനചെയ്യേപോകുന്നതാണല്ലോ അധികം സമഞ്ജസം. ലഗ്നനിശ്ചയവിധികളെ പലആചാര്യന്മാരും പലവിധത്തിലും പറഞ്ഞുകാണുന്നു.

“കൃതേത്വാധാനലഗ്നംസ്യാ-
ത്രേതായാംതു ജലോത്ഭവം
ശിരോദയംദ്വാപരേച-
കലൌഭൂപതനം തഥാ”

എന്ന പ്രമാണരീതിയെ അനുസരിച്ച് ഈ കലികാലത്തിൽ ശിശു യോനിദ്വാരത്തിൽനിന്നു വേർപെട്ടു എപ്പോൾ ഭൂമിയിൽ പതിക്കുന്നുവൊ ആ സമയത്തെയാകുന്നു കൃത്യമായ ലഗ്നമെന്നുപറയുന്നത്

“ഹോരാവിദശ്ചേതനകായയോരന്യോ-
ർവ്വിയോഗകാലം കഥയന്തിലഗ്നം.”

എന്ന ഫലദീപികാവചനം പ്രാണിയുടെ ദേഹത്തിന്നും യോനിദ്വാരത്തിന്നുമുള്ള വിയോഗസമയം എപ്പോഴാണൊ, ആ സമയത്തെയാകുന്നു ഹോരാശാസ്ത്രജ്ഞന്മാർ അഥവാ ലഗ്നനിശ്ചയവിചക്ഷണന്മാർ

# ഗുരുവായൂർ മാഹാത്മ്യം.

(ജി. എൻ.)

—:ഗാഥാരീതി:—

കേരളത്തിൽ ഗുരുവായൂരെപ്പോലേറെ-
പ്പേരുള്ള ക്ഷേത്രമിന്നന്യമുണ്ടോ?
ആർത്തന്മാരേറെപ്പേ,രർത്ഥാർത്ഥികളേറെ
നിത്യജിജ്ഞാസുക്കളും, ജ്ഞാനികളും
നിത്യം ഗുരുവായൂരപ്പനാം ദേവന്റെ
ക്ഷേത്രത്തിൽച്ചെന്നു ഭജിച്ചിടുന്നു.
ഭക്തന്മാരിൽ ചിലർ നിത്യന്മാരാം, ചില-
രത്യാപത്തിൽ നേർന്നു വന്നവരാം.
കൃത്യമായ് ത്തിങ്ങളിലെത്തുന്നോരാം ചിലർ,
തീർത്ഥാടനത്തൊഴിൽക്കാരാം ചിലർ.
"ക്ഷേത്രത്തിൽ പോകുന്നതർത്ഥമില്ലാത്തൊരു
വൃത്തിയാ"യെണ്ണിയോരത്രേ ചിലർ.
യുക്തിയെദ്ദൈവമായ് ക്കല്പിച്ചോരാം ചിലർ,
നാസ്തികന്മാരായിരുന്നോർ ചിലർ.
ഇത്തരക്കാർക്കും പോലിക്കലികാലത്തും
പ്രാർത്ഥിക്കമർത്ഥങ്ങളും നല്കി നിത്യം
നിത്യമാം ബ്രഹ്മത്തിൽ സത്യമാം ഭാവത്തെ
പ്രത്യക്ഷമാക്കുന്ന കൃഷ്ണമൂർത്തേ!
നാരായണൻ നരനായിട്ടു നല്കിയ
സാരോപദേശങ്ങളൊന്നുപോലും
നേരെയറിയാതെ നേർവഴിവിട്ടോരെ
നേരെയാക്കും ഗുരുവായൂരപ്പാ!
നേരിട്ടമാധിയും വ്യാധിയും ഭാരമായ്
തീരാതിരിക്കുവാൻ കുമ്പിടുന്നേൻ!

---

ലഗ്നമെന്നുപറയുന്നതു് എന്നും നിഷ്കർഷിച്ചിരിക്കുന്നു. ദേഹം യോനിയിൽ നിന്നുവേർപെട്ടാൽ ഉടനെതന്നെ ഭൂമിയിൽ പതിക്കുമല്ലൊ. അതിനാലാണ് ഭൂപതന സമയത്തെ ലഗ്നമാക്കി മുമ്പു പറഞ്ഞിരിക്കുന്നത്

ഈ സമയം ചരരാശിയാണെങ്കിൽ ശിശു യോനിദ്വാരത്തിൽനിന്നു വരുന്നതു് മലർന്നുകൊണ്ടും സ്ഥിരരാശിയാണെങ്കിൽ കമിഴ്ന്നുകൊണ്ടും ഉഭയരാശിയാണെങ്കിൽ ഏതാനും ചെരിഞ്ഞുകൊണ്ടുമായിരിക്കുമെന്നും അറിയേണ്ടതാകുന്നു. ഈ ലഗ്നസമയത്തെ പകലാണെങ്കിൽ സൂര്യച്ഛായാഗണിതം, കൊണ്ടും രാത്രിയാണെങ്കിൽ അശ്വതി മുതലായനക്ഷത്രങ്ങളുടെ ഉച്ച സമയത്തിന്നു പറഞ്ഞ നാഴികകൊണ്ടും നാഴികവ നാഴികകളെ കൃത്യപ്പെടുത്തിയും ശുദ്ധപ്പെടുത്തിയും വെക്കേണ്ടതാകുന്നു. എന്നാൽ ഈ വഴി മേഘസഞ്ചാരം അധികമുള്ളസമയത്തും വർഷകാലത്തിലും അസാദ്ധ്യമായോ ദുസ്സാദ്ധ്യമായോ തന്നെയിരിക്കും.


## 'ശ്രീപഞ്ചദശി'ഭാഷാവ്യാഖ്യാനസഹിതം.

"ശ്രീ വേദാരണ്യസ്വാമികളുണ്ടാക്കിയിട്ടുള്ള, "ശ്രീ പഞ്ചദശി" എന്ന വേദാന്തപ്രകരണഗ്രന്ഥം ഭാഷാവ്യാഖ്യാനസഹിതം തെയ്യാറാക്കിയിരിക്കുന്നു. റോയൽ 525 ഭാഗവും പൂർണ്ണമായ കലിക്കോ ബയിണ്ടുമുള്ള പുസ്തകമാണ്.

വില 12ക. തപാലിൽ റജിസ്ത്രാക്കി അയപ്പാൻ ചിലവു 1ക. 6ണ. ആവശ്യമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ എഴുതുന്നതായാൽ വി. പി. അയക്കുന്നതാണ്.

മേൽവിലാസം:—

സാഹിത്യകുശലൻ, പണ്ഡിററ്,

പി. ഗോപാലൻ നായർ, കൊല്ലങ്കോട്.

(Via) Palghat.

# ആനന്ദം അകത്തുതന്നെ, പുറത്തല്ല.

(സാഹിത്യകുശലൻ, പണ്ഡിതർ, ശ്രീ. പി. ഗോപാലൻനായർ, കൊല്ലങ്കോട്.)

സാഹിത്യാരാമത്തിൽ പരിമളധോരണിയെ പ്രസരിപ്പിച്ചുംകൊണ്ടു സർവ്വത്ര സഞ്ചരിപ്പാൻ ജംഗമാകൃതിയെ ധരിച്ചു നവീനതാരമായ "ശ്രീ പാരിജാതം" വിജയിക്കട്ടെ! സ്ഥാവരമായ പാരിജാതം സ്വർഗ്ഗത്തിലുള്ളതെങ്കിൽ "ജംഗമപാരിജാതം" ഭൂലോകത്തിലും ഉണ്ടായിയെന്നോർത്തു ബുധജനം ആനന്ദിക്കട്ടെ! ഈ പാരിജാതത്തിന്നു യാതൊരു വിഘ്നവും ബാധിക്കാതിരിക്കട്ടെ എന്നാണു എന്റെ ആദ്യത്തെ പ്രാർത്ഥന. കല്പകവൃക്ഷങ്ങളിൽ ഉൾപ്പെട്ടതാണല്ലൊ പാരിജാതം. അതിനോട് ആരെന്തർത്ഥിക്കുന്നുവോ അതു നൽകുന്നതു അതിന്റെ സ്വഭാവമാകയാൽ എല്ലാവരും ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ ആഗ്രഹിക്കുന്ന ആനന്ദം-അഥവാ ദുഃഖസമ്മിശ്രമല്ലാത്തതും സ്വതന്ത്രവും ആയ ആനന്ദം ഉണ്ടോ? ഉണ്ടെങ്കിൽ അതു അകത്തോ പുറത്തോ എന്നുറപ്പിക്കുവാൻ-ഉറപ്പായ ബോധം നൽകുവാൻ-മനുഷ്യസമുദായത്തിന്നുവേണ്ടി ഞാൻ പാരിജാതത്തോടു പ്രാർത്ഥിക്കുന്നു എന്നപേക്ഷിച്ച അർത്ഥിയോടു പാരിജാതം പറയുന്നു:—

എന്തിനായി സംശയിക്കുന്നു? ആനന്ദം അകത്തുതന്നെയാണ് പുറത്തല്ല.

അർത്ഥി:— അല്ലയോ പാരിജാതമേ! ആരുടെ അകത്താണിന്ന ആനന്ദം ഇരിക്കുന്നത് എന്നുകൂടെ പറഞ്ഞാൽകൊള്ളാം.

പാരിജാതം:— എന്തിന്നു സംശയിക്കുന്നു? നിന്റെ ഉള്ളിൽത്തന്നെയാണ് ആനന്ദം ഇരിക്കുന്നത്. നല്ലവണ്ണം ആലോചിച്ചു നോക്കുക അപ്പോൾ സംശയം തീരും.

ഞാൻ:— അല്ലേ പാരിജാതമേ! എന്തന്യായമാണ് ഇപ്പോൾ പറഞ്ഞതു? എന്റെ ഉള്ളിൽ ആനന്ദമോ? അതിന്റെ നിഴൽപോലും അവിടെയില്ല. ഞാൻ നിത്യദുഃഖിയായിട്ടുഴലുന്നു. എവിടെ പോയാലാണോ ആനന്ദം അഥവാ സുഖം കിട്ടുക എന്ന ഒരു ചിന്തയല്ലാതെ മറെറാന്നും എനിക്കില്ല. രാവും പകലും എല്ലുമുറിയെ പണിയെടുക്കുന്നതും അതിന്നുവേണ്ടിട്ടുതന്നെ. എന്നിട്ടും ഒരു സമയത്തും സുഖം കിട്ടുന്നില്ല. എന്റെ ഉള്ളിൽ ആനന്ദം എന്നതുണ്ടെങ്കിൽ ഞാനെന്തിനായിട്ടിങ്ങിനെ പണിയെടുക്കും. അതുകൊണ്ടു ഉള്ളിൽ ആനന്ദം ഉണ്ടെന്നു പറഞ്ഞതിനെ വിശ്വസിപ്പാൻ പ്രയാസം തന്നെ.

പാരിജാതം:— ആകട്ടെ, ശരി. നീ പറഞ്ഞതു ഞാൻ സമ്മതിച്ചു. നീയെപ്പോളാണ് പണിയെടുക്കുന്നതും അലഞ്ഞു നടക്കുന്നതും?

ഞാൻ:— എപ്പോഴാണെന്നോ? അതു ചോദിക്കേണമോ? പകൽ സമയത്തുതന്നെ. എന്റെ ജാഗ്രദവസ്ഥയിൽ ഒരു നിമിഷമെങ്കിലും ഞാൻ വെറുതെയിരിക്കാറില്ല. പണി. പണി. പണി. ഇതുതന്നെ എന്റെ വിചാരവും പ്രവൃത്തിയും. എന്നിട്ടോ ദുഃഖം കൂടിക്കൂടിവരുന്നതല്ലാതെ സുഖമെന്നോ ആനന്ദമെന്നോ പറയുന്നതെന്താണെന്നുകൂടെ എനിക്കറിവാൻ കഴിയുന്നില്ല. അങ്ങിനെയിരിക്കെ എന്റെ ഉള്ളിൽ ആനന്ദം എന്നു പറഞ്ഞതിൽ ഞാൻ ആശ്ചര്യപ്പെടുന്നു.

പാരിജാതം:— ആകട്ടെ. ശരിതന്നെ പകൽമുഴുവനും പണിയെടുത്തുകഴിഞ്ഞാൽ രാത്രിയെന്തുചെയ്യുന്നു. അപ്പോഴും പണിയെടുക്കുന്നുവോ?

ഞാൻ:— ഇല്ല, പകലദ്ധ്വാനിച്ചതുകൊണ്ടു ക്ഷീണിച്ചതിനാൽ രാത്രി ഉറങ്ങുന്നു?

പാരിജാതം:— അപ്പോൾ എന്തുണ്ടാകുന്നു.

ഞാൻ:— അപ്പോൾ ഒന്നുംഅറിയാതെ സുഖമായുറങ്ങിയിരുന്നു.

പാരിജാതം:— ആവൂ! വലിയ കാര്യമായി. അപ്പോൾ സുഖം അനുഭവപ്പെട്ടുവെന്നുപറഞ്ഞുവല്ലൊ. ആ സുഖം എവിടെനിന്നാണുണ്ടായതു്. അകത്തുനിന്നോ പുറത്തുനിന്നോ? എന്നു പറയുക.

ഞാൻ:— അതെനിക്കറിഞ്ഞുകൂടാ. അപ്പോൾ അകം പുറം എന്ന ഒന്നും ഞാൻ കണ്ടിരുന്നില്ല. പിന്നെയെങ്ങിനെയാണ് ആ സുഖം എവിടെനിന്നുണ്ടായിയെന്നു ഞാൻ പറയുക. അതു പറവാൻ സാദ്ധ്യമല്ല.

പാരിജാതം:— എന്നാൽ അപ്പോൾ നിന്റെ ആ ദൃഢനിദ്രയിൽ ആരുണ്ടായിരുന്നു? അതു പറയുക.

ഞാൻ:— ആരുമുള്ളതായിട്ടു ഞാൻ കണ്ടതായിട്ടോർക്കുന്നില്ല. ശൂന്യമായിരുന്നു എന്നാണെന്റെ അനുഭവം.

പാരിജാതം:— എന്നാൽ ഞാനൊന്നു ചോദിക്കട്ടെയോ? ശൂന്യമായിരുന്നുവെന്നാണനുഭവം എന്നു പറഞ്ഞുവല്ലോ. ആ അനുഭവം ഉണ്ടായ നീയും ശൂന്യമായിരുന്നുവോ? അതോ നീയുണ്ടായിരുന്നുവോ?

# പ്രസാധകക്കുറിപ്പുകൾ.

## രാഷ്ട്രം.

### സ്വാതന്ത്ര്യദിനം:—

മഹാത്മാഗാന്ധിയുടെയും, പണ്ഡിതനെഹ്രു, സർദാർ പട്ടേൽ, ഡോക്ടർ രാജേന്ദ്രപ്രസാദ് തുടങ്ങിയ യഥാർത്ഥ ദേശഭക്തശിരോമണികളുടേയും നിസ്സീമമായ ത്യാഗസമ്പന്നതയുടെ ആത്മനിദർശനമെന്നോണം നമ്മുടെ പുണ്യഭൂമിയായ ഭാരതഭൂവിന്നു അന്യാധീനതയിൽനിന്നു വിമുക്തി ലഭിച്ചു യഥേഷ്ടം പ്രകാശിക്കുവാൻ ഇടവന്നതു 1947 ആഗസ്റ്റ് 15-ാംനുയാണല്ലൊ. ആ മനോഹരമായ സ്വാതന്ത്ര്യസുദിനത്തിന്റെ ദ്വിതീയവാർഷികമഹാമഹം ഏറെക്കുറെ പ്രശാന്തഗംഭീരമായ നിലയിൽ ഈ ആഗസ്റ്റ് 15-ാംനു കൊണ്ടാടുവാൻ സംഗതിവന്നതിൽ സ്വരാജ്യസ്നേഹികളായസകലഭാരതീയർക്കും നിർവ്യാജമായ സന്തോഷവും, നിസ്സീമമായ കൃതാർത്ഥതയുമുണ്ട്. നമ്മുടെ ധന്യനേതാക്കന്മാർതന്നെ നമ്മുടെ മഹനീയമായ ജനപദത്തെ പ്രശംസാർഹമായ നിലയിൽ ഭരിച്ചു ഉത്തരോത്തരം ശ്രേയസ്സു എക്കാലത്തും എല്ലാ ജാതിമതസ്ഥന്മാർക്കും ഉത്ഭൂതമാക്കിത്തീർക്കുവാനും, ഈ ആർഷഭൂമി ഭൂലോകനാകമെന്നനിലയിൽ നിരന്തരം പ്രശോഭിക്കുവാനും സകല ജഗന്നിയന്താവു സാനുകമ്പം അനുഗ്രഹിക്കുമാറാകട്ടെ!

### ലോകഭക്ഷണസമിതിയിൽ ഇന്ത്യ.

ഐക്യരാഷ്ട്രങ്ങളുടെ ഇക്കഴിഞ്ഞ ഭക്ഷ്യ-കാർഷിക പരിഷ്കരണപദ്ധതിയെസംബന്ധിച്ചുള്ള യോഗത്തിൽ സാർവ്വലൌകികഭക്ഷണസമിതിയിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ട 11 അംഗങ്ങളിൽ ഇന്ത്യയും ഉൾപ്പെട്ടിരിക്കുന്നു. ബെൽജിയം, ബ്രസിൽ, കനഡ, ചൈന, ഫ്രാൻസ്, ഇററലി, മെക്സിക്കൊ, ഐക്യരാജ്യം (ഇംഗ്ലണ്ടും സ്കോട്ട്ലണ്ടും മററും), ഐക്യസംസ്ഥാനങ്ങൾ (അമേരിക്കയിലെ) എന്നിവയാകുന്നു മററംഗങ്ങൾ.

### തിരുമുപ്പുകിട്ടിയ കൊച്ചിമഹാരാജാവ്:—

പരിഷ്കൃതാശയനും, പ്രശസ്തനും, പ്രാപ്തനും, യഥാർത്ഥരാജ്യതന്ത്രജ്ഞനുമായിരുന്ന ഒരു രാജന്യധന്യനായിരുന്നു ഇതിനിടെ തീപ്പെട്ട കൊച്ചി ശ്രീ. കേരളവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ട്. അദ്ദേഹത്തെ പിന്തുടർന്നു, പ്രജാഹിതാനുസരണം രാജ്യഭാരം നടത്തുവാൻ യഥാർത്ഥ ശ്രേഷ്ഠിയും ശുശ്രൂഷിയുമുള്ള മഹാ വിദ്വാനും, മഹനീയചരിതനും, സംസ്കൃതചിത്തനുമായ ഇപ്പോൾ കിരീടംധരിച്ചു പ്രശോഭിക്കുന്ന ശ്രീ. പരീക്ഷിത്തു കൊച്ചുണ്ണിത്തമ്പുരാനെന്ന മഹാമഹിമശ്രീ. രാമവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ടാണെന്നു ഇന്നു പറയുവാൻ ഞങ്ങൾ അശേഷം സംശയിക്കുന്നില്ല. ലോകപ്രസിദ്ധനും, സച്ചരിതനും, മഹാരാജർഷിസത്തമനുമായിരുന്ന സ്ഥാനത്യാഗംചെയ്ത ശ്രീ. രാമവർമ്മ മഹാരാജാവു തിരുമനസ്സിലെ പ്രിയഭാഗിനേയനും, ആവിടത്തെ ആദർശത്തെ അക്ഷരംപ്രതി പ്രായോഗികമാക്കിത്തീർക്കുവാൻ പണ്ടുതന്നെ പഠിച്ചു പരിചയിച്ചിട്ടുള്ള യഥാർത്ഥരാജ്യതന്ത്രജ്ഞനുമായ ഈ മഹാരാജാവു തിരുമനസ്സിലെ മഹിമാവേറിയ ഭരണനിപുണതയാൽ

---

ഞാൻ:— ഞാനുണ്ടായിരുന്നില്ലെങ്കിൽ ഇപ്പോൾ ഞാനിതെങ്ങിനെ പറയും? ഞാനുണ്ടായിരുന്നു. നിശ്ചയംതന്നെ.

പാരിജാതം:— എന്നാൽ അപ്പോൾ സുഖമുണ്ടായിരുന്നുവെന്നു പറഞ്ഞുവല്ലൊ, ആ സുഖത്തെ അപ്പോൾകണ്ടിരുന്നുവോ.

ഞാൻ:— ഇല്ല ഇപ്പോൾ അതോർക്കുന്നുവെന്നു മാത്രം.

പാരിജാതം:— എന്നാൽ അപ്പോൾ നീതന്നെയാണു സുഖസ്വരൂപനായിരുന്നത്. നിന്നെ മറച്ചിരുന്ന അജ്ഞാനം ആ സമയത്തു് ആ സുഖത്തെ അറിയുന്നതിൽ തടസ്ഥമായിരുന്നു. പകലത്തെ പ്രവൃത്തിത്തിരക്കുംമററും ഇല്ലാതായപ്പോൾ നിനക്കു സുഖം അനുഭവപ്പെട്ടു. ഗാഢനിദ്രയിലുണ്ടായിരുന്ന ആ അജ്ഞാനാവരണം ഇല്ലാതായാൽ നീ എല്ലായ്പ്പോഴും സുഖസ്വരൂപനായിത്തന്നെയിരിക്കും. അതിനാൽ സർവ്വദുഃഖങ്ങളുടെ മൂലം അജ്ഞാനമാണെന്നറിഞ്ഞു് അതിനെ നശിപ്പിക്കുവാൻ പരിശ്രമിക്കുക.

ഞാൻ:— എന്നാൽ ഞാനതിന്നായിട്ടുള്ള ഉപായം എന്നുകൂടെ എന്റെ പ്രിയപാരിജാതമേ! എനിക്കുപദേശിക്കാമോ?

പാരിജാതം:— അതിനിയൊരവസരത്തിൽ പറയാം. ഞാൻ പറയുന്നതു നീ കേൾക്കുമെന്നു എനിക്കു വിശ്വാസം വരുത്തുക. അപ്പോൾ പറയാം.

കൊച്ചിരാജ്യത്തിന്നു ഒട്ടാകെ പൂർവ്വാധികം പ്രശസ്തിയും, ശ്രേയസ്സും കൈവരുമെന്നു നിസ്സംശയമായി ഞങ്ങളുടെ ആത്മാർത്ഥമായ വിശ്വാസം. പ്രജാക്ഷേമതല്പരനും, പരിഷ്കൃതഹൃദയനുമായ ഈ പൊന്നുതിരുമേനിക്കു സർവ്വേശ്വരൻ ഉപര്യുപരി ആയുരാരോഗ്യഭാഗ്യാദിസർവ്വശ്രേയസ്സുകളുമുളവാക്കുമാറാകട്ടെ എന്നു ഞങ്ങൾ ഈ അവസരത്തിൽ ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊള്ളുന്നു.

## ബറോഡ പഠിപ്പിക്കുന്നത്:—

പ്രജാഹിതത്തിന്നു ഏതാണ്ടു വിപരീതമായി പ്രവർത്തിക്കുന്നതിൽ ഉത്സുകത പ്രദർശിപ്പിച്ചിരുന്ന ഒരു മഹാരാജാവാണു ബറോഡയിലെ ഇന്നത്തെ ഭരണാധികാരിയെന്നു പരക്കെ പ്രസ്താവത്തിന്നിടവന്നിരുന്നുവെങ്കിലും, അദ്ദേഹം ഇതാ ഇന്ത്യായൂണിയന്റെ ഭരണക്കടിഞ്ഞാൺ ഭംഗിയായിപ്പിടിച്ചു നിരന്തരമായശ്രമം നാട്ടിലൊട്ടാകെ കൈവരുത്തുന്ന രാജ്യതന്ത്രനിപുണരായ പ്രധാനമന്ത്രി പണ്ഡിതനെഹ്രു, ഡിപ്യൂട്ടി പ്രധാനമന്ത്രി സർദാർ പട്ടേൽ എന്നീ മഹാശയന്മാരുടെ സാരള്യമിശ്രമായ നിർദ്ദേശാനുസരണം സ്വപ്രജകൾക്കു ഉത്തരവാദിത്വഭരണം നൽകിയിരിക്കുന്നുവെന്നുള്ളതു ആ നാട്ടുകാർക്കുമാത്രമല്ല, മററു നാട്ടുരാജ്യപ്രജകൾക്കുപോലും പരക്കെ സന്തുഷ്ടിക്കു സംഗതി വരുത്തിയിട്ടുണ്ടെന്നു സമ്മതിച്ചേ കഴിയൂ. പ്രജായത്തഭരണസിദ്ധാന്തങ്ങൾക്കു വിരോധമായി ഇന്നും മർക്കടമുഷ്ടി പിടിച്ചു പേരിന്നും പെരുമയ്ക്കും ഹാനി വരുത്തിത്തീർക്കുന്ന ഹൈദ്രബാദിലെ നൈസാം മഹാരാജാവു തുടങ്ങിയ ചില യാഥാസ്ഥിതികമനസ്ഥിതിക്കാരായ ഭരണാധികാരികൾക്കു ഇത്തരത്തിലുള്ള പ്രശംസാർഹമായ സംഭവങ്ങൾ ഉടനടി ഒരു പാഠമായി ഭവിച്ചാൽ നന്നു്. അല്ലെങ്കിൽ അത്തരക്കാരായ ഭരണാധികാരികളുടെ ഭാവി എത്രമാത്രം അലങ്കോലപ്പെടുമെന്നു ദീർഘദർശനം ചെയ്യുവാൻ രാഷ്ട്രീയസംഗതികളിൽ വിവരമുള്ളവർക്കു യാതൊരു ദിവ്യദൃഷ്ടിയുമാവശ്യമില്ലെന്നാണു ഞങ്ങളുടെ അഭിപ്രായം.

## സാഹിത്യം

### പരേതനായ
### ശ്രീ. അമ്പലപ്പുഴ ആർ. മാധവപ്പുതുവാൾ.

കഴിഞ്ഞുപോയ മഹാമഹിമശ്രീ കേരളവർമ്മവലിയകോയിത്തമ്പുരാൻ, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, വെണ്മണി നമ്പൂതിരിപ്പാടന്മാർ, ഒട്ട, കുണ്ടൂർ, കൊട്ടാരത്തിൽ ശങ്കുണ്ണി, കെ. സി. കേശവപിള്ള, നടുവം നമ്പൂതിരിമാർ, ഒറവങ്കര, കാത്തുള്ളി മുതലായ യഥാർത്ഥഭാഷാകവികുലകൂടസ്ഥന്മാരുടെ സമകാലീനനെന്നനിലയിലും, അക്കാലത്തു മലയാളമനോരമ തുടങ്ങിയ പല മലയാളപത്രങ്ങളിലും മാസികകളിലും സരസകൃതികൾ പലതും എഴുതിപ്പുറപ്പെടുത്ത ഒരു പ്രസിദ്ധകവിയുമായിരുന്ന അമ്പലപ്പുഴ ശ്രീ. ആർ. മാധവപ്പുതുവാൾ ഇതിനിടെ 87-ാം വയസ്സിൽ മുഴിക്കുന്നത്തുള്ള സ്വഭാര്യാഗൃഹത്തിൽവെച്ചു ദിവംഗതനായതിൽ ഞങ്ങൾ നിർവ്യാജംവ്യസനിക്കുന്നു. ഭാഷാസാഹിത്യധർമ്മമർമ്മജ്ഞന്മാരായ പഴയ കവികൾ ഇക്കാലത്തു ഏറെക്കുറെ നാമാവശേഷരായെന്നു പറയേണ്ട ഘട്ടമായിരിക്കെ കൈവിരൽകൊണ്ടൊന്നു എണ്ണിക്കണക്കാക്കുവാൻമാത്രമെങ്കിലുംജീവിച്ചിരുന്നിരുന്ന ശ്രീ. പുതുവാളെപ്പോലെയുള്ള യഥാർത്ഥഭാഷാകവികളുടെനിര്യാണംഭാഷയ്ക്കും, ഭാഷാഭിമാനികൾക്കും നിശ്ചയമായും വലിയ ഒരു മനോവേദനയുണ്ടാക്കിത്തീർത്തിട്ടുണ്ടു്. അശേഷം ക്ലിഷ്ടതകൂടാതെ ലളിതമലയാളകവിതകൾ നിർമ്മിക്കുവാൻ രസികനായ പുതുവാളവർകൾ സമർത്ഥനായിരുന്നുവെന്നു അദ്ദേഹത്തിന്റെകൃതികളായആസന്നമരണചിന്താശതകം, വെണ്മണിക്കായിതം, ദുഷ്ഷന്തൻമുതലായവ പ്രസ്പഷ്ടമാക്കിയിരിക്കുന്നു. "വാളെടുത്തവരെല്ലാം വെളിച്ചപ്പാടന്മാരുംപേനയെടുത്തവരെല്ലാംകവികളു"മെന്നു പറയേണ്ടിവരുന്ന ഈ ഘട്ടത്തിൽ പഠിപ്പും, പ്രായവും, പ്രശസ്തിയുമുള്ള ശ്രീ. പുതുവാൾകൂടി ദിവംഗതനായതിൽ ഞങ്ങൾ കഠിനമായി വ്യസനിക്കുകയും, ആ മഹാമനസ്സിന്റെ ആത്മാവിന്നു നിത്യനിർവൃതി നേർന്നുകൊള്ളുകയും ചെയ്യുന്നു.


## കൈകണ്ട മരുന്നുകൾ

**രക്തവാതത്തിന്നും കണ്ഠമാലയ്ക്കും ദിവ്യഔഷധങ്ങൾ.**

രക്തവാതം ഏഴേഴേഴു ദിവസംകൊണ്ടും കണ്ഠമാല ഒരൊററ മാസംകൊണ്ടും സുഖപ്പെടും.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

എ. എൻ. ഭട്ടാ, **Chittur-Cochin.**

## പുറംകവറിലെപടം:—

പാരിജാതത്തിന്റെ ഈ സമ്പുടത്തിലുള്ള പുറംകവറിൽ ഞങ്ങൾക്കു, ശ്രീ. തുഞ്ചത്താചാര്യപൂജ്യപാദരുടെ പടം ചേർക്കുവാനിടവന്നതിൽ അകൃത്രിമമായ സന്തുഷ്ടിയും, അളവററ ചാരിതാൎത്ഥ്യവുമുണ്ട്. മിസ്റ്റിക്ക് കവിതയും, ജീവത്സാഹിത്യവും ഇന്നു ഭാഷാസാഹിത്യലോകത്തിൽ കൂടുതലായി പ്രചരിക്കുന്നതാവും മലയാളികളുടെ ആദിഗുരുവായ തുഞ്ചനെയും, അഭിവന്ദ്യരും പരമരസികന്മാരായ കുഞ്ചനെയും എന്നുവേണ്ട, മററുള്ള പണ്ടത്തെ മഹാകവികളെയും ഇന്നുള്ള "പച്ചപ്പരിഷ്കാരികൾ" വിസ്മരിക്കുകമാത്രമല്ല, ചിലപ്പോളെല്ലാം അവഹേളിക്കുകകൂടി ചെയ്യുന്നുണ്ടെന്നു ഞങ്ങൾക്കറിയാം. ആ നിലയ്ക്കു തുഞ്ചത്താചാര്യസ്വാമികളുടെ അപദാനത്തെപ്പററി അനുസ്മരിപ്പാനും, അദ്ദേഹത്തെ ആന്തരമായി ആരാധിപ്പാനുമാകുന്നു ഞങ്ങൾക്കു, ഭാഗ്യവശാൽ, പ്രസ്തുത ഛായാപടം (ബ്ലോക്കുതന്നെ) കിട്ടിയത് ഈ ബ്ലോക്കാകട്ടെ, കഴിഞ്ഞുപോയ സരസസാഹിത്യകാരനായിരുന്ന ശ്രീ. സി. എസ്സ്. ഗോപാലപ്പണിക്കരുടെ ഭാഷാപോഷണാഭിലാഷത്തിന്റെയും, ആചാര്യസ്വാമികളോടുള്ള അകൃത്രിമമായ ഭക്തിയുടെയും ഫലമായി അദ്ദേഹത്തിന്റെയുംമററുപല പ്രധാനഭാഷാസാഹിത്യനായകന്മാരുടേയും ആലോചനാപൂർവ്വകമായ സങ്കല്പകല്പനാശക്തിയുടെ സന്താനമെന്നനിലയിൽ ഉണ്ടായിട്ടുള്ളതാണെന്നാകുന്നു ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ളത്. പാരിജാതം വഴിയായി വീണ്ടും അതു സഹൃദയസമക്ഷം പ്രദർശിപ്പിക്കുവാൻ സൌകര്യമുണ്ടാക്കിത്തന്ന ശ്രീ. ചിററൂർ വലിയതച്ചാട്ടു കരുണാകരമേനോനോടു ഞങ്ങൾ ഹാർദ്ദമായി നന്ദിപറഞ്ഞുകൊള്ളുന്നു.

## വ്യവസായം.

തീവണ്ടിനിർമ്മാണശാല:— 1955-ാമാണ്ടാവുമ്പോഴേയ്ക്കു ഇന്ത്യയ്ക്കു തീവണ്ടികളെസംബന്ധിച്ചേടത്തോളം പരാശ്രയനിലകൂടാതെ കഴിപ്പാനിടവരുമെന്നാണാശിക്കപ്പെടുന്നത്. ഉത്തരേന്ത്യയിൽ ആസൻസോളിൽനിന്നു 20 നാഴിക ദൂരമുള്ള മിഹിജാം എന്ന പ്രദേശത്തു ഒരു തീവണ്ടിനിർമ്മാണശാല തുടങ്ങിയിട്ടുണ്ടല്ലൊ. 1950 ആവുമ്പോഴെയ്ക്കും അതിന്റെ പണി പൂർത്തിയാവും. ഈ തീവണ്ടി നിർമ്മാണശാലപ്പണിയിൽ സഹായിപ്പാൻ ജൎമ്മൻകാർ, ഇററലിക്കാർ എന്നുമാത്രമല്ല മററുവിദേശികളായ ചില വിദഗ്ദ്ധന്മാർകൂടി ഉണ്ടാകുവാനിടയുണ്ട്. ഗതാഗതവിഷയത്തിൽ ഇന്നു ഇന്ത്യയിൽ ഒട്ടാകെ അനുഭവപ്പെടുന്ന അസൌകര്യം ഈ നിലയ്ക്കു വളരെ കാലതാമസം കൂടാതെ തീരുമെന്നറിയുന്നതു സന്തോഷാവഹമായ ഒരു സംഗതിയാണ്.

* * * * *

കപ്പൽനിർമ്മാണസങ്കേതം:—കൽക്കത്തയ്ക്കടുത്തു ഒരു കപ്പൽ നിർമ്മാണസങ്കേതമുണ്ടാക്കുന്നതിനെസംബന്ധിച്ചുള്ള ആലോചനകൾ ഇതിനിടെ കൽക്കത്ത പോർട്ട് ട്രസ്റ്റു പ്രതിനിധികളും, പശ്ചിമബംഗാൾ ഗവൎമ്മെണ്ടിന്റെ വ്യവസായഡിപ്പാർട്ടുമെണ്ടു മേലധികാരികളും തമ്മിൽ നടക്കുകയുണ്ടായി. ഇതു സംബന്ധിച്ചു പശ്ചിമബംഗാൾ ഗവൎമ്മെണ്ടു ഇന്ത്യാഗവൎമ്മെണ്ടിനെ സമീപിച്ചിരിക്കുന്നു. കേന്ദ്ര ഗവൎമ്മെണ്ടിന്റെ ആലോചനയ്ക്കായി ഈ വിഷയത്തിൽ ഒരു പദ്ധതി തയ്യാറാക്കി സമർപ്പിക്കുവാൻ എല്ലാഒരുക്കവും ചെയ്തിട്ടുണ്ട്. കടൽസഞ്ചാരവിഷയത്തെ സംബന്ധിച്ചേടത്തോളം, ഈ പദ്ധതി പ്രായോഗികമാകുന്നപക്ഷം ഇന്ത്യക്കു അതു ഒരു ഗണ്യമായ നേട്ടമായിത്തീരുവാനിടയുണ്ട്.

## ജനഗണമന

പാഠശാലകളിൽവെച്ചു പൊതുയോഗങ്ങളും മററും കൂടുമ്പോഴും, വിദ്യാലയദിനാഘോഷം തുടങ്ങിയ യോഗങ്ങളും മററും നടത്തുമ്പോഴും "ജനഗണമന" എന്ന ദേശീയഗാനം പാടേണ്ടതു യോഗാവസാനത്തിലാണെന്നു മദിരാശി ഗവൎമ്മെണ്ടു ഇതിനിടെ പുറപ്പെടുവിച്ച ഒരു ഉത്തരവിൽ പ്രസ്താവിച്ചിരിക്കുന്നു. "വന്ദേമാതരം" തുടങ്ങിയഗാനങ്ങൾ പാടുന്നതു "ജനഗണമന"യ്ക്കു മുമ്പുവേണമെന്നനിർബ്ബന്ധമുണ്ട്. എന്നാൽ അതിനു ശേഷം യാതൊരുഗാനവും പാടിക്കൂട. പാഠശാലകളിൽ പഠിപ്പാരംഭിക്കുന്നതിനുമുമ്പ് ഏതെങ്കിലും പ്രത്യേകതരത്തിലുള്ള പ്രാൎത്ഥന നടത്തണമെന്നു നിർബ്ബന്ധമില്ല. ആവക സംഗതികളിൽ പാഠശാലകളിലെ പ്രധാനാദ്ധ്യാപകന്മാർ തങ്ങളുടെ അഭിപ്രായഗതിയനുസരിച്ചു വേണ്ടതു ചെയ്യാവുന്നതാണ്.

---

ആമോദം,വിബുധവരേ,ഷ്പതീവകർവ്വ-
ന്നാരോദ്ധ്യോ,പ്യബുധജനൈ,രപിപ്രഭാവാൻ
ആഹ്ളാദം,വിവിധചരിത്രതഃ,പ്രതനപാൻ
പൂർണ്ണാബ്ജോ,വലസതി,പാരിജാതബാലഃ.

(ശ്രീ. കെ. അച്യുതജ്യോത്സ്യർ)